
Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 29 | 1956 ഫെബ്രുവരി 1—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മകരം 18 | ലക്കം 25




(തിരുനാൾ ജനുവരി 29)

## കത്തോലിക്കാപ്രസിദ്ധീകരണപ്രചാരണം

"പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നു. സൽഗ്രന്ഥം വായിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നു"—വിശുദ്ധ അഗുസ്തീനോസ്".

ആധുനികലോകത്തിൽ നിഷിദ്ധങ്ങളായ പത്രമാസികകൾവഴി പിശാചു് ലക്ഷോപലക്ഷങ്ങളോടു ഇടവിടാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണു്" എന്നുള്ള വസ്തുത ആർക്കെങ്കിലും നിഷേധിക്കുവാൻ സാധിക്കുമോ? ഇതിനു നിങ്ങൾ എന്തു പ്രതിവിധി ചെയ്യുന്നു? കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ധാരാളമായി പ്രചരിപ്പിച്ചു ദൈവസ്വരം അവയിലൂടെ അവർ കേൾക്കുന്നതിനു ഇടയാകത്തക്കവണ്ണം നിങ്ങൾ പരിശ്രമിക്കുന്നുണ്ടോ? നമ്മുടെ പല ഗ്രന്ഥാലയങ്ങളിൽനിന്നും വായനശാലകളിൽനിന്നും നിരന്തരം ബഹിർഗമിച്ചുകൊണ്ടിരിക്കുന്ന മലീമസമായ ആശയങ്ങളുടെ പ്രവാഹത്തെ തത്തുല്യം ശക്തിമത്തായ കത്തോലിക്കാപ്രസിദ്ധീകരണപ്രചാരണത്താൽ നാം പ്രതിരോധിക്കേണ്ടതല്ലേ? കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണമാസമായ ഫെബ്രുവരിമാസം അതിനുള്ള ഉത്തമാവസരമാണു്".




## അദ്ധ്യായം 13 [തുടർച്ച]

## "ഓ, ജറുസലേം, പ്രവാചകരെ വധിക്കുന്ന ജറുസലേം"

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

വെളുത്ത ശ്മശ്രുനിരയാൽ അലംകൃതമായ പ്രൗഢതയുള്ള ഭാഷിച്ച മുഖം അന്നാസുയർത്തി തന്റെ കരം തെല്ലൊന്നു ചലിപ്പിച്ച് തനിക്കെന്തോ സംസാരിപ്പാനുണ്ടെന്നദ്ദേഹം സദസ്യരെ അറിയിച്ചു. കയ്യഫാസിന്റെ അഭിപ്രായം ശ്വശുരന്റെ ആനുകൂല്യമില്ലെങ്കിൽ സ്വീകരിക്കപ്പെടുകയില്ലെന്നറിയാമായിരുന്ന പുരോഹിതവൃന്ദം അന്നാസു് പറയുന്നതു കേൾക്കുവാൻ ഉത്സാഹം പ്രകടിപ്പിച്ചു.

പ്രായാധിക്യത്തെ പരാജയപ്പെടുത്തിയ സുവ്യക്തവും സുസ്ഥിരവുമായ സ്വരത്തിൽ അന്നാസു് സംസാരിച്ചുതുടങ്ങി: "പ്രസ്ഥാനത്തെ തുടർന്നു നാം സഹായിക്കേണ്ടതാണെന്നത്രെ എന്റെ പക്ഷം. ബറാബാസിനെ റോമന്മാരുടെ പിടിയിൽ ഏല്പിച്ചുകൊടുക്കുന്നതിൽ ഞാൻ അനുകൂലിയല്ലാ. ഞാൻതന്നെ ബറാബാസിനെ കാണുകയും അയാളോടു സംസാരിക്കുകയും ചെയ്തിട്ടുണ്ടു്. കണ്ടിടത്തോളം അസംതൃപ്തിക്കു കാരണമില്ല. അയാൾ ഒരു നല്ല യോദ്ധാവും എല്ലാററിനും പുറമെ ഒരുത്തമപുരുഷനുമാണു്. ഒരു സമരായസ്ത്രീക്കു അയാളുടെ മാതൃത്വം സംഭവിച്ചു വെന്നതു് ഇസ്രായേല്യരെ അപേക്ഷിച്ചു് കൂടുതൽ യഹൂദത്വം പ്രകടിപ്പിക്കുവാൻ അയാൾക്കു പ്രേരണ നൽകുന്നു. യൂദാ ബെൻ യാക്കോബിനു സമർത്ഥനായ ഒരു സൈന്യകോപദേഷ്ടാവിനെ നൽകണമെങ്കിൽ—ഇൗകാര്യം ദീർഘകാലമായി എന്റെ ആലോചനയിൽപെട്ടിട്ടുള്ളതാണു്—എന്തുകൊണ്ടു് ആ സ്ഥാനം ബറാബാസിനു കൊടുത്തുകൂടാ? ആ സ്ഥാനലബ്ധിക്കു് കൂടുതൽ യോഗ്യതയുള്ള ഒരാളെ ഞാൻ കാണുന്നില്ല. റോമന്മാർ ബറാബാസിനെ കുരിശിലേററിയാൽ നമുക്കെന്തു ഗുണമാണു് ലഭിക്കുക? തീർച്ചയായും അയാൾ ആയുഷ്മാനായിരിക്കുകയാണു് മൃതനാകുന്നതിലും ഗുണപ്രദം. ആ കാര്യം ആലോചിക്കുവിൻ." ഇത്രയുമായപ്പോൾ കയ്യഫാസ് ശ്വശുരനോടായിട്ടു ചോദിച്ചു: "അഭിവന്ദ്യനായ പിതാവേ, നാം ബറാബാസുമായി സമ്പർക്കം പുലർത്തണമെന്നു തന്നെയാണോ അവിടുത്തെ അഭിമതം?"

"നാം സംഭാവന ചെയ്യു അതു് മെല്ലാം വ്യർത്ഥമാകാതിരിക്കണമെങ്കിൽ മററു മാർഗ്ഗമില്ലതന്നെ" അന്നാസു് മറുപടിപറഞ്ഞു.

സമ്മേളനശാലയിൽ ഏതാനും നിമിഷത്തേക്കു് ശ്മശാനനിശ്ശബ്ദത വ്യാപിച്ചു. അനന്തരം പ്രഥമഗണത്തിൽപെട്ട സെബുലോൻ എന്ന വൃദ്ധപുരോഹിതൻ തന്റെ വലതു വടിയിൽ പിടിച്ചു കൈയ് സംസാരിക്കുവാൻ ആഗ്രഹിക്കുന്ന ഭാവത്തിൽ ഉയർത്തി. സെബുലോൻ ശതാബ്ദപൂർത്തി കഴിഞ്ഞ പുരോഹിതനായിരുന്നു. നടക്കുവാൻ ഓരോ കൈയിലും ഊന്നുവടിയുടെ സഹായം അദ്ദേഹത്തിനാവശ്യമായിരുന്നുവെങ്കിലും പുരോഹിതന്മാരുടെ—പ്രത്യേകം അവരിൽ പ്രായം കൂടിയവരുടെ—ഭക്തിബഹുമാനഭാജനമായിരുന്നു സെബുലോൻ. വളരെ ദൈവഭക്തനും സരളഹൃദയനും ആയിരുന്ന ഇദ്ദേഹം ആ ഗണത്തിൽ അനന്യതംകൂടാതെ കഴിഞ്ഞ ചുരുക്കം ചിലരിൽ ഒരുവനായിരുന്നു. വികാരതരളിതമായ സ്വരത്തിൽ അദ്ദേഹം വിങ്ങി വിങ്ങി പറഞ്ഞു: "ഭീജനകമായ ഈദൃശകാര്യങ്ങളെപ്പററി ഞാൻ ജീവിതത്തിൽ ആദ്യമായി കേൾക്കുന്നു. വിപ്ലവം! പെരുങ്കള്ളനും കൊലപാതകിയും നേതൃപദത്തിൽ! വിപ്ലവസംരംഭങ്ങൾക്കു് പുരോഹിതവൃന്ദം സഹായസഹകരണം നൽകുന്നു! നാം ആ നേതാവിനു പണം കൊടുക്കുന്നു! ആ മനുഷ്യന്റെ വധത്തെപ്പററി പ്രധാനാചാര്യൻ കയ്യാഫാസ് പ്രസ്താവിക്കുന്നു! ഇൗവക കാര്യങ്ങളും ദേവാലയത്തിലെ ജോലിയും ഈശ്വരസേവാധർമ്മവും തമ്മിൽ എന്തു ബന്ധമാണുള്ളതു്? നാം ഏതു ലക്ഷ്യത്തിലേക്കു് നീങ്ങുകയാണു്? പടുകിഴവനായ ഞാൻ പല കാര്യങ്ങളും കണ്ടിട്ടുണ്ടു്. എന്റെ ദിവസങ്ങളുടെ അന്തിമഘട്ടത്തിൽ കർത്താവിന്റെ പുരോഹിതന്മാർ ദുർവൃത്തിയുടെ വഴിയിൽക്കൂടി സഞ്ചരിക്കുന്നതു് എന്റെ കണ്ണുകൾ കാണണമെന്നുണ്ടോ? ആസന്നമായ ആപത്തിനെപ്പററി ഞാൻ പ്രബോധനം......"

വൃദ്ധനെ തടഞ്ഞുകൊണ്ടു് അന്നാസ് ഇങ്ങനെ പ്രസ്താവിച്ചു: "സെബുലോൻ റാബി, തങ്കൾ തങ്കൾക്കു പരിചയമില്ലാത്ത വിഷയമാണു് പ്രതിപാദിക്കുന്നതു്. ഇസ്രായേൽജനത വിദേശികളുടെ ഭരണം ദൂരെയെറിയുകയും അവിശ്വാസികളുടെ നുകത്തിൽനിന്നു് മോചനം പ്രാപിക്കുകയും ചെയ്യുന്ന കാര്യമാണു്, ഇവിടെ ചർച്ചാവിഷയം. ആ ഉദ്ദേശ്യം സെബുലോൻ റാബി, പ്രാർത്ഥനകൾകൊണ്ടും കർത്താവിന്റെ പീഠത്തിന്മേൽ അർപ്പിക്കപ്പെടുന്ന ബലികൾകൊണ്ടും മാത്രം പ്രാപ്യമല്ലാ, പ്രത്യുത, ധീരകൃത്യങ്ങൾകൊണ്ടാകുന്നു. കർത്താവു് ഉപകരണമല്ലാ, ചിത്തശുദ്ധിയാണു് വീക്ഷിക്കുന്നതു്. തിരഞ്ഞെടുക്കപ്പെട്ട സ്വന്തം ജനത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയെക്കാൾ കർത്താവിനു കൂടുതൽ ഹൃദ്യമായിട്ടു് തൊന്നുന്നതാകുമോ? സ്വാതന്ത്ര്യസമരത്തിൽ ദുർവൃത്തിയെന്നൊന്നില്ല. നാം മററു സാഹചര്യങ്ങളിൽ വെറുക്കുന്ന കൃത്യങ്ങൾ ലക്ഷ്യമൂലം പവിത്രീകൃതങ്ങളാകുന്നു."

വൃദ്ധപുരോഹിതന്മാർ തമ്മിൽ നടന്ന ഈ സംഭാഷണത്തെ സന്നിഹിതരായിരുന്ന പുരോഹിതന്മാർ ശ്വാസരോധപൂർവ്വം കേട്ടു. വെറും ഒരു വാഗ്സമരമല്ലാ അവിടെ നടന്നതെന്നു് അവർക്കറിയാമായിരുന്നു. "പ്രധാനാചാര്യ" പാരമ്പര്യമുള്ള സ്വകുടുംബത്തിന്റെ പ്രശസ്തി പരിപാലിക്കുവാനുള്ള ശ്രമമാണു് അന്നാസ് നടത്തിയതു്. സേത്തിന്റെ പുത്രൻ അന്നാസ് മുഖ്യപുരോഹിതപദത്തിൽനിന്നു വിരമിച്ചിട്ടു നീണ്ട പതിനേഴു സംവത്സരങ്ങൾ കഴിഞ്ഞിരുന്നുവെങ്കിലും അവരെല്ലാവരും അദ്ദേഹത്തെ അപ്പോഴും "മുഖ്യപുരോഹിതൻ" എന്നു് അഭിസംബോധനം ചെയ്യുകയും യഹൂദമതം സംബന്ധിച്ച പ്രധാന കാര്യങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിനു് വിധേയരാകുകയും ചെയ്തിരുന്നു. അന്നാസിന്റെ അഞ്ചു പുത്രന്മാർ അനുക്രമം മുഖ്യപുരോഹിതസ്ഥാനം വഹിച്ചു് അധികാരം പ്രയോഗിച്ചതിനുശേഷം ഇപ്പോൾ പുത്രീഭർത്താവു്, കയ്യാഫാസ് ആ ഉദ്യോഗത്തിലിരിക്കുന്നതുമാണു്. അന്നാസിനെ എതിർത്തു വാദിക്കുവാനോ അന്നാസിന്റെ പ്രശസ്തിക്കു് കോട്ടം വരുത്തുവാനോ ആരും തുനിഞ്ഞിട്ടുമില്ല.

For favours received



Mrs. Mary Sebastian
Trichur

ഏതായാലും സെബുലോൻ തനിക്കു താൻ പോരും എന്ന ഭാവമാണു് സ്വീകരിച്ചതു്. അന്നാസിന്റെ സംസാരമദ്ധ്യേ സെബുലോൻ അവജ്ഞാസൂചകമായി തലകുലുക്കിക്കൊണ്ടിരുന്നു. അന്നാസ് പറഞ്ഞുനിറുത്തിയപ്പോൾ സെബുലോൻ സംഭാഷണം തുടങ്ങി: "അന്നാസ്, വിശുദ്ധ ഗ്രന്ഥങ്ങളിൽ എവിടെയാണു് അങ്ങനെയെഴുതിയിരിക്കുന്നതു്? പ്രതീകാരം ദൈവത്തിന്റേതാണെന്നുള്ള ദൈവവചനം നാം ഇനിമേൽ അനുസരിക്കേണ്ടതില്ലെന്നാണോ അങ്ങു് സ്ഥാപിക്കുന്നതു്? കർത്താവിനെ സേവിക്കുന്നതിലുള്ള ഭക്തിയും ഉത്സാഹവും മാത്രമേ നമുക്കു് രക്ഷനൽകുകയുള്ളു. കോഴകൊണ്ടു് സ്വാധീനത്തിൽ വന്ന കൊലപാതകികളുടെയും കവർച്ചക്കാരുടെ രക്തപങ്കിലമായ കരങ്ങളല്ലാ."

സെബുലോൻ റാബിയുടെ വിപ്രതിഷേധത്തെ തട്ടിമാററാനെന്നോണം അന്നാസ് കൈയുയർത്തി, വാദംതുടങ്ങി: "തപോജപങ്ങൾ, ദാനധർമ്മങ്ങൾ, ബലികൾ, ഇവകൊണ്ടു് നമ്മുടെ സമുദായത്തിന്റെ ശത്രുക്കളെ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കുവാൻ നാം ശക്തരാകുകയില്ല. വിദേശമേധാവിത്വം, ഈ അവിശ്വാസിപ്പരിഷയുടെ മേൽക്കോയ്മ ശാരീരികമായ ബന്ധനം മാത്രമല്ല, പ്രമാണത്തോടുള്ള ജനങ്ങളുടെ വിധേയത്വത്തിനു് ഹാനിപോലും, ഉളവാക്കുന്നുണ്ടു്. യഹോവായുടെ ജനങ്ങൾ അവരുടെ വിനാശത്തിനു് പ്രേരണ നൽകുന്ന രണ്ടു വിപത്തുകളാൽ തർജ്ജിതരായിരിക്കുന്നു. ഈ വിപത്തുകളുടെ മൂലകാരണം റോമന്മാരത്രെ."

സെബുലോൻ റാബി തടുത്തുപറഞ്ഞു "എന്താ നമ്മുടെ മതം ആദരിക്കപ്പെടുന്നില്ലേ?"

അന്നാസ് വക്താവിന്റെ നേർക്കു രോഷപൂർവ്വം ദൃഷ്ടി എറിഞ്ഞുകൊണ്ടു സമാധാനം നൽകി: "നമ്മുടെ മതം ആദരിക്കപ്പെടുന്നുണ്ടു്. പക്ഷെ, റോമാചക്രവർത്തി മര്യാദക്കാരനായിരിക്കുന്നതാണു് കാരണം. നമ്മുടെ ഈശ്വരസേവാധർമ്മം അങ്ങു് പഠിഞ്ഞാറു്, റോമായിൽ, ഭരണാദ്ധ്യക്ഷനായി കഴിയുന്ന ഒരാളുടെ ഹിതാഹിതങ്ങളെ ആശ്രയിച്ചിരിക്കണമെന്നാണോ ഭാവം? ഇപ്പോഴത്തെ ചക്രവർത്തിയുടെ പിൻഗാമി നമ്മുടെ ദേവാലയത്തിൽ ശാപഃയോഗ്യങ്ങളായ പുറജാതി വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുകയില്ലെന്നെന്താണുറപ്പു്? ആ വക വിഗ്രഹങ്ങൾക്കു നാം ബലിയർപ്പിക്കേണമെന്നാജ്ഞയുണ്ടാകുകയില്ലെന്നെന്താണു നിശ്ചയം? നമ്മുടെ സമുദായത്തിന്റെയും ഇസ്രായേലിൻദൈവത്തിന്റെയും ശത്രുക്കളോടു അനുരഞ്ജനത്തിൽ കഴിയുന്ന ഇസ്രായേല്യർ ഈ വിശുദ്ധനഗരത്തിൽതന്നെ ഒട്ടുവളരെയില്ലേ? റോമൻബന്ധമെന്ന ഈ മഹാമാരിക്കറുതിവരുത്തുവാൻ പ്രവർത്തിക്കാത്തപക്ഷം നാം തീർച്ചയായും പാഷണ്ഡതകൾക്കു് വാതിൽ തുറന്നുകൊടുക്കുകയത്രെ ചെയ്യുന്നതു്. ഇസ്രായേലിനു ഏകരക്ഷാമാർഗ്ഗം യുദ്ധമാണു്. യുദ്ധത്തിനു ഭടന്മാർ ആവശ്യവുമാണു്. ഇതുകൊണ്ടാണു് ഞാൻ യോദ്ധാവായ ബറാബാസിനെ അനുകൂലിക്കുന്നതു്. "നിങ്ങളുടെ ശത്രു ഖഡ്ഗത്താൽ നിങ്ങളുടെ മുമ്പിൽ വീഴും" എന്നു് എഴുതിയിട്ടുണ്ടു്. ഇസ്രായേലിന്റെ ഖഡ്ഗം ഈ ബറാബാസായിരിക്കണം."

അന്നാസ് സംസാരം നിറുത്തി. സെബുലോൻ റാബിക്കു് മറുപടിപറയുവാൻ അവസരം കൊടുത്തതല്ല. മററു പുരോഹിതന്മാർ അന്നാസിന്റെ ആശയങ്ങൾ ഏതുവിധം ആദരിക്കുന്നുവെന്നു നിരീക്ഷണം ചെയ്യുവാൻ സൗകര്യം സമ്പാദിക്കുക ആയിരുന്നു. അവരിൽ ചിലർ സെബുലോനെ ആദരപൂർവ്വം കടാക്ഷിച്ചുവെങ്കിലും ഭൂരിപക്ഷം അന്നാസിന്റെ മുഖത്തുനിന്നു കണ്ണു പറിക്കാതെതലകുലുക്കി അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. പുരോഹിതന്മാർ തന്നെ അനുകൂലിക്കുമെന്നു വന്നപ്പോൾ സെബുലോൻ റാബിയുടെ പ്രതിഷേധം അന്നാസ് ഗൗനിച്ചില്ല. സെബുലോൻ വീണ്ടും വാദിച്ചു: "നമ്മുടെ ശത്രുക്കൾ വാളാൽ വീഴുമെന്നു എഴുതപ്പെട്ടിട്ടുണ്ടു്. ശരിതന്നെ. എന്നാൽ അതു "നിങ്ങൾ എന്റെ വ്യവസ്ഥകൾ പാലിക്കുകയും കല്പനകൾ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുമ്പോൾ" മാത്രമാണു്. കൊലപാതകികളെ വിലയ്ക്കു വാങ്ങുക കല്പനയനുസരിച്ചുള്ള ജീവിതമല്ലല്ലോ. അന്നാസ്, നീങ്ങൾ പറയുന്നു റോമിലുള്ള ആളുകൾ നമ്മുടെ മതത്തെ ദ്രോഹിക്കുമെന്നു്. ആ പ്രയോഗം ഇതിനുമുമ്പും ഉണ്ടായിട്ടില്ലെ? നമ്മുടെ ആളുകളിൽ അസംഖ്യം സത്യദൈവത്തിന്റെ പേരിലുള്ള അവരുടെ ഭക്തി തങ്ങളുടെ രക്തം ചിന്തി പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ളതല്ലേ നമ്മുടെ മതത്തിന്റെ മഹാവിജയങ്ങളിലൊന്നു്?"

ഇത്രയുമായപ്പോൾ ഈ വാദപ്രതിവാദം വിശുദ്ധ ഗ്രന്ഥത്തിലെ വാക്യങ്ങളെ വ്യാഖ്യാനിക്കുന്ന തർക്കത്തിന്റെ രീതിയിൽ പുരോഗമിക്കുന്നതായി മുഖ്യപുരോഹിതൻ കയ്യഫാസിനു തോന്നി. അങ്ങനെയുള്ള തർക്കത്തിനെ മുണ്ടാകുക പ്രയാസമാണെന്നുള്ള സംഗതിയും ആ സ്ഥാനി അനുസ്മരിച്ചു. സമ്മേളനം പ്രയോഗികവശത്തിലൂടെ നയിക്കണമെന്നായിരുന്നു കയ്യഫാസിന്റെ ആഗ്രഹം. ആകയാൽ അദ്ദേഹം അഭിപ്രായപ്രകടനത്തിനു മതിന്നിങ്ങനെ പറഞ്ഞു: "സെബുലോൻറാബി അങ്ങയുടെ ദൈവഭക്തിക്കും വ്യഗ്രതയ്ക്കും നമസ്കാരം. എന്നാൽ അങ്ങയുടെ അലൗകികമായ ചിന്തകൾക്കു അന്യമായ സംഗതികൾ പലതുണ്ടു്. എന്റെ പ്രിയ ശ്വശുരൻ പറയുകയുണ്ടായല്ലൊ, നമ്മുടെ ജനതയെ ഭീഷണിപ്പെടുത്തുന്ന രണ്ടു വിപത്തുകളിൽ ഒന്നു റോമന്മാരാണെന്നു്. രണ്ടാമത്തേതെന്താണെന്നു ഞാൻ അദ്ദേഹത്തോടൊന്നു ചോദിച്ചുകൊള്ളട്ടെ"

ജാമാതാവു് ഉപയോഗിച്ച അടവു് അന്നാസിനെ പ്രസാദിപ്പിച്ചു. ശ്വശുരൻ സംഭാഷണം തുടർന്നു: "രണ്ടാമത്തേതായിരിക്കാം ഗുരുതരമായ വിപത്തു്. അതു് നസ്രത്തിലെ ഈശോ തന്നെ."

പുരോഹിതന്മാർ ആവേശപൂർവം സ്വസ്ഥാനങ്ങളിൽ ഇളകി ഇരിപ്പുറപ്പിച്ചു. ബറാബാസിനെ സംബന്ധിച്ചിടത്തോളം അവരുടെയിടയിൽ രണ്ടഭിപ്രായമുണ്ടായിരുന്നുവെങ്കിലും ഈശോയുടെ കാര്യത്തിൽ അവരെല്ലാവരും തന്നെ ഏകാഭിപ്രായക്കാരായിരുന്നു. എന്നിരുന്നിട്ടും സെബുലോൻ റാബി സ്വാഭിപ്രായം പ്രകടിപ്പിച്ചു.

"ആ നീതിമാനു വിരുദ്ധമായി അങ്ങേക്കെന്തു പറയുവാനുണ്ടു്?" അദ്ദേഹം ചോദിച്ചു.

ഈ പ്രാവശ്യവും എതിർവാദി അന്നാസായിരുന്നു. "സെബുലോൻ റാബി, ആ മനുഷ്യനെ നീതിമാനെന്നു കരുതുകയാണോ നിങ്ങൾ? കൊള്ളാം. നിങ്ങളുടെ ആശയം വെളിപ്പെടുത്തിയതേതായാലും നന്നായി. ഈ ദേവാലയത്തിലെ പുരോഹിതന്മാരിൽ നിങ്ങൾ മാത്രമല്ല, വഞ്ചകനും ദൈവദൂഷകനും ജനദ്രോഹിയുമായ പ്രസ്തുത നസ്രായന്റെ പേരിൽ ദാക്ഷിണ്യപൂർവ്വം വർത്തിക്കുന്നതെന്നു ഞാൻ ഗ്രഹിച്ചിട്ടുണ്ടു്. പ്രക്ഷോഭകരമായ അയാളുടെ തത്വങ്ങളിൽ നിങ്ങൾ സുശിക്ഷിതനാണെന്നും എനിക്കറിയാം."

"ഞാൻ അതു നിഷേധിക്കുന്നില്ല. എനിക്കദ്ദേഹത്തിന്റെ ഉപദേശങ്ങൾ നല്ലവണ്ണമറിയാം. അവയിൽ തെറെറാന്നുമില്ലതാനും."

(ശേഷം 11-ാം പേജിൽ)



# സുറിയാനി കത്തോലിക്കരും ഈശോസഭയും

[പി. വടക്കേൽ, എസ്. ജെ.]

കേരളീയസഭയുടെ സംഭവബഹുലമായ ചരിത്രത്തിന്റെ നീണ്ടനീണ്ട ഏടുകൾ നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നവർക്ക് ദർശിക്കാം, ഏറെ വേദനയോടുകൂടിയല്ലാതെ സ്മരിക്കുവാൻ കഴിയാത്ത ചില വസ്തുതകൾ. അവകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്, കേരളസഭ നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടുവെന്നും, 16-ാം ശതാബ്ദത്തിൽ പോർത്തുഗീസ് മിഷനറിമാരാണ് സഭയെ ഏതത്പാഷണ്ഡതയിൽനിന്ന് മോചിപ്പിച്ചതെന്നുമുള്ള വാദഗതി. ഈ വാദഗതി എത്ര അവാസ്തവമാണെന്നുള്ളതിന് ചരിത്രരേഖകൾതന്നെ സാക്ഷ്യംനൽകുന്നുണ്ട്. 1599 ജൂൺമാസം 20-ാംനു നടന്ന പ്രശസ്തമായ ഉദയംപേരൂർ സൂനഹദോസ് വരെ കേരളീയസഭയുടെ സത്യവിശ്വാസപാരമ്പര്യത്തെപ്പററി ആരെങ്കിലും സംശയം പുറപ്പെടുവിച്ചതായി രേഖകളൊന്നും കാണുവാനില്ല. പ്രത്യുത, കേരളീയസഭയും അതിലെ അംഗങ്ങളായ "മാർത്തോമ്മാക്രിസ്ത്യാനികളും" സത്യവിശ്വാസത്തിലും റോമ്മാ തിരുസിംഹാസനത്തോടുള്ള പരിപൂർണ്ണവിധേയത്വത്തിലും സദാപി നിലനിന്നുവെന്നുള്ളതിന് ചരിത്രരേഖകൾ അനവധിയുണ്ട്. വി. ഫ്രാൻസീസ് സേവ്യർ ക്രി. വ. 1549-ൽ പോർത്തുഗൽരാജാവിനു് എഴുതിയ കത്ത്; പീയൂസ് നാലാമൻ മാർപ്പാപ്പ 1655-ൽ ബാബേൽ പാത്രിയർക്കീസിനെഴുതിയ കത്ത്; കൊച്ചിരാജാവ് 1576-ൽ പതിമൂന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പായ്ക്കു എഴുതിയ കത്ത്; അതിനുണ്ടായ മറുപടി; 1528-ൽ മാർത്തോമ്മാക്രിസ്ത്യാനികൾ പതിമൂന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പായ്ക്കു അയച്ച ഹർജി; സ്പെയിൻകാരനായ ഫാദർ മോൺസെറാററ് ഈശോസഭാ ജനറലിന് 1579-ൽ അയച്ച കത്ത് മുതലായവ പ്രസ്താവിതരേഖകളിൽ ചിലതുമാത്രമാണ്. കൂടാതെ പോർത്തുഗീസ് വൈദികർ കൽദായസുറിയാനിദേവാലയങ്ങളിൽ പോയി ദിവ്യബലി അർപ്പിക്കുകയും, അവരും അൽമായരും സുറിയാനിദേവാലയങ്ങളിലെ പെരുന്നാളുകളിൽ സംബന്ധിക്കുകയുംചെയ്യുക സാധാരണയായിരുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും പെട്ടെന്ന് ഒരഭിപ്രായവ്യത്യാസമുണ്ടായി. പോർത്തുഗീസുകാർ പറഞ്ഞുതുടങ്ങി, മാർത്തോമ്മാക്രിസ്ത്യാനികൾ നെസ്തോറിയന്മാരാണെന്ന്! ഈ അഭിപ്രായമാററത്തിനുള്ള കാരണങ്ങളെപ്പററിയോ, അതിന്റെ അനന്തരഫലങ്ങളെപ്പററിയോ ചർച്ചചെയ്യുന്നതിനു് ഈ ലേഖനം ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ഈ കാലസന്ധിയിൽ ഈശോസഭാംഗങ്ങളായി കേരളത്തിൽ ജോലിചെയ്തിരുന്ന മിഷനറിമാരുടേയും മെത്രാന്മാരുടേയും നിലപാടിനെ ചൂണ്ടിക്കാണിക്കുകയും, അവർ നേടിവച്ച പ്രതിഫലമെന്തെന്ന് ആരായുകയുമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

പോർത്തുഗീസുകാരും സുറിയാനിക്രിസ്ത്യാനികളും തമ്മിലുണ്ടായിരുന്ന മൈത്രി ക്രമേണ കുറഞ്ഞുവന്നു. കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളെ ഭരിക്കുന്നതിനായി കത്തോലിക്കാ പാത്രിയർക്കീസായ മാർ അബ്ദീശോയാൽ നിയുക്തനായ മാർ യൗസേപ്പ് മെത്രാപ്പോലീത്താ 1555-ൽ ഗോവായിൽ വന്നുചേർന്നു. കൊടുങ്ങല്ലൂർ സെമ്മിനാരിയിലെ ഏതാനും വൈദികവിദ്യാർത്ഥികൾക്കു പട്ടം കൊടുക്കുവാൻ അദ്ദേഹം വിസമ്മതിച്ചതു് പോർത്തുഗീസു് വൈദികരുടെ ഇടയിൽ വിദ്വേഷം ഉളവാക്കി. സീറിയൻ വൈദികരാകാനുള്ള അവർക്ക് സുറിയാനിഭാഷ അറിയാൻപാടില്ല എന്നുള്ളതായിരുന്നു പട്ടംകൊടുക്കാൻ വിസമ്മതിച്ചതിന്റെ കാരണം. അധികം കഴിയുന്നതിനുമുമ്പ് അദ്ദേഹത്തിൽ നെസ്തോറിയൻവിശ്വാസം ആരോപിക്കയും പോർത്തുഗീസുകാർ അദ്ദേഹത്തെ തടങ്കലിലിടുകയുംചെയ്തു. 1557ൽ അദ്ദേഹം വിമുക്തനായി പത്തുകൊല്ലം സഭയെ പ്രശംസനീയമാംവണ്ണം ഭരിക്കുകയുംചെയ്തു. പറങ്കികളുടെ മർദ്ദനംനിമിത്തവും അവരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയും മതാനുഷ്ഠാനകർമ്മങ്ങളിൽ പ്രധാനമായ ചില ആചാരവ്യത്യാസങ്ങൾ അദ്ദേഹം വരുത്തി. പൗരസ്ത്യരീതിയിലുള്ള വസ്ത്രങ്ങൾമാററി റോമൻരീതിയിലുള്ള തിരുവസ്ത്രങ്ങൾ ഉപയോഗിക്കണമെന്നു നിയമമാക്കി. പുളിച്ച അപ്പവും മുന്തിരിങ്ങാച്ചാറും ഉപേക്ഷിച്ച് പുളിക്കാത്ത അപ്പവും വീഞ്ഞും ഉപയോഗിക്കണമെന്നു കല്പിച്ചു. അക്കാലത്ത് സുറിയാനിക്രിസ്ത്യാനികളെ സന്ദർശിച്ച് അവരുടെ ആത്മീയകാര്യങ്ങൾ നടത്തിക്കൊണ്ടുപോന്ന ഈശോസഭാ മിഷനറി, ഫാദർ കാർണെയ്റോയെ

## ഉപകാരസ്മരണ

ബഃ അൽഫോൻസാമ്മയുടെ സഹായത്താലും വി. ഫിലോമിനായുടെ മാദ്ധ്യസ്ഥതാലും ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

M. O. Joseph Mukala
Kavikkunnu Palai

മാർ യൗസേപ്പ് മെത്രാപ്പോലീത്താ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുംചെയ്തു. എന്നാൽ ഈ മിഷനറിയുടെ അതിരുകവിഞ്ഞ ശുഷ്കാന്തിയും തീക്ഷ്ണതയുംകൊണ്ടായിരിക്കാം പില്ക്കാലത്തു് തന്റെ അപ്പസ്തോലികവേലകൾ ഉപേക്ഷിക്കേണ്ടതായി വന്നതു്.

മാർ യൗസേപ്പിന്റെ പിൻഗാമിയായി മാർ അബ്രാഹം കേരളത്തിൽ വന്നുചേർന്നു. ഇദ്ദേഹത്തിന്റെ പേരിലും നെസ്തോറിയത്വം ആരോപിക്കുവാൻ പോർത്തുഗീസുകാർ മടിച്ചില്ല. താമസിയാതെതന്നെ അദ്ദേഹത്തെ പോർത്തുഗലിലേക്കു പിടിച്ചുകൊണ്ടുപോകയുംചെയ്തു. മാർ അബ്രാഹത്തിന്റെ ഭരണകാലത്തു് ഈശോസഭാ വൈദികർ അങ്കമാലി അതിരൂപതയിൽ സ്വീകരിക്കപ്പെട്ടു. വയ്പിക്കോട്ട് അവർ ഒരു സെമ്മിനാരി സ്ഥാപിക്കുകയും വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ ആരംഭിക്കുകയുംചെയ്തു. കൂടാതെ രൂപതയുടെ പല ഭാഗങ്ങളിലും ചുററിനടന്ന് ജനങ്ങളെ ഉപദേശിക്കുകയും ഭക്തിമാർഗ്ഗങ്ങളിൽ അഭിവൃദ്ധിപ്പെടുത്തുകയുംചെയ്തു. മാർ അബ്രാഹം ഈ വൈദികരുടെ സഹായത്താൽ അക്കാലത്തു ഉപയോഗത്തിലിരുന്ന മതഗ്രന്ഥങ്ങളിൽ നുഴഞ്ഞുകയറിയിട്ടുണ്ടായിരുന്ന തെററുകളെ തിരുത്തിയതു് പ്രസ്താവയോഗ്യമാണ്. മരണശയ്യയിൽവച്ച് മാർ അബ്രാഹം ഉപദേശരൂപേണ ചെയ്ത പ്രസ്താവന ഏററം സ്മരണീയമാണ്. സാധരണീയരെല്ലാവരും റോമാമാർപ്പാപ്പായുടെ മേലധികാരത്തിനു് എപ്പോഴും അനുസരണയുള്ളവരായിരിക്കണമെന്നും. അങ്കമാലിരൂപതയിൽ പ്രേഷിതജോലിചെയ്യുന്ന ജസ്വീററു വൈദികരെ സകലരും നിർവ്യാജമായി അനുസരിക്കണമെന്നും അദ്ദേഹം സ്വവാത്സല്യഭാജനങ്ങളായ നസ്രാണികളോട് കല്പിക്കുകയുണ്ടായി. കൂടാതെ വയ്പിക്കോട്ടുസെമ്മിനാരിയുടെ അദ്ധ്യക്ഷനോട് അങ്കമാലിരൂപതയുടെ നേതൃത്വം വഹിക്കണമെന്ന് അഭ്യർത്ഥിക്കുകയുംചെയ്തു.

മാർ അബ്രാഹത്തിന്റെ മരണശേഷം കേരളസുറിയാനിസഭയുടെ മേൽ വീശിക്കൊണ്ടിരുന്ന കാററ് ഒന്നു മാറിവീണു. ഗോവാ മെത്രാപ്പോലീത്തായായിരുന്ന ഡോം മെനേസ്സിസിനു് പൗരസ്ത്യഭാഷകളേയും മതകർമ്മാനുഷ്ഠാനങ്ങളേയും പററി ഉണ്ടായിരുന്ന ഭീമമായ അജ്ഞതയും അവജ്ഞയും ഇതിനു അവസരമായി. സുറിയാനി നീക്കി തൽസ്ഥാനത്തു് ലത്തീൻഭാഷയെ പ്രതിഷ്ഠിക്കുകയാണ് ഉത്തമനായ ഒരു ഭരണകർത്താവിന്റെ കർത്തവ്യം എന്ന മനോഗതിയായിരുന്നു മെത്രാപ്പോലീത്തായുടേതു്. ഈ മനോഗതിയെ ചില പോർത്തുഗീസ് ജെസ്വീത്തു് വൈദികരും പിന്തുടർന്നു. അങ്ങനെ, ഗോവായുടെ ആശ്രിതത്വത്തിലും പോർത്തുഗീസ് മെത്രാന്മാരുടെ സഹായത്താലും ജെസ്വീത്തു് വൈദികർ സുറിയാനിക്കാരെ പോർത്തുഗീസ് മാർഗ്ഗങ്ങളിലേക്കു ആക്കുന്നതിനു് യത്നിച്ചു. ഈ തെററ് അവർ സമ്മതിച്ചേ തീരൂ. ഇതു ചരിത്രമാണ്. എന്നാൽ ഇതു വെറും തെററിദ്ധാരണകൊണ്ടു വന്നുകൂടിയതാണ്. യഥാർത്ഥത്തിൽ അവരിൽ പലരും ആഗ്രഹിച്ചതു് സുറിയാനി ക്രിസ്ത്യാനികളെ ബാബേലിന്റെ അധീനത്തിൽനിന്നു് വിടുർത്തി റോമ്മായുമായി നേരിട്ടു യോജിപ്പിക്കണമെന്നതായിരുന്നു. കൂടാതെ, കൽദായ സുറിയാനിഭാഷയിൽ നെസ്തോറിയൻ പഠനങ്ങൾ അടങ്ങിയ പുസ്തകങ്ങൾ പ്രചാരത്തിലിരുന്നതിനാലും വിദേശികൾ നസ്രാണികളിൽ നെസ്തോറിയത്വം ആരോപിച്ചതിനാലും, ഈ നസ്രാണികൾ നെസ്തോറിയൻ വിശ്വാസികൾ കൂടെയാണെന്നുള്ള ധാരണ ചില ജെസ്വീത്തു് വൈദികർ തങ്ങളുടെ തലമണ്ടകളിൽ കയററിവച്ചു. തലകൊണ്ടു ചിന്തിക്കേണ്ടിടത്തു് ഹൃദയംകൊണ്ടു ചിന്തിച്ചതിന്റെ ഫലമല്ലേ ഇതു്? നാട്ടിൽ ഇംഗ്ലീഷ പുസ്തകങ്ങൾ പ്രചാരത്തിലിരിക്കുന്നതുകൊണ്ടു ആ നാട്ടുകാരെല്ലാം പ്രോട്ടസ്റ്റൻറുകാരാകണമെന്നില്ലല്ലോ.

1599 മുതൽ 1653 വരെ മലങ്കരസഭയെ ഭരിച്ച മൂന്നു ഈശോസഭാമെത്രാന്മാരിൽ പ്രഥമനായ ഫ്രാൻസീസ് റോസ് ഒരു സുറിയാനി ഭാഷാപണ്ഡിതനും സുറിയാനിക്കാരോട് ഏററം അനുകമ്പയുള്ള ആളും ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികളായിവന്ന എസ്തപ്പാനോസ് ബ്രീട്ടോയും ഫ്രാൻസിസ് ഗാർസ്യായും മതാദ്ധ്യക്ഷന്മാരെന്ന നിലയിൽ നിർഭാഗ്യകരായിരുന്നെങ്കിലും, മലങ്കരസഭയുടെ കൽദായ മതാനുഷ്ഠാനങ്ങളെ മാററുന്നതിൽ ദത്തശ്രദ്ധരായിരുന്നു. അവർ, കഷ്ടാനുഭവവാരത്തിലെ പ്രാചീന കർമ്മങ്ങളുടെ സ്ഥാനത്തു് ലത്തീൻ കർമ്മങ്ങളുടെ സുറിയാനിതർജ്ജമ നടപ്പിലാക്കി. വിശുദ്ധ കർബാനയ്ക്കു്, നടപ്പുണ്ടായിരുന്ന പല അനുഷ്ഠാനങ്ങളും അവർ വ്യത്യാസപ്പെടുത്തി.

ഇതെല്ലാം സഹിക്കവയ്യാതെ നസ്രാണികൾ, നാല്പതു കൊല്ലമായി പോർത്തുഗീസ് ജെസ്വീത്തരുടെ അധീനത്തിൽ തങ്ങൾ അനുഭവിക്കുന്ന സങ്കടങ്ങൾ വളരെയാണെന്നു് കാണിച്ച് 1628-ൽ ലിസ്ബണിൽ താമസിച്ചിരുന്ന മാർപ്പാപ്പായുടെ പ്രതിനിധിക്ക് കത്തയച്ചു. അനുകൂലമറുപടിയോ, നടപടികളോ, കാണാതെ വിഷമിച്ച്, പോർത്തുഗൽ മഹിപാലന്റെ സന്നിധിയിലും കൽദായ പാത്രിയർക്കീസിന്റെ മുൻപാകെയും അവർ സങ്കടങ്ങൾ ബോധിപ്പിച്ചു.

ഈ കാലസന്ധിയിലാണ്—1652-ാമാണ്ടിന്റെ ആരംഭത്തിൽ—ഇഗ്നാത്തിയോസ് അഹത്തള്ളാ കേരളക്കരയിൽ വന്നുചേർന്നതു്. "നമ്മുടെ നാഥനായ മാർപ്പാപ്പായിൽനിന്നു് സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു" എന്നു് അദ്ദേഹം പ്രസ്താവിച്ചു. കത്തോലിക്കാവിശ്വാസത്തെ വെടിയാതെ പൗരസ്ത്യാരാധനകർമ്മങ്ങളെ പരിപാലിച്ചുകൊണ്ടു പോരത്തക്കവിധത്തിൽ മാർപ്പാപ്പായാൽ നിയുക്തനായ ഒരു വൈദികാദ്ധ്യക്ഷനെ തങ്ങൾക്കു ലഭിച്ചതിൽ മലങ്കരസഭ മുഴുവൻ ആഹ്ളാദിച്ചു. എന്നാൽ പറങ്കികൾ അദ്ദേഹത്തെ കപ്പൽ കയററി ഗോവയിലേക്കു അയച്ചു. ഇതു ജെസ്വീത്തു വൈദികരുടെ പ്രവൃത്തിയാണെന്നു കാണിച്ചുകൊണ്ടും, അഹത്തള്ളായെ വിട്ടുകൊടുക്കണമെന്നപേക്ഷിച്ചുകൊ-

## ഉപകാരസ്മരണ

പരിശുദ്ധ മാതാവിന്റെയും വി. X-ാംപീയൂസിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എം. ഐ. കെ., മഞ്ഞപ്ര

ണ്ടും നസ്രാണികൾ കൊച്ചിയിലെ കപ്പിത്താന്റെ പേർക്കയച്ച കത്തിലെ ഒരു ഭാഗം താഴെ ചേർക്കാം: "പാത്രിയർക്കീസ്, പൗലിസ്റ്റുമാൽ (ജെസ്വീററ്സ്) കൊല്ലപ്പെട്ടുപോകയും, തന്നിമിത്തം അദ്ദേഹത്തെ തരുവാൻ നിവൃത്തിയില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ സുറിയാനിഭാഷ പരിചയമുള്ളവനും ഞങ്ങളുടെ പള്ളിക്രമങ്ങളെ ഞങ്ങളെ പഠിപ്പിക്കുന്നതിനും അവയിൽ ഞങ്ങളെ സഹായിക്കുന്നതിനും ശേഷിയുള്ള മററു നാലു (സന്യാസ) സഭകളിൽ ഏതിലെങ്കിലും ഉൾപ്പെട്ടവനുമായ വേറെ ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ; എന്നാൽ പൗലിസ്റ്റർ ആയിരിക്കരുതു്. അവരെ ഞങ്ങൾ ഒട്ടും തന്നെ ആഗ്രഹിക്കുന്നില്ല. കാരണം അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമ്മാസഭയുടെയും ശത്രുക്കൾ ആകുന്നു. അവരൊഴികെ ആരെങ്കിലും വരട്ടെ" (cf "കേരളത്തിലെ ക്രിസ്തുമതം" by കെ. ഇ. ജോബ്, എം. എ. എൽ. റ്റി P. 69) അനുകൂലമറുപടി ലഭിക്കാതിരുന്നതിനാൽ ഭഗ്നാശരായ ഒരു കൂട്ടം നസ്രാണികൾ, കുപ്രസിദ്ധമായ "കൂനൻകുരിശുസത്യം" ചെയ്തു. "മേലാൽ ഈ പരിഷയുള്ളിടത്തോളംകാലം സമ്പാളൂർ പാതിരിമാരുടെ കീഴിലിരിക്കയില്ല" എന്നു അവർ ശപഥം ചെയ്തു. (cf. Do.)

ഈവിധം കേരളസഭയിലെ വലിയ ശീശ്മ ബീജാവാപം ചെയ്യപ്പെട്ടു. ലോകമുള്ളാ ഈശോസഭാ വൈദികർ അതിനു കാരണക്കാരും! അവർ കേരളസുറിയാനി കത്തോലിക്കരുടെ എന്നുതന്നെയല്ല തിരുസഭ മുഴുവന്റെയും ശത്രുക്കളും ആയി!

കത്തോലിക്കാ തിരുസ്സഭയിൽ പല റീത്തുകളാണുള്ളതു്. പരി. പിതാവ് പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നതുപോലെ, "ഇവയെല്ലാം തുല്യമായ മതിപ്പോടും ബഹുമാനത്തോടുംകൂടി പരിഗണിക്കപ്പെടേണ്ടവയാണ്. എന്തെന്നാൽ, വിവിധവർണ്ണമുള്ള ഒരു രാജകീയവസ്ത്രംകൊണ്ടു് സാർവ്വത്രികസഭാമാതാവിനെ ഇവ അലങ്കരിക്കുകയത്രെ ചെയ്യുന്നതു്." അതുകൊണ്ടു് റീത്തുസംബന്ധമായ വ്യത്യാസങ്ങൾ തിരുസഭയുടെ വിജയത്തിനു് ഒട്ടും ഹാനികരമാകുന്നതല്ല. പൗരസ്ത്യറീത്തുകൾക്കു് തിരുസഭ മുൻഗണന നൽകിയിരുന്നില്ലായെന്നു് മുമ്പ് ആവലാതി പുറപ്പെടുവിക്കാമായിരുന്നെങ്കിൽ, ഇന്നു് അങ്ങനെയൊരു ആവലാതിക്കു് ഒട്ടും സ്ഥാനമില്ല. വിശ്വാസികളുടെ വിശ്വാസത്തെ ജീവനുള്ളതാക്കാൻ പോരുന്നതും, അവരിലുള്ള ദൈവസ്നേഹത്തെ ആളിക്കത്തിക്കുവാൻ മതിയാകുന്നതുമായ ഏതു ദൈവാരാധനാരീതിയേയും കല്പിച്ചനുവദിക്കുന്നതിനു് തിരുസഭ ഒട്ടും അമാന്തം കാണിക്കുന്നില്ല. നമ്മുടെ സീറോ-മലങ്കരറീത്തു്, ബൈസൻറൈൻ റീത്തു് മുതലായവ ഇതിനു് ഉദാഹരണങ്ങളാണ്. എന്തിനേറെ, റീത്തുകളുടെ വിവിധത്വം ദൈവാരാധനാജീവിതത്തിന്റെ "മസാല"യല്ലേ?

പരി. സിംഹാസനത്തിനു് കീഴ്പ്പെട്ടു് പ്രവർത്തിക്കുന്നതിന് എപ്പോഴും സന്നദ്ധയായിരിക്കുന്ന ഈശോസഭയും, അതിന്റെ ഭരണയന്ത്രം തിരിക്കുന്ന ജനറലും മേല്പറഞ്ഞ സത്യം ഗ്രഹിക്കുവാൻ അധികം താമസിച്ചില്ല. കേരളസുറിയാനിസഭയുടെ ശത്രുക്കളെന്നു് പേരുവിളിക്കപ്പെട്ട ആ സഭാസമൂഹത്തിലേക്കു് ധീരാത്മാക്കളായ കേരളസുറിയാനിസഭയുടെ വീരസന്താനങ്ങൾ ഒന്നൊന്നായി ഓടിച്ചേർന്നു. ഭാരതമൊട്ടാകെയുള്ള അവരുടെ സംഖ്യ ഇന്നു് ഏതാണ്ടു് 250 ഓളമാണ്. 1948 വരെ ഇവർക്കു് തങ്ങൾ ജനിച്ചുവളർന്ന റീത്തു (സുറിയാനി) മാററി ലത്തീൻറീത്തു സ്വീകരിക്കണമായിരുന്നു. എന്നാൽ 1949 മുതൽ സുറിയാനിസഭയുടെ മക്കൾ ആ റീത്തിൽതന്നെ യഥാർത്ഥ ഈശോസഭാംഗങ്ങളാകും. സ്വന്തം നാടിനും നാട്ടാർക്കുംവേണ്ടി പതിന്മടങ്ങു ശുഷ്കാന്തിയോടെ വേലചെയ്യുവാൻ, അരയും തലയും മുറുക്കി അവർ ഇന്നു മുന്നോട്ടുവരുന്നു. ഈശോസഭയും അതിലെ മേലധികാരികൾക്കും പൗരസ്ത്യറീത്തുകളോടുള്ള ബഹുമാനത്തിന്റെയും തൃപ്തിയുടെയും ഒരു നാന്ദിയല്ലേ ഈ പുതിയ ഏർപ്പാടു്.

ഫെബ്രുവരി 4-ാംനു ഈ പുതിയ ഏർപ്പാടു് മുളയെടുക്കും. ഷെമ്പഗന്നൂർ, സേക്രഡ് ഹാർട്ട്കോളേജിൽവച്ചു് ഈശോസഭാ വൈദികവിദ്യാർത്ഥികളായ കേരളസുറിയാനിസഭയുടെ പതിമൂന്നുമക്കൾ (ലേഖകനുൾപ്പെടെ) എറണാകുളം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽനിന്നു് സുറിയാനിക്രമത്തിൽ ആദ്യത്തെ നാലു പട്ടങ്ങൾ സ്വീകരിക്കും. ഈശോസഭാ ചരിത്രത്തിൽ ഇതുപോലൊരു സംഭവം ഇതുവരെയുണ്ടായിട്ടില്ല. അഭിവന്ദ്യതിരുമേനിക്കു് ഞങ്ങളുടെ അകൈതവമായ കൃതജ്ഞത. മാതാവായ കേരളസുറിയാനിസഭയും ഞങ്ങളുടെ എളിയ സേവനങ്ങളെ സവിനയം നേർന്നുകൊള്ളട്ടെ.

ആദ്ധ്യാത്മികവീഥി

# പശ്ചാത്താപം

### നരകയാതന

ദൈവത്തിന്റെ വത്സലമക്കളേ,

നരകത്തെപ്പററിയുള്ള വിശ്വാസം പശ്ചാത്താപത്തിനു നമ്മെ പ്രേരിപ്പിക്കുമെന്നും ആ വിശ്വാസത്തിനു നമുക്കു മതിയായ ന്യായങ്ങളുണ്ടെന്നും കഴിഞ്ഞ ഒന്നുരണ്ടു ലക്കങ്ങളിൽ പറയുകയുണ്ടായി. എന്നാൽ ആ വിശ്വാസം വെറും ബുദ്ധിയുടെ ഒരു സമ്മതമെന്ന നിലയിൽമാത്രം സ്ഥിതിചെയ്യുന്നതുകൊണ്ടു് പ്രായോഗികമായി വലിയ ഉപകാരമുണ്ടാകാൻ പോകുന്നില്ല. നമ്മുടെ ഭാവനകൂടി സജീവമായി പ്രവർത്തിച്ചു് ആ നിത്യശിക്ഷയുടെ സ്ഥലത്തു നാം എത്തിച്ചേർന്നാൽ ഉണ്ടാകുന്ന അനുഭവത്തെക്കുറിച്ചുകൂടി ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

സ്വർഗ്ഗത്തിലെ ഏററവും വലിയ ആനന്ദം ദൈവത്തെ അഭിമുഖമായി കാണുന്നതിൽ അടങ്ങിയിരിക്കുന്നതുപോലെ നരകത്തിലെ ഏററവും വലിയ സങ്കടം ദൈവം നഷ്ടപ്പെട്ടുപോയല്ലോ എന്ന ചിന്തയാണു്. എന്നാൽ അതു് എത്ര അസഹ്യമാണെന്നു ഇഹത്തിൽവച്ചു ധരിക്കുക നമുക്കു സാദ്ധ്യമല്ല. അതുകൊണ്ടു് നമുക്കു നേരിട്ടനുഭവമുള്ള ഐഹികമായ യാതനകളെക്കുറിച്ചു ചിന്തിച്ചിട്ടു് അവയെല്ലാംകൂടി ഒരുമിച്ചു് അവയുടെ പാരമ്യത്തിൽ ഒന്നോ രണ്ടോ മണിക്കൂർനേരത്തേക്കോ, ദിവസത്തേക്കോ അല്ല ഒരിക്കലും അവസാനിക്കാതെ നിത്യകാലത്തേക്കു അനുഭവിക്കേണ്ടിവരുമെന്നു് ധരിക്കണമെന്നു് ധ്യാനഗുരുക്കൾ ഉപദേശിക്കുന്നു.

ഒരു പ്രസിദ്ധ ധ്യാനഗുരു നരകത്തെക്കുറിച്ചുള്ള പ്രസംഗം ഒരു വലിയ അഗ്നികുണ്ഡത്തിനു മുൻപിൽവച്ചു ചിലപ്പോൾ നടത്താറുണ്ടായിരുന്നു. അതുപോലെതന്നെ ഒരു മെഴുകുതിരി ആശീർവ്വദിച്ചു കൊടുത്തുകൊണ്ടു് ചിലരോടു്, പാപത്തിനുള്ള ശക്തിയായ പ്രലോഭനമുണ്ടാകുമ്പോൾ ആ തിരി കത്തിച്ചു് ജ്വാലയിൽ ഒരു വിരലിന്റെ അഗ്രം പിടിച്ചുനോക്കുവാൻ ശ്രമിക്കുന്നതിനും അതു സാദ്ധ്യമല്ലെങ്കിൽ നിത്യനരകാഗ്നിയിൽ കിടന്നു വേകാൻ എങ്ങനെ സാധിക്കുമെന്നു സഗൗരവം ചിന്തിക്കുന്നതിനും ഉപദേശിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. പലക്കും അതുകൊണ്ടു് വളരെ പ്രയോജനവുമുണ്ടായിട്ടുണ്ടു്.

യാദൃച്ഛികമായിട്ടെങ്കിലും നമ്മിൽ പലക്കും തീപ്പൊള്ളൽ അനുഭവപ്പെട്ടിട്ടുണ്ടായിരിക്കുമല്ലോ. അതു ഭാവനയിൽ വരുത്തി അതിൽ വളരെമടങ്ങു കൂടുതൽ വേദന എന്നെന്നേക്കും എങ്ങനെ സഹിക്കുമെന്നു് ആലോചിക്കുന്നതുകൊള്ളാം. ദൈവാനുഗ്രഹംകൊണ്ടു് ചാവുദോഷത്തിൽ വീണിട്ടില്ലാത്തവക്കുപോലും ശുദ്ധീകരണസ്ഥലത്തിലെ അഗ്നി അനുഭവിക്കേണ്ടതായിവരും.

അവയിൽനിന്നെല്ലാം മാറുന്നതിനുള്ള ഏകമാർഗ്ഗം പശ്ചാത്താപമാണെന്നുള്ള ബോദ്ധ്യത്തോടുകൂടി നമ്മുടെ പാപങ്ങളെക്കുറിച്ചു ശരിയായി മനസ്തപിക്കുന്നതിനു നമുക്കു ശ്രമിക്കാം.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## പുസ്തകാഭിപ്രായം

### മരിയമകനിശോ

(വിവർത്തകൻ: ഫാദർ. ഹെർമ്മൻ ഒ. സി. ഡി. പ്രസാധകർ: സെൻറു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം, വില 14ണ.)

ദൈവമാതാവായ കന്യകാമറിയത്തോടുള്ള ഭക്തി ക്രൈസ്തവരുടെയിടയിൽ വളർന്നുവരുന്നതിനു പര്യാപ്തമായ പല ഗ്രന്ഥങ്ങൾ മലയാളത്തിൽ ഈ അടുത്തകാലത്തു് പുറത്തുവന്നിട്ടുണ്ടു്. അവയുടെ പന്തിയിൽ ഇരുത്താവുന്ന ഒരു സൽഗ്രന്ഥമാണു് ഇവിടെ നിരൂപണത്തിനു വിഷയമായിരിക്കുന്ന "എന്റെ ആദർശം അഥവാ മരിയമകനിശോ." മരിയസഭയുടെ സ്ഥാപകനായ വില്യം ജോസഫ് ഷമിനാദിന്റെ വിചിന്തനകളെ സമാദരിച്ചുകൊണ്ടു് തൽസഭാംഗവും നലംതികഞ്ഞ വേദശാസ്ത്രപണ്ഡിതനുമായ ഇ. നൊയിവർ ഫ്രഞ്ചുഭാഷയിലെഴുതിയ ഒരു ഗ്രന്ഥമാണു് ഇതിന്റെ മൂലം.

മിശിഹാനുകരണത്തിൽ മുന്നേറുന്നതിനു് മരിയാനുകരണം അനുപേക്ഷണീയമാണു്. സർവ്വഥാ സഹായകരമാണു് എന്നുതന്നെയല്ല, അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾകൂടി ഈ ഗ്രന്ഥം അനുവാചകർക്കു കാണിച്ചുതരുന്നു. "നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽ മറിയത്തിനുള്ള സ്ഥാനമെന്തെന്നു വിവരിക്കുന്ന ഈ പുസ്തകത്തെ സോഡാലിററിക്കാരും, കത്തോലിക്കാ പ്രവർത്തകരും, വിദ്യാർത്ഥികളും, സന്ന്യാസികളും, വൈദികരും എന്നുവേണ്ടാ സകലരും സ്വാഗതം ചെയ്യു"മെന്നാണു് വിവർത്തകന്റെ പ്രതീക്ഷ. ഈ പ്രതീക്ഷ അസ്ഥാനത്തല്ല. കാരണം, "തിരുഹൃദയാനുകരണ"ത്തെപ്പോലെ നിത്യപാരായണത്തിനുപയോഗിക്കാവുന്ന ഒരു ഭക്തഗ്രന്ഥമാണിതു്.

ഒരു വിവർത്തനമാണെന്നു തോന്നാതിരിക്കത്തക്കവണ്ണം ഗദ്യശൈലി അത്ര നന്നായിട്ടുണ്ടു്. പേരു് സ്വല്പം പഴഞ്ചൻരീതിയിലായിപ്പോയെങ്കിലും ഈ നല്ല പുസ്തകത്തിനതൊരു പോരായ്മയാണെന്നു പറഞ്ഞുകൂടാ. ഗ്രന്ഥത്തിനും തൽകർത്താവിനും ഭാവുകങ്ങൾ!

### പാടുന്ന പൂങ്കുയിൽ

(രചയിതാവു്: ജി. പ്ലാവിളയിൽ. പ്രസാധകർ: എസ്സ്. എച്ച് ലീഗ്, ആലുവാ. വില 1ണ. 6പൈ.)

കൈരളിയുടെ കുസുമാലംകൃതമായ മലർക്കാവിൽ പറന്നുവന്നിരുന്നു കളനാദം ചൊരിയുന്ന പറവകൾ പലതാണു്. ഇതാ, മധുരനിനദം പൊഴിക്കുന്ന ഒരു പൈങ്കിളി—"പാടുന്ന പൂങ്കുയിൽ". സാഹിത്യസേവയ്ക്കായി അരയും തലയും മുറുക്കി രംഗത്തിറങ്ങിയിരിക്കുന്ന ഒരു യുവസാഹിത്യകാരനായ ശ്രീ ജോർജ്ജ് പ്ലാവിളയാണു് ഈ ചെറുഗ്രന്ഥത്തിന്റെ കർത്താവു്. "പാടുന്ന പൂങ്കുയിൽ" ഇരുപത്തഞ്ചു ഗാനങ്ങളുടെ ഒരു സമാഹാരമാണു്. അഭിനവവർണ്ണമട്ടുകളിലുള്ളതാണു് ഗാനങ്ങളെല്ലാം. ആശയപുഷ്കലങ്ങളായ ഈരടികളോടും ആകർഷകമായ പുറംചട്ടയോടുംകൂടി പുറത്തുവന്നിരിക്കുന്ന ഈ പുസ്തകം സ്വാഗതാർഹമാണു്. രചനയിൽ സംബോധനകൾ അധികരിക്കാതിരിക്കാൻ സൂക്ഷിച്ചിരുന്നെങ്കിൽ ഗാനങ്ങൾക്കു കലാപരമായി കുറേക്കൂടി ഈടുണ്ടായിരുന്നേനെ. ഇക്കാര്യം ശ്രദ്ധിച്ചുകൊണ്ടു മുന്നോട്ടു പോയാൽ ഗ്രന്ഥകർത്താവിനു് ശോഭനമായ ഒരു ഭാവിയുണ്ടായിരിക്കും.

(ഒ. കെ. അയ്യനേത്തു്)

# പുലിയൂർ ബേത്‌ലഹേം മിഷൻ

ഒരു രണ്ടുവർഷംമുൻപു് ഒരു കത്തോലിക്കൻ പോലുമില്ലാതിരുന്ന ഒരു സ്ഥലമാണു് ചെങ്ങന്നൂരിനു് കുറെ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന പുലിയൂർദേശം. എന്നാൽ ഇന്നാകട്ടെ, കാരുണ്യവാനായ ദൈവത്തിന്റെ കൃപയാൽ നൂററിപത്തോളം കുടുംബങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിരിക്കയാണു്. ഓരോ ഞായറാഴ്ചയും കൂടുതൽ കൂടുതൽ ആളുകൾ ചേർന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ദൈവത്തിന്റെ കൃപാപ്രവാഹം അങ്ങനെ പ്രത്യക്ഷത്തിൽ ദർശിച്ചുകൊണ്ടിരിക്കയാണു് ഞങ്ങളുടെ ദേശം. മദ്ധ്യതിരുവിതാംകൂറിലെ ഒട്ടുമിക്ക ക്രൈസ്തവസഭകളും ഇന്നു അത്ഭുതത്തോടെ വീക്ഷിച്ചുവരികയാണു് കത്തോലിക്കാസഭയുടെ ഇവിടത്തെ പുരോഗതി. ഭക്താഭ്യാസകാര്യങ്ങളിലും മററു കത്തോലിക്കാപ്രവർത്തനങ്ങളിലും പഴയ പല ഇടവകകൾപോലും ഞങ്ങളുടെ ഈ പുതിയ ഇടവകയെ വളരെ പിന്നിടുമെന്നു തോന്നുന്നില്ല.

ലോകപ്രസിദ്ധമായ ലീജിയൻ ഓഫ് മേരിയുടെ നാലു പ്രസിദിയം കാര്യക്ഷമമായി ഈ ഇടവകയിൽ പ്രവർത്തനം നടത്തുന്നുണ്ടു്. ഇതിനകം പുനരൈക്യപ്പെട്ടവരും അല്ലാത്തവരുമായ ആളുകളോടു് വ്യക്തിപരമായി സമ്പർക്കം പാലിച്ചുകൊണ്ടു് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിക്കൊണ്ടു് കത്തോലിക്കാപ്രവർത്തനത്തിന്റെ മുൻപന്തിയിൽ നില്ക്കുകയാണു് ഇവിടത്തെ ലീജിയൻ. ഇവിടെ സ്ഥാപിച്ചിരിക്കുന്ന വിൻസെൻറു് ഡി പോൾ സൊസൈററിയുടെ നേട്ടങ്ങളും വിസ്മരിക്കാവുന്നതല്ല. കുഞ്ഞുങ്ങളുടെ വേദപാഠക്ലാസ്സുകൾ, സൊഡാലിററി, ഗായകസംഘം, അൾത്താരശുശ്രൂഷാസഖ്യം, സെൻറു് ബനഡിക്ട് ഡിസ്സെൻസറി ഇങ്ങനെ പല ചെറുപ്രവർത്തനഘടകങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കയാണു്.

മാർത്തോമ്മാക്കാരും യാക്കോബായക്കാരും പരിഹസിച്ചുവരുന്ന ഉത്തരീയം ധരിക്കുന്നതു, പുലിയൂരെ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒന്നാണു്. യേശുവിന്റെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കാത്ത ഒരു കുടുംബംപോലും ഈ ഇടവകയിലില്ല. ഓരോ ഭവനത്തിൽവച്ചും വ്യാഴാഴ്ചരാത്രി തിരുമണിക്കൂർ നടത്തുന്ന പതിവു് ഇവിടെ ആരംഭിച്ചുകഴിഞ്ഞു. കുഞ്ഞുങ്ങൾക്കു മിഷൻചൈതന്യം കൂടുതൽ കിട്ടുന്നതിനുവേണ്ടി പള്ളിക്കടുത്തു് കുറെ സ്ഥലം അവർക്കു വിട്ടുകൊടുത്തിരിക്കയാണു്. അവിടെ അവർ ശുഷ്കാന്തിപൂർവ്വം മിഷനുവേണ്ടി ചെറുകൃഷികൾ നടത്തിവരുന്നുണ്ടു്.

ഈവിധമായ പുരോഗമനത്തിനുവേണ്ടി അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി ഞങ്ങൾക്കു നൽകിയിട്ടുള്ള പ്രോത്സാഹനത്തിനു് വന്ദ്യ തിരുമേനിയോടു് ഞങ്ങൾ വളരെ കടപ്പെട്ടവരാണു്. ഞങ്ങളോടുള്ള പ്രത്യേകവാത്സല്യാതിരേകം കാണിക്കുവാനായി ഈ ചുരുങ്ങിയ കാലത്തിനിടയിൽ 13 പ്രാവശ്യം വന്ദ്യ തിരുമേനി ഞങ്ങളുടെ മിഷനിൽ എഴുന്നെള്ളിയിട്ടുണ്ടെന്നുള്ള കാര്യം കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി പറഞ്ഞുകൊള്ളട്ടെ. ബഥനിയുടെ വികാരിജനറാളായിരുന്ന ദേഹവും, കുശാഗ്രബുദ്ധിയും, കർമ്മധീരനുമായ ബഹുമാനപ്പെട്ട ഗീവർഗ്ഗീസച്ചന്റെ സ്വാർത്ഥലേശംകൂടാത്ത ജീവിതമാണു് വാസ്തവത്തിൽ ഈ ഇടവകയുടെ മാർഗ്ഗദീപം. ഓരോ കത്തോലിക്കനും, ഓരോ ധർമ്മഭടനായിരിക്കണമെന്നു അദ്ദേഹത്തിന്റെ മാതൃകയാണു് ഏററം കൂടുതലായി ഞങ്ങളെ പഠിപ്പിച്ചതു്. കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന ഏതൊരുവനും കൂടുതൽ ത്യാഗവും ക്ലേശവും സഹിക്കണമെന്നും, കുരിശിന്റെ പാതമാത്രമാണു് കിരീടം പ്രാപിക്കാനുള്ള വഴിയെന്നും അദ്ദേഹം സ്വജീവിതംവഴി ഞങ്ങളെ പഠിപ്പിച്ചുവരികയാണു്.

നിത്യമായ സന്തോഷത്തിനു്

പണമാണു് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നതു്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണു്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ചു് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്കു് ധൈര്യവും പ്രോത്സാഹനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്കു്.

ദി കാത്തലിക്കു് ബാങ്കു് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ

ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S

## വിനോദവീഥി

ഒരു റഷ്യൻ സ്കൂൾ ഇൻസ്പെക്ടർ: കുട്ടികളേ, ഞാൻ മോസ്കോയിൽനിന്നു ആകാശത്തിൽക്കൂടി അനേകനാഴിക പറന്നാണു് ഇവിടെ എത്തിയതു്. ഇത്രയധികം ദൂരം ഇത്രയേറെ ഉയരത്തിൽ സഞ്ചരിച്ചിട്ടും അവിടെയെങ്ങും ദൈവത്തെ ഞാൻ കണ്ടില്ല.

ഒരു കുട്ടി:- ആ വിമാനം തകർന്നു സാറു മരിച്ചെങ്കിൽ ഇപ്പോൾ പണ്ടേ ദൈവത്തെ കാണുമായിരുന്നു! ഇല്ലേ, സാറേ?

X X X



"പാടത്തെ പണിയിട്ടിട്ടു് ടൗണിൽ കറങ്ങി നടക്കാൻ പോന്നതാണല്ലേ, ധിക്കാരി! നടക്കടാ ഇങ്ങോട്ടു്. വേഗം വീട്ടിലേക്കു് നടന്നോ, ഉം!"

—o—

### വിശുദ്ധ സ്ഥലങ്ങൾക്കു പുതിയ സംരക്ഷകൻ

വിശുദ്ധ സ്ഥലങ്ങളെ സംബന്ധിച്ച കത്തോലിക്കർക്കുള്ള അവകാശങ്ങളെ സംരക്ഷിക്കുന്നതിൻ ജെറുസലേമിലേക്കു ഒരിററാലിയൻ ഫ്രാൻസിസ്കൻ വൈദികൻ നിയമിതനായിരിക്കുന്നു. ഫാദർ അഞ്ചെലിക്കോ ലസ്സേറിയാണു് 254-ാമത്തെ സംരക്ഷകപദവി വഹിക്കുന്ന ദേഹം. അദ്ദേഹം ആഘോഷപൂർവ്വം ജെറുസലേമിൽ സ്വീകരിക്കപ്പെട്ടു. ജെറിക്കോയിൽനിന്നു ആഡംബരപൂർവ്വകമായ ഒരു ഘോഷയാത്രയായിട്ടാണു് അദ്ദേഹം ജെറുസലേമിലേക്കു ആനയിക്കപ്പെട്ടതു്. രക്ഷകന്റെ ദേവാലയത്തിൽ അദ്ദേഹം സഭാംഗങ്ങളുടെ ആദരപ്രകടനങ്ങൾ സ്വീകരിച്ചു; തെദേവും എന്ന സ്തോത്രഗീതം ആലപിച്ചു. അനന്തരം അദ്ദേഹം ഔദ്യോഗികമായി വിശുദ്ധ കുഴിമാടത്തിന്റെ ദേവാലയത്തിലേക്കു പ്രവേശിച്ചു. പഴയ നഗരത്തിലെ ഗവർണ്ണറും കൗൺസിൽ അംഗങ്ങളും സന്നിഹിതരായിരുന്നു. വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷകൻ തിരുസിംഹാസനത്തിന്റെ പ്രതിനിധിയെന്ന നിലയിൽ പ്രസ്തുത സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം കത്തോലിക്കരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനു ഉത്തരവാദിത്വം വഹിക്കുന്ന ആളാണു്. അദ്ദേഹത്തിന്റെ ഭരണത്തിൽ ഫ്രാൻസിസ്കൻ വൈദികരും സഹോദരരുമായി 400 സന്ന്യാസികളും, അവരുടെ മേൽനോട്ടത്തിൽ 68 തീർത്ഥസ്ഥലങ്ങളും, 70 സന്ന്യാസാശ്രമങ്ങളും, 85 ഇടവകപ്പള്ളികളും, 29 സ്കൂളുകളും, 5 കോളേജുകളും, 3 അനാഥശാലകളുമുണ്ടു്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമായുള്ള വിശുദ്ധസ്ഥലങ്ങളെ സംബന്ധിച്ച 70 കൊമ്മിസ്സാരിയേററുകളുടേയും നിയന്ത്രണം സംരക്ഷകൻ നിർവ്വഹിക്കണം.

(8-ാംപേജു തുടർച്ച)

ഡ്ജ്മാനെ നിയമിച്ചതു ഇതുപോലെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമായിരുന്നു. പക്ഷെ അതു നിയമനമായിരുന്നു, തിരഞ്ഞെടുപ്പായിരുന്നില്ല. ഈ തിരഞ്ഞെടുപ്പിനുശേഷം ആവേശഭരിതനായി മി. ബെറി പ്രസ്താവിച്ചതു്, "നമ്മുടെ മഹത്തായ നഗരത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കുന്നു എന്നതു ഞാൻ പൂർണ്ണമായി മനസ്സിലാക്കുന്നു. ഈ ഉത്തരവാദിത്വത്തെ ഞാൻ കൈയേൽക്കുകയും ചെയ്യുന്നു" എന്നാണു്.

## വി. ഫ്റാൻസീസ് അസ്സീസിയുടെ ഗുഹ

റിയേററി എന്ന സ്ഥലത്തിനടുത്തുള്ള ഗ്രേച്ചിയോ ആശ്രമപരിസരങ്ങളിൽ നടത്തപ്പെട്ട പര്യ്യന്വേഷണങ്ങളുടെ ഫലമായി വിശുദ്ധ ഫ്റാൻസീസ് അസ്സീസി 1223-ൽ ക്രിസ്തുമസ്സ് ആചരിച്ച ഒരു ഗുഹ കണ്ടുപിടിച്ചിരിക്കുന്നു.. വിശുദ്ധൻ ഒരു കാളയോടും കഴുതയോടുംകൂടി ആ ഗുഹയിൽ ഒരു പുൽക്കൂടുണ്ടാക്കി ആ ദിവസം അവിടെ ചെലവഴിച്ചു. റിയേററി രൂപതയിൽപെട്ട, ജോലിയൊഴിഞ്ഞ ബിഷപ്പ് ടെർസി ഓ എഫ് എം അവർകളാണു് റോമിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ ഈ കണ്ടുപിടുത്തത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നതു്. കൂടാതെ റിയേററി താഴ്‌വരയിലുള്ള ആശ്രമത്തിനടുത്തു നിന്നും ലഭിച്ചിട്ടുള്ള പല പുരാണവസ്തുക്കളെ സംബന്ധിച്ചും ആ പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്.

### അർജൻറീനായിലെ

## ദേശീയ പരസ്യ ദിവ്യബലി

ആണ്ടുതോറും അർജൻറീനായുടെ തലസ്ഥാനമായ ബ്യൂനോസ് അയേഴ്സിലെ പിയാസാ ദെ മായോ എന്ന മൈതാനത്തിൽ നടത്തിവരാറുള്ള പരസ്യദിവ്യബലി കഴിഞ്ഞ കൊല്ലത്തിൽ പെറോൺഭരണത്തിൽ മുടക്കപ്പെടുകയാണല്ലോ ഉണ്ടായതു്. ജനങ്ങൾ ഇതിൽ ക്ഷോഭിച്ചു അനന്തരഫലമായതോതിൽ രാഷ്ട്രീയപ്രക്ഷോഭണങ്ങളിലേർപ്പെട്ടു. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമായിത്തീർന്നു. ഇക്കൊല്ലത്തെ ദിവ്യബലി അത്യാഡംബരപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു. പ്രസിഡൻറു ജനറൽ അറാംബ്യുരു അവർകളും എല്ലാ കാബിനററംഗങ്ങളും ഗവമ്മേണ്ടുവക മന്ദിരത്തിന്റെ ബാൽക്കണിയിൽ സന്നിഹിതരായി ദിവ്യകർമ്മങ്ങളിൽ പങ്കെടുത്തു. സ്ക്വയറിലേക്കു ആഘോഷപൂർവ്വം നീങ്ങിക്കൊണ്ടിരുന്ന വമ്പിച്ച പ്രദക്ഷിണത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ 100-ൽപരം തിരുസ്വരൂപങ്ങൾ വഹിക്കപ്പെട്ടിരുന്നു. ദിവ്യബലിക്കു മുമ്പായി ഒരുകൂട്ടം ജെററുവിമാനങ്ങൾ അന്തരീക്ഷത്തിൽ അണിയണിയായി പറന്നു "Ave Maria" എന്ന മരിയ സ്തുതിവാക്യം ആകാശത്തിൽ വിരചിച്ചു കഴിഞ്ഞ കൊല്ലം പെറോണിന്റെ ദുർന്നയങ്ങൾക്കെതിരായി വിപ്ലവം നടത്തിയ വ്യോമവിഭാഗമായിരുന്നു അതു്. അൾത്താരയുടെ പുറകിലായി പേപ്പൽ പതാകയും അർജൻറീനിയൻ ദേശീയപതാകയും ഉയർത്തപ്പെട്ടപ്പോൾ ജനക്കൂട്ടം ആർത്തട്ടഹസിക്കുകയും തുവാലകൾ വീശി സന്തോഷം പ്രകടിപ്പിക്കുകയുംചെയ്തു. പ്രസിഡൻറിന്റെ സന്ദേശത്തിൽ കഴിഞ്ഞകൊല്ലം അദ്ദേഹം വിശാലമായ ആ മൈതാനത്തിൽ ഒരു സാധാരണപൗരനെന്ന നിലയിൽ മതവിശ്വാസത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി പോരാടുന്ന ജനക്കൂട്ടത്തിലുണ്ടായിരുന്നുവെന്നും, ഇന്നും അതേവിധത്തിൽ ജനങ്ങളോടൊത്തു നിന്നു കൃതജ്ഞതയുടേയും പ്രത്യാശകളുടേയും പ്രകടനത്തിൽ ദൈവത്തിനു നന്ദിപറയുകയാണെന്നും പ്രസ്താവിച്ചിരുന്നു.


ആദ്ധ്യാത്മിക ജീവിതം

ഒന്നാംഭാഗം

റവ. ഫാദർ മാത്യു മങ്കുഴിക്കരി പ്രസിദ്ധം ചെയ്യുന്നതു്.

ഡെമ്മിക്കടലാസ്—340 പേജ്

വില ക. 1—14—0

Novitiate Convent
Ernakulam-1


## നീതിയും സ്നേഹവും

### വർഗ്ഗവിവേചനത്തിനു പ്രതിവിധി

ന്യൂയോർക്കിൽവച്ചു നടന്ന കാത്തലിക്ക ഇൻറർനാഷനൽ കൗൺസിലിൽ പ്രസംഗിക്കവെ, ബ്രിട്ടിഷ് ഹോണ്ടുരാസിൽപ്പെട്ട ഒരു നീഗ്രൊവൈദികനായ ഫാദർ പോൾ ഫ്രാൻസിസ് ഇപ്രകാരം ഉൽബോധിപ്പിച്ചു. സാർവ്വലൗകിക നീതിബോധത്തിനുവേണ്ടി പരിശ്രമിക്കുന്നവർ ലക്ഷ്യത്തെ മാത്രം ചിന്തിച്ചു മുന്നോട്ടു നീങ്ങിയാൽ പോരാ; അതു നീതിക്കും സ്നേഹത്തിനും യോജിക്കുന്ന രീതിയിൽ സമ്പാദിക്കുന്നതിനു ശ്രമിക്കണം. സ്നേഹത്തിന്റേയും നീതിയുടേയും ആശയങ്ങൾകൊണ്ടു മുൻവിധികളുടെ മതിലുകളെ നാം വലയം ചെയ്യണം. സ്കൂളുകളിലുള്ള വിവേചനാസമ്പ്രദായങ്ങളെ അപലപിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു: എല്ലാ മനുഷ്യരിലും നമ്മുടെ സഹോദരങ്ങളെ ദർശിക്കുന്നതിനു യുവലോകം പരിശീലിപ്പിക്കപ്പെടുകയാണെങ്കിൽ ധാരാളം പേർ പറയുവാനുണ്ടാകും "ഞങ്ങൾ അവരോടൊത്തു പ്രാർത്ഥിച്ചു, അവരോടൊപ്പം വേല ചെയ്തു, അവരോടൊന്നിച്ചു പഠിച്ചു, അവരും നമ്മെപ്പോലെതന്നെയാണെന്നു കാണുവാൻ ഞങ്ങൾക്കു സാധിച്ചു" എന്നു്. ഏതാദൃശമായ ഒരു പ്രത്യാഘാതം വർഗ്ഗവിവേചനത്തിന്റെ മരണമണിയായിരിക്കും. സാർവ്വലൗകികനീതിക്കു വേണ്ടിയുള്ള പ്രക്ഷോഭണത്തിൽ വ്യക്തിപരമായ ത്യാഗം വളരെ ആവശ്യമുണ്ടു്. അനീതിയെ വച്ചു പുലർത്തുന്നവരുടെ ഹൃദയങ്ങളെ മാനസാന്തരപ്പെടുത്തുന്നതായ അനുഗ്രഹം സമ്പാദിക്കുവാൻ ക്രിസ്ത്യാനികളും കത്തോലിക്കരുമായിരിക്കുന്ന നാം രാഷ്ട്രീയമായി കൂടുതൽ സ്വയം പരിത്യാഗത്തിനും അതിലുപരി സംസ്കാരികവും സാമൂഹികവുമായ പുറംതള്ളലുകൾക്കും വിധേയരാകുന്നതിനു ആവശ്യമായി എന്നു വരുന്നതാം, എന്നദ്ദേഹം അനുസ്മരിച്ചു

## ചൈനീസ് മെത്രാന്

### പരസ്യവിചാരണ

ചൈനീസ് കമ്മ്യൂണിസ്റ്റുകൾ ചൈനക്കാരനായ ഷാങ്കേയിലെ ബിഷപ്പ് കുങ്ങ് തിരുമേനിക്കെതിരായി ഒരു പരസ്യവിചാരണ നടത്തുന്നതിനുള്ള ഒരുക്കുട്ടലിൽ വ്യാപൃതരായിരിക്കുന്നു. സെപ്റ്റംബറിൽ നടന്ന ഒരു മിന്നൽ ആക്രമണത്തിലാണു് തിരുമേനി വൈദികരും അൽമായരുമായ 500 കത്തോലിക്കരോടൊപ്പം അറസ്റ്റു് ചെയ്യപ്പെട്ടതു്. "വിപ്ലവവിരുദ്ധപ്രവർത്തനങ്ങൾ" നടത്തി എന്നതാണു് അവർക്കെതിരായി കൊണ്ടുവന്നിട്ടുള്ള ആരോപണം. കൂടാതെ മെത്രാനെതിരായി ഇപ്പോൾ കുറെ പുതിയ ആരോപണങ്ങൾകൂടി ആസൂത്രണം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. വധോപകരണങ്ങൾ വച്ചു സൂക്ഷിച്ചു, കത്തോലിക്കാസംഘടനകളെ രാജ്യത്തിനെതിരായി "സ്വാതന്ത്ര്യവേദികളായി" ഉപയോഗിച്ചു; കത്തോലിക്കരെ അവരുടെ ഭൂസ്വത്തു വിഭജിക്കാതിരിക്കുവാനും, പരസ്യവിചാരണകളിൽ ഭൂവുടമകളുടെ പേരുകൾ പറയാതിരിക്കുവാനും ഉപദേശിച്ചു; മുമ്പുണ്ടായ "ശുദ്ധികമ്മ"ങ്ങളിൽ അറസ്റ്റു ചെയ്യപ്പെട്ടവർക്കുവേണ്ടി ബലിയർപ്പിച്ചു; അമേരിക്കൻ പ്രക്ഷേപണങ്ങളെ ശ്രദ്ധിക്കുകയും അവയെ ചൈനീസ് ഭാഷയിൽ വിവർത്തനം ചെയ്യുകയും ചെയ്തു; വമ്പിച്ചതോതിൽ ചാരവൃത്തി നടത്തി; "ചൈനീസ് ദേശാഭിമാനി"കൾക്കു കൂദാശകൾ നൽകാതിരിക്കുകയും, കമ്മ്യൂണിസ്റ്റ് തത്വപഠനക്ലാസ്സുകളിൽ ഹാജരാകുന്നതിനു വൈദികരെ തടയുകയും ചെയ്തു എന്നെല്ലാമാണു് പ്രസ്തുത ആരോപണങ്ങൾ. ബിഷപ്പ് കുങ്ങ് 1949ൽ അഭിഷേകം ചെയ്യപ്പെട്ട ആദ്യത്തെ ചൈനീസ് മെത്രാനാണു്. അദ്ദേഹത്തിനു 54 വയസ്സു പ്രായമുണ്ടു്.

### പോളണ്ടിനു

## മാർപ്പാപ്പായുടെ ലേഖനം

പോളണ്ടുരാജ്യം സ്വീഡന്റെ അടിമത്തത്തിൽനിന്നു സ്വാതന്ത്ര്യംപ്രാപിച്ച സെസ്റ്റച്ചോവാ യുദ്ധത്തിന്റെ മൂന്നാംശതാബ്ദപൂർത്തിപ്രമാണിച്ച് പോളണ്ടിന്റെ ബന്ധനസ്ഥനായ കർദ്ദിനാളിനേയും അവിടത്തെ മെത്രാന്മാരേയും അഭിസംബോധനംചെയ്തുകൊണ്ടു് പരിശുദ്ധ മാർപ്പാപ്പാ ഒരു അപ്പസ്തോലികലേഖനം കഴിഞ്ഞ ഡിസമ്പറിൽ അയച്ചുകൊടുക്കുകയുണ്ടായി. അതിൽ അവർ അനുഭവിച്ചുപോരുന്ന പീഡനങ്ങളെ ധൈര്യത്തോടുകൂടി സഹിക്കുന്നതിനു തിരുമേനി ഉൽബോധിപ്പിച്ചു. അതീതചരിത്രത്തിൽ പോളണ്ടു നിർവ്വഹിച്ചിട്ടുള്ള മഹത്തായ സേവനങ്ങളെ തിരുമേനി മുക്തകണ്ഠം പ്രശംസിക്കുകയും ഇപ്പോൾ കമ്മ്യൂണിസ്റ്റു മേധാവികൾ നടത്തുന്ന പീഡനങ്ങളെ അപലപിക്കുകയുംചെയ്തു. "പുരോഗമനപരമായ പ്രസ്ഥാന"ങ്ങളുടെ ലേബലിൽ കമ്മ്യൂണിസത്തേയും കത്തോലിക്കാസഭയേയും കൂട്ടിക്കുഴയ്ക്കുന്നതിനുള്ള സംരംഭങ്ങളെപ്പററി പരിശുദ്ധ പിതാവു് അവർക്കു പ്രത്യേകം മുന്നറിയിപ്പുനൽകുകയും അവയുടെ തന്ത്രത്തിൽ അടിപ്പെടാതിരിക്കാൻ ശക്തിയായി ഉൽബോധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

## തൊഴിലാളിയായ ക്രിസ്തുവിനു

### ദേവാലയം

മാർച്ചുമാസം 2-ാംനു- പരിശുദ്ധ പിതാവിനു 80 വയസ്സു തുടങ്ങുന്ന ജന്മദിനത്തിന്റെ അനുസ്മരണാർത്ഥമായി "തൊഴിലാളിയായ ക്രിസ്തു"വിന്റെ നാമത്തിൽ റോമിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനു ഇററാലിയൻ തൊഴിലാളികളുടെ ക്രിസ്ത്യൻ അസ്സോസിയേഷനിൽനിന്നു ധനശേഖരം ആരംഭിച്ചിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ 80-ാം ജന്മദിനസ്മാരകങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരിക്കും ഇതെന്നതിനു സംശയമില്ല.

### പശ്ചിമജർമ്മൻ ചാൻസലർ

## സഭയുടെ സഹായം അഭ്യർത്ഥിക്കുന്നു

പശ്ചിമജർമ്മനിയിലെ ചാൻസലർ ഡോക്ടർ അഡനോവർ രാജ്യത്തുള്ള ഭൗതികതാവാദവേലിയോരത്തെ പ്രതിരോധിക്കുന്നതിനു സഭാധികാരികൾ സഹകരിക്കണമെന്നു അഭ്യർത്ഥിച്ചിട്ടുള്ളതായി കൊളോണിലെ ആർച്ചുബിഷപ്പായ കർദ്ദിനാൾ ഫ്റിംഗ്സ് വെളിപ്പെടുത്തിയിരിക്കുന്നു. സെപ്തംബർമാസത്തിൽ മോസ്കോസന്ദർശനം കഴിഞ്ഞു് മടങ്ങിയ അവസരത്തിലാണു് ഈ അഭ്യർത്ഥന നടത്തപ്പെട്ടതു്. അതുകൊണ്ടു് ഭൗതികതാവാദത്തെ താത്വികമായും പ്രായോഗികമായും എതിരിടുന്നതിനു മെത്രാന്മാർ ഒത്തൊരുമിച്ചു് ഇടയലേഖനങ്ങൾകൊണ്ടും മററും തീവ്രമായി പരിശ്രമിക്കണമെന്നു തിരുമേനി ഉൽബോധിപ്പിച്ചിരിക്കുന്നു. കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരുമായ നേതാക്കന്മാർ അടുത്തകാലത്തു ഭൗതികതാവാദത്തിനെതിരായി പശ്ചിമജർമ്മനിയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളേയും തൽഫലമായി രാജ്യത്തുണ്ടായിട്ടുള്ള സാമ്പത്തികമായ പുരോഗതിയേയും കർദ്ദിനാൾ തിരുമേനി അഭിനന്ദിക്കുകയുണ്ടായി. ഡോക്ടർ അഡനോവർ ഇപ്പോൾ 80-മത്തെ വയസ്സിലേക്കു പ്രവേശിക്കുകയാണു്. അദ്ദേഹത്തിന്റെ ജന്മദിനാഘോഷത്തിന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ഇടവകപ്പള്ളിക്കു പുതിയ "സ്റ്റെയിൻഡ് ഗ്ലാസ്" ജനാലകൾ മെത്രാന്മാരുടെ വകയായി സമ്മാനിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. സഭയും രാഷ്ട്രവും യോജിച്ചുപ്രവർത്തിക്കുന്നതിന്റെ ഗുണഫലങ്ങളാണു് പശ്ചിമജർമ്മനിയിൽ കാണുന്നതു്.

### കമ്മ്യൂണിസ്റ്റുകൾ

## മെത്രാനെ വാഴിക്കുന്നു


ഒരു ചെക്ക് പ്രതിനിധിസംഘം ഉത്തരവിയററ്നാമിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണു്. ഈ കമ്മ്യൂണിസ്റ്റ് പ്രതിനിധിസംഘത്തിൽപെട്ട ഒരു ചെക്കോസ്ലോവാക്കിയൻ വൈദികനെ കമ്മ്യൂണിസ്റ്റുകൾ മെത്രാന്റെ വേഷം കെട്ടിച്ചിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു പത്രങ്ങൾ അദ്ദേഹത്തിന്റെ മെത്രാൻവേഷത്തിലുള്ള പടങ്ങൾ പ്രസിദ്ധംചെയ്യുന്നു. പ്രതിനിധിസംഘത്തിലെ 3 പേർ കമ്മ്യൂണിസത്തിനടിമപ്പെട്ട വൈദികരും 2 പേർ അൽമായരുമാണു്. അവർ വിയററ്നാമിൽ പല സ്ഥലത്തും മീററിംഗുകൾ വിളിച്ചുകൂട്ടി ചെക്കോസ്ലോവാക്കിയായിൽ കമ്മ്യൂണിസംവഴി കൈവന്നിട്ടുള്ള അഭിവൃദ്ധിയും സ്വാതന്ത്ര്യവും വർണ്ണിച്ചുകേൾപ്പിക്കുകയാണു്. ചെക്കോസ്ലോവാക്കിയായിലെ ആരോഗ്യമന്ത്രിയായ ഫാദർ പ്ലൊജാറുടെ ഒരു കത്തും പ്രചരണത്തിനുവേണ്ടി അവർ ഉപയോഗിക്കുന്നുണ്ടു്. അദ്ദേഹം കത്തോലിക്കാസഭയിൽനിന്നും പുറംതള്ളപ്പെട്ട ഒരു വൈദികനാണു്. ഈ പ്രചരണത്തിന്റെ ഉദ്ദേശം ഉത്തരവിയററ്നാമിലെ കത്തോലിക്കരെ വഴിപിഴപ്പിക്കുന്നതിനും അവരെ കമ്മ്യൂണിസ്റ്റ് വഞ്ചനയിൽ കുടുക്കുന്നതിനുമാണു്.

—ം—


പ്യാരി (REGD) ഔഷധസോപ്പ്

ചുണങ്ങ്, താരൻ മുഖക്കുരു, പുഴക്കടി നിറഭേദങ്ങൾ മുതലായവക്കു്

PYARY PRODUCTS (REGD) T.C.S

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || FEBRUARY 1, ERNAKULAM | No. 25


# മുദ്രാലയപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥൻ

"പത്രപ്രവർത്തനവും ഗ്രന്ഥനിർമ്മാണവുംവഴി ക്രിസ്തീയതത്വങ്ങളെ വിശദീകരിക്കുകയും, ഉൽബോധിപ്പിക്കുകയും, സംരക്ഷിക്കുകയുംചെയ്യുന്ന കത്തോലിക്കർ വിശുദ്ധ ഫ്രാൻസിസ് സാലെസിനെ അനുകരിക്കുന്നത് ഏററവും ഫലപ്രദമായ ഒരു നടപടിയായിരിക്കും" എന്നാണ് ഭാഗ്യസ്മരണാർഹനായ 11-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1923 ജനുവരി 26-ാംനു വിശുദ്ധന്റെ ചരമത്തിന്റെ മൂന്നാംശതാബ്ദപൂർത്തി പ്രമാണിച്ചു പുറപ്പെടുവിച്ച ചാക്രികലേഖനത്തിൽ വിശുദ്ധനെ മുദ്രാലയപ്രേഷിതത്വത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി പ്രഖ്യാപിച്ചുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളത്. 11-ാംപീയൂസിന്റെ പുരോഗാമിയായിരുന്ന 15-ാംബെനഡിക്ടോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ പ്രഖ്യാപനത്തിനു ഒരുങ്ങിക്കൊണ്ടിരിക്കവെയാണ് ദിവംഗതനായതു്. തന്മൂലം കത്തോലിക്കാപ്രവർത്തനത്തിന്റെ മാർപ്പാപ്പാ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന 11-ാംപീയൂസ് തിരുമേനി അതു പൂർത്തികരിച്ചു. അന്നു മുതലാണ് ജനുവരി 29-ാംനുയിലെ വിശുദ്ധന്റെ തിരുനാളിനു ഏററം അടുത്തുവരുന്ന ഞായറാഴ്ച കത്തോലിക്കാ പ്രസിദ്ധീകരണ ഞായറാഴ്ചയായിട്ടും തുടർന്നു ഫെബ്രുവരിമാസം മുഴുവനും കത്തോലിക്കാ മുദ്രാലയപ്രേഷിതത്വത്തിന്റെ മാസമായിട്ടും ആചരിക്കപ്പെടുവാൻ തുടങ്ങിയതു്.

## ഉദ്ദേശ്യം

കത്തോലിക്കാ മുദ്രാലയമാസാചരണത്തിന്റെ ഉദ്ദേശ്യം മുദ്രാലയപ്രേഷിതത്വത്തെപ്പററി പൊതുജനങ്ങൾക്കുവേണ്ട അറിവു പ്രദാനം ചെയ്യുന്നതിനും, അതിൽ അവരെ സഹകരിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രായോഗികമാക്കുന്നതിനുമാണ്. രൂപതാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങൾവഴിയായും, ഇടവകവികാരിമാർ പ്രസംഗങ്ങൾവഴിയായും, സ്കൂൾ മുതലായ സ്ഥാപനങ്ങളുടെ മേധാവികൾ അവരുടെ കീഴിലുള്ളവർക്കു വേണ്ട ഉൽബോധനങ്ങളും പ്രോത്സാഹനങ്ങളും നൽകിയും ഇടവകകളിലെ കത്തോലിക്കാ പ്രവർത്തനസംഘടനകൾ പൊതുയോഗങ്ങളും കത്തോലിക്കാ പത്രമാസികകളുടേയും പുസ്തകങ്ങളുടേയും വില്പനയുംവഴിയായും നാനാവിധത്തിൽ കത്തോലിക്കാ സാഹിത്യം ജനതാമദ്ധ്യത്തിൽ ധാരാളമായി പ്രചരിപ്പിക്കുന്നതിനു അവിശ്രമം പരിശ്രമിക്കുകയാണ് ഈ ഉദ്ദേശ്യസാഫല്യത്തിനായി ചെയ്തുവരുന്നതു്. നമ്മുടെ ഭാരതത്തിൽ ഈ പ്രസ്ഥാനത്തിനു ഇനിയും വേണ്ടത്ര പ്രചാരണവും പൊതുജനൗൽസുക്യവും കൈവന്നിട്ടില്ല. പ്രത്യുത മാനവവംശത്തിനു വിനാശകരമായ നിഷിദ്ധസാഹിത്യത്തിന്റെ പ്രചാരണം അത്യധികമായി വർദ്ധിച്ചുമിരിക്കുന്നു. അതുകൊണ്ടു ഈ അവസരത്തെ പരമാവധി ഉപയോഗപ്പെടുത്തേണ്ടതു ഒഴിച്ചുകൂടാനാവാത്തതാവശ്യമാണെന്നുള്ളതിൽ സംശയമില്ല.

## വി. ഫ്രാൻസീസ് സാലസ്

മുദ്രാലയപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥനായി വിശുദ്ധ ഫ്രാൻസീസ് സാലെസ് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതിന്റെ ഔചിത്യത്തേയും ഫലദായകത്വത്തേയും അനുസ്മരിക്കുന്നതു പ്രകൃതത്തിൽ സമുചിതമായിരിക്കും. പ്രഥമ ദൃഷ്ടിയിൽ ഒരു വിരോധാഭാസമാണ് ഇതിൽ സാധാരണന്മാർ കാണുക. 1567-ലാണ് ഫ്രാൻസീസ് സാലെസ് ഫ്രാൻസിൽ ആന്നെസിക്കടുത്തുള്ള ഒരു ഗ്രാമത്തിൽ ജനിച്ചതു്. 1622 ഡിസമ്പർ 28-ൽ അദ്ദേഹം മരണമടഞ്ഞു. അക്കാലത്തു ഇന്നു നാമറിയുന്നതുപോലെയുള്ള പ്രസിദ്ധീകരണപ്രസ്ഥാനങ്ങളോ മുദ്രാലയപ്രവർത്തനമോ നടപ്പില്ലായിരുന്നു. ആധുനികരീതിയിലുള്ള മുദ്രണമാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടശേഷമാണ് പ്രസിദ്ധീകരണരംഗമണ്ഡലത്തിൽ അത്ഭുതാവഹമായ വ്യതിയാനങ്ങളുണ്ടായതു്. അതുകൊണ്ടു ഒരുവിധത്തിൽ പറഞ്ഞാൽ ഇന്നത്തെ മുദ്രാലയപ്രവർത്തനവുമായി വിശുദ്ധൻ കാര്യമായ സമ്പർക്കമൊന്നും ഇല്ലായിരുന്നു. പക്ഷെ മുദ്രാലയപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥസ്ഥാനം സമലംകരിക്കത്തക്ക ചില പ്രത്യേകതകൾ വിശുദ്ധനിലുണ്ട്. അനിതരസാധാരണങ്ങളും മാതൃകായോഗ്യങ്ങളുമായ ഈ തികവുകളാണ് ഈ മഹനീയസ്ഥാനത്തേക്കു അദ്ദേഹം ഉയർത്തപ്പെടുന്നതിനു പ്രേരകങ്ങളായി നിലകൊണ്ടിരുന്നതു്. ഒന്നാമതായി അദ്ദേഹത്തിൽ പ്രശോഭിക്കുന്നതു് സ്വാഭാവികമായ അദ്ദേഹത്തിന്റെ മധുരമനോഹരമായ സഹൃദയത്വമാണ്. അദ്ദേഹം യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ ആര്യചരിതനായിരുന്നു. അതിൽ പ്രകടനഭ്രമമോ, വെറും നാട്യവിശേഷമോ കണികാണുവാനുണ്ടായിരുന്നില്ല. നിർവ്വികാരമായ മന്ദതയോ വിഷമതകളെ നേരിടുന്നതിലുള്ള ഭീരുത്വമോ അദ്ദേഹത്തെ സ്പർശിച്ചിരുന്നില്ല. അലംഭാവരഹിതവും, ഔദ്ധത്യഹീനവും, ധൈര്യസമന്വിതവുമായ സഹൃദയത്വമാണ് അദ്ദേഹത്തിന്റെ വിജയരഹസ്യങ്ങളിൽ അതിപ്രധാനമായ ഒരു ഗുണവിശേഷമെന്നു പറയാം. ഏററം ഉഗ്രനായ പ്രതിയോഗിയെ നേരിടുന്നതിലും ഏററം രൂക്ഷമായ വാദപ്രതിവാദങ്ങളിൽ ഏർപ്പെടുമ്പോഴും അതദ്ദേഹം അഭംഗം പാലിച്ചിരുന്നു. ഏററം വലിയ ശത്രുക്കളെപ്പോലും അടിപ്പെടുത്തുന്നതിനും അവരുടെ സ്നേഹം സമ്പാദിക്കുന്നതിനും തന്മൂലം അദ്ദേഹത്തിനു സാധിച്ചു. അക്കാലത്തു കാൽവിനിസ്സത്തിന്റെ ശക്തികേന്ദ്രമായിരുന്ന ജനീവായിലെ മെത്രാനായിരുന്ന അദ്ദേഹം അവരെ കത്തോലിക്കാസഭയിലേക്കു മടക്കിക്കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയ ധീരസമരത്തിന്റെ വിജയരഹസ്യം അതിലാണല്ലൊ. അതോടൊപ്പം അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും നലംതികഞ്ഞ പുണ്യപരിപാകതയും ഒത്തുചേർന്നപ്പോൾ പ്രതിലോമശക്തികൾക്കു മുട്ടുമടക്കാതെ ഗത്യന്തരമില്ലാതായി. 11-ാംപീയൂസ് മാർപ്പാപ്പാ അതുകൊണ്ടാണ് പ്രസ്താവിച്ചതു്, "അദ്ദേഹം "മതനവീകരണ"മാകുന്ന ഇടത്തൂടിനെ എതിർക്കുന്നതിനു ദൈവത്താലയക്കപ്പെട്ട ആളായിരുന്നു" എന്നു്.

## വിശുദ്ധന്റെ ആദർശം

വി. ഫ്രാൻസീസ് സാലെസിന്റെ ആദർശത്തെ അനുഗമിക്കുകയും ഊർജ്ജസ്വലമായ അദ്ദേഹത്തിന്റെ പ്രേഷിതത്വപദ്ധതികളെ അനുകരിക്കുകയും ചെയ്യേണ്ടതു ഇന്നത്തെ സാഹചര്യങ്ങളിൽ എത്രമാത്രം അനിവാര്യമാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. സത്യമതതത്വങ്ങൾ ഇന്നു രൂക്ഷമായി എതിർക്കപ്പെടുകയാണ്. നിരീശ്വരത്വത്തേയും, നിർമ്മതത്വത്തേയും, അസാന്മാർഗ്ഗികതയേയും പ്രചരിപ്പിക്കുന്ന വിനാശകരമായ സാഹിത്യം ഇന്നു ലോകജനതയെ അടിപ്പെടുത്തുന്നതിനു സാഹസികമായ ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യവിരുദ്ധവും അസാന്മാർഗ്ഗികവും വഞ്ചനാപരവുമായ സാഹിത്യഗ്രന്ഥങ്ങളും പത്രമാസികകളും ഈ പ്രസ്ഥാനത്തിന്റെ ഈട്ടാറ ഉപകരണങ്ങളാണ്. അവയെ ഫലപ്രദമായി എതിരിടുന്നതിനു ശക്തിമത്തായ ഒരു മുദ്രാലയപ്രേഷിതത്വംകൊണ്ടു മാത്രമേ സാദ്ധ്യമാവൂ. ഇതിലാണ് വിശുദ്ധനായ മദ്ധ്യസ്ഥനെ ആദർശമായി സ്വീകരിച്ചനുകരിക്കേണ്ടതു്. വിശുദ്ധനിൽ പ്രശോഭിച്ചിരുന്നതും എല്ലാം സാഹിത്യപ്രണയികളും അവശ്യം അനുകരിക്കേണ്ടതുമായ സഹൃദയത്വത്തെപ്പററി മുൻ പ്രസ്താവിച്ചുവല്ലോ. വേറേയും ചില ഗുണവിശേഷങ്ങൾ വിശുദ്ധനിൽനിന്നു ഓരോ തൂലികാകാരനും പകർത്തേണ്ടതുണ്ടു്. യഥാർത്ഥസത്യത്തെപ്പററിയുള്ള വിശദമായ വിജ്ഞാനമാണ് അവയിലൊന്നു്. യഥാർത്ഥസത്യം ഒന്നു മാത്രമേ ഉണ്ടാകാവൂ. വസ്തുനിഷ്ഠമായ ഈ സത്യത്തിൽ അടിയുറച്ചുനില്ക്കുന്നവർക്കു മാത്രമേ അചഞ്ചലമായ ഒരു പ്രേഷിതത്വത്തെ പ്രായോഗികമാക്കുവാൻ കഴിയൂ. കത്തോലിക്കാസഭ എന്താണെന്നും, അതിന്റെ പഠനങ്ങൾ ഏവയാണെന്നും, അടിസ്ഥാനമായ ന്യായങ്ങൾ എന്തൊക്കെയാണെന്നും സുവിശദവും അവഗാഢവുമായ പഠനം നടത്താതെ കത്തോലിക്കാസാഹിത്യത്തെ കൈകാര്യം ചെയ്യുകയും മുദ്രാലയപ്രേഷിതത്വത്തിന്റെ ശില്പികളാകുന്നതിനു രംഗത്തിറങ്ങുകയും ചെയ്യുന്നതായാൽ അതു അപാകതയില്ലുള്ള ഒരു കാൽവയ്പായിരിക്കും. അതുകൊണ്ടു് മുദ്രാലയപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് സാലസിനെപ്പോലെ കത്തോലിക്കാതത്വങ്ങളിൽ അവഗാഢമായ പ്രാവിണ്യം കരസ്ഥമാക്കുവാൻ ഓരോ എഴുത്തുകാരനും ശ്രമിക്കേണ്ടതാണ്.

രണ്ടാമതായി സത്യത്തിനു അസത്യമായോ അർദ്ധസത്യമായോ ഒത്തുതീർപ്പു സാദ്ധ്യമല്ല. അതുകൊണ്ടു് അസത്യത്തേയും അർദ്ധസത്യത്തേയും നിശിതമായി എതിർക്കേണ്ടതു് യഥാർത്ഥസത്യത്തെ കൈകാര്യം ചെയ്യുന്നവരുടെ കർത്തവ്യമാണ്. ലേഖകന്മാർ തമ്മിലുള്ള സമരം വ്യക്തികൾ തമ്മിലുള്ളതല്ല; പ്രത്യുത അവർ പ്രകാശിപ്പിക്കുന്ന ആശയങ്ങൾ തമ്മിലുള്ളതാണ്. അതുകൊണ്ടു് പ്രതിയോഗിയോടുള്ള ആദരവും ബഹുമാനവും അണുവും കൈവെടിയാതെ, പ്രകടമാക്കപ്പെടുന്ന ആശയത്തിലുള്ള അസംബന്ധ്യത്തെ നിശിതമായും വ്യവസ്ഥാപിതമായും യുക്തിയുക്തമായും എതിർക്കുന്നതിനുള്ള പതറാത്ത ധൈര്യം ഒരുത്തമസാഹിത്യകാരന്റെ ഗുണലക്ഷണമാണ്. കത്തോലിക്കാസാഹിത്യകാരന്മാർക്കു ഇക്കാര്യത്തിലുള്ള അനുകൂലമായ പരിതസ്ഥിതി അനിഷേദ്ധ്യവും അസൂയാർഹവുമാണ്. അതുകൊണ്ടാണ് അവർ അനിരോദ്ധ്യരായി നിലകൊള്ളുകയും അവരുടെ വാദമുഖങ്ങളെ ഉൽബുദ്ധവും നിഷ്പക്ഷവുമായ ജനവിഭാഗം ആദരിച്ചംഗീകരിക്കുകയും ചെയ്യുന്നതു്. താല്ക്കാലികമായി അഭൗമചകത്വം പ്രദർശിപ്പിച്ചേക്കാവുന്ന ശത്രുക്കൾപോലും കാലാന്തരത്തിൽ അവരുടെ വാദഗതിയെ ഏദിസ്ഥമാക്കി സത്യത്തെ ആശ്ലേഷിക്കാതിരിക്കുകയില്ല. ചിലർക്കൊരു തെററിദ്ധാരണയുണ്ടാകാം. ജനഹിതത്തെ ആദരിച്ചും ഭംഗിയായി പ്രതിപാദിച്ചും സാഹിതീസേവനം ചെയ്യുന്നതാണ് ആശാസ്യമായ മാർഗ്ഗമെന്നു്. ആത്മവഞ്ചനമാത്രമാണ് അതിൽ അടങ്ങിയിരിക്കുന്നതു്. മുദ്രാലയപ്രേഷിതത്വത്തിൽ സ്വാർത്ഥതകലർന്ന ഈ മനോഭാവത്തിനു്—വ്യക്തിയുടെ പേരും പെരുമയും ആർജ്ജിക്കുന്നതിനുള്ള ഒരു വ്യവസായത്തിനു്—സ്ഥാനമില്ല. അതുകൊണ്ടു് മുദ്രാലയപ്രേഷിതന്മാർ യഥാർത്ഥസത്യത്തിനുവേണ്ടി നിർഭയം പോരാടുന്ന സാഹിത്യസൈനികരായിരിക്കണം.

## സാങ്കേതികവശങ്ങൾ

ഇനിയും സാഹിത്യത്തിന്റെ സാങ്കേതികമായ കലാവശങ്ങളും അനാദരിക്കപ്പെടാവുന്നവയല്ല. ഉത്തമങ്ങളായ ആശയങ്ങളെ സുന്ദരങ്ങളായ വാക്കുകളിലൂടെ പ്രകടിപ്പിക്കുമ്പോഴാണല്ലോ അതു സഹൃദയഹൃദയാഹ്ളാദകങ്ങളാവുക. അതുകൊണ്ടു് തത്വദീക്ഷയോടൊപ്പം കലാപാടവവും കൂട്ടിക്കലർത്തണമെന്നതു കത്തോലിക്കാ മുദ്രാലയപ്രേഷിതത്വത്തിന്റെ വിജയത്തിനു ആവശ്യകമാണ്. ഫ്രാൻസീസ് സാലസിന്റെ കാലത്തെ അപേക്ഷിച്ച് വിവിധ ഭാഷകൾ ഇന്നു വളരെ പുരോഗമിച്ചിട്ടുണ്ടു്. കലാപരമായ വളരെ നേട്ടങ്ങൾ ആധുനികലോകം സമാർജ്ജിച്ചുകഴിഞ്ഞിട്ടുണ്ടു്. നലംതികഞ്ഞ രചനാരീതികൾ സ്വായത്തമാക്കുന്നതിനുള്ള ഒരു വ്യഗ്രത ആധുനികസാഹിത്യോപാസകർക്കു അനുപേക്ഷണീയമാണ്. കൂടാതെ മുദ്രണകലയിൽ നമുക്കു കരഗതമായിട്ടുള്ള പുരോഗതിയേയും നാം പരമാവധി ഉപയോഗപ്പെടുത്തണം. ഗ്രന്ഥങ്ങളും പത്രമാസികകളും ആകർഷകങ്ങളും എളുപ്പത്തിൽ പാരായണംചെയ്തു കാര്യം ഗ്രഹിക്കത്തക്കവിധം ക്രമപ്പെടുത്തിയിട്ടുള്ളവയുമാകണം. ലിപികളുടെ വൈവിദ്ധ്യങ്ങളും ക്രമീകരണത്തിലുള്ള ഭാവനാവിശേഷങ്ങളും ഇവിടെ വളരെ സഹായകങ്ങളാണ്. ഇവയൊന്നും നിസ്സാരങ്ങളാണെന്നുവച്ചു തള്ളാവുന്നവയല്ല. ഈശ്ലമായ വെറും ബാഹ്യമോടികൊണ്ടുമാത്രം ആകൃഷ്ടരായി ക്ഷുദ്രകൃതികളെപാരായണംചെയ്തു വലിയൊരുവിഭാഗം ജനം അബദ്ധതത്വങ്ങളെ അറിയാതെ അകത്താക്കുന്നുണ്ടു് എന്നുള്ള വസ്തുത പരമദയനീയമാണ്. മുദ്രാലയപ്രേഷിതർക്കു അതവഗണിക്കുവാനോ, അതിനു പ്രതിവിധി തേടാതിരിക്കുവാനോ സാദ്ധ്യമല്ല.

## പ്രചാരണപ്രേഷിതത്വം

ഇപ്രകാരം വിശുദ്ധ ഫ്രാൻസീസ് സാലെസ് വിഭാവനം ചെയ്യുകയും അദ്ദേഹത്തിന്റെ കാലത്തു ലഭ്യമായിരുന്ന എല്ലാ ഉപാധികളേയും പരമാവധി പ്രയോഗിച്ച് ഫലപ്രദമാക്കുകയുംചെയ്ത മുദ്രാലയപ്രേഷിതത്വത്തെയാണ് നാമിന്നു നമ്മുടെ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരണമായും നമുക്കു കൈവന്നിട്ടുള്ള അത്യധികം പുരോഗമനാത്മകമായ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തിയും അനുധാവനം ചെയ്യേണ്ടതു്. എന്നാൽ ഈ ലക്ഷ്യം സഫലമാകുന്നതിനു അതിപ്രധാനമായ വേറൊരു പ്രവർത്തനരംഗമുണ്ടു്. എത്രയെത്ര നല്ല ഗ്രന്ഥങ്ങൾ നാം വിരചിച്ചാലും പത്രമാസികകൾ നാം അടിച്ചിറക്കിയാലും അവ വേണ്ടത്ര പ്രചരിക്കുന്നില്ലെങ്കിൽ ആ പരിശ്രമങ്ങൾ വെറും നിഷ്ഫലങ്ങളാവുകയേയുള്ളു. ഈ കുറവു പരിഹരിക്കുന്നതിനുള്ള ഏകമാർഗ്ഗം ഊർജ്ജസ്വലമായ പ്രചാരണസംരംഭങ്ങളാണ്. മുദ്രാലയപ്രേഷിതത്വത്തിന്റെ മാസവും പ്രസിദ്ധീകരണഞായറാഴ്ചയും നമുക്കു നൽകുന്ന ദൗത്യം ഈ പ്രചാരണപ്രേഷിതത്വമാണ്. സാഹിത്യകാരന്മാരും ലേഖകന്മാരും മുദ്രണരംഗക്കാരും ചുരുക്കം ചിലർ മാത്രമാണ്. എന്നാൽ അവരുടെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമെടുക്കേണ്ടവർ അസംഖ്യം വായനക്കാരാണ്, പൊതുജനങ്ങളാണ്. മുദ്രിതമായ ഗ്രന്ഥങ്ങളേയും പത്രമാസികകളേയും പൊതുജനങ്ങളുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിക്കുന്ന പ്രേഷിതവൃത്തിയാണ് മുദ്രാലയപ്രേഷിതത്വത്തിൽ അത്യധികം പ്രായോഗികമായ പ്രാധാന്യമർഹിക്കുന്നതു്. തന്മൂലം മുദ്രാലയപ്രേഷിതത്വത്തിനുള്ള തിരുസഭയുടെ ആഹ്വാനത്തിൽ സർവ്വപ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടാകേണ്ട കത്തോലിക്കാപ്രസിദ്ധീകരണപ്രചാരണതീക്ഷ്ണതയാണ്. വെളിച്ചത്തിൽ ജീവിക്കുകയും പ്രകാശത്തിന്റെ ദീപം വഹിക്കുകയും ചെയ്യുന്ന ഓരോ കത്തോലിക്കനും ഈ സത്യപ്രകാശത്തെ അന്ധകാരത്തിൽ തപ്പിത്തടയുന്ന അയാളുടെ സഹോദരനു മാർഗ്ഗദീപമാകത്തക്കവണ്ണംസേവനം നിർവ്വഹിക്കണം. പ്രസംഗംകൊണ്ടോ വാദപ്രതിവാദംകൊണ്ടോ സത്യത്തെ സ്ഥാപിക്കുന്നതിനു പലർക്കും കഴിവില്ലെന്നുവരാം. ഉത്തമഗ്രന്ഥങ്ങൾ രചിച്ചോ ലേഖനപരമ്പരകൾ എഴുതിയോ തൂലികായോധനം നടത്താൻ പലർക്കും കെല്പില്ലായിരിക്കാം. എന്നാൽ സൽഗ്രന്ഥങ്ങളും നല്ല പത്രമാസികകളും പ്രചരിപ്പിക്കുവാൻ—ഓരോ വീട്ടും കയറിയിറങ്ങി ഈ സത്യത്തിന്റെ ദീപത്തെ അവിടെ പ്രോജ്ജ്വലിപ്പിക്കുവാൻ—സന്മനസ്സും സേവനതല്പരതയും പ്രേഷിതമനോഭാവവുമുള്ള ആർക്കാണ് സാധിക്കാത്തതു്? സത്യത്തെ പ്രചരിപ്പിക്കുന്ന, വിജ്ഞാനത്തേയും ജീവിതാനന്ദത്തേയും പ്രദാനം ചെയ്യുന്ന, നശീകരണശക്തികളേയും വഞ്ചനാത്മകമായ അവരുടെ പ്രചാരണങ്ങളേയും തകർക്കുന്ന മനോമോഹനവും രക്ഷാദായകവുമായ ഈ പ്രേഷിതത്വത്തിൽ പങ്കെടുക്കുന്നതിനു മാനവസ്നേഹികളായ സഹൃദയന്മാർ മടിക്കുമോ? മുദ്രാലയപ്രേഷിതത്വത്തിന്റെ പ്രത്യേകാവസരമായ ഫെബ്രുവരി മാസത്തിൽ ഓരോ കത്തോലിക്കനേയും ഈ പ്രേഷിതചൈതന്യം ഉജ്ജ്വലമാക്കട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഓരോരുത്തരും അവരവരുടെ കഴിവിൽപെട്ട സേവനം അനുഷ്ഠിക്കുന്നതിനു ആത്മധൈര്യത്തോടും ത്യാഗമനോഭാവത്തോടുംകൂടി രംഗത്തിറങ്ങുന്നതിനു സാദരം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മുദ്രാലയപ്രേഷിതത്വം വിജയിക്കട്ടെ!

—o—

പ്രസാധകക്കുറിപ്പുകൾ

## അൽമായപണ്ഡിതന്ന ദൈവശാസ്ത്ര ബിരുദം

വൈദിക സെമ്മിനാരികളുടേയും കലാലയങ്ങളുടേയും നിയന്ത്രണം വഹിക്കുന്ന റോമിലെ തിരുസംഘം മി. ഫ്റാങ്ക ജെ. ഷീഡ് എന്ന വിശ്രുതപണ്ഡിതന്നു ദൈവശാസ്ത്രത്തിൽ ഡോക്ടറേററു ബിരുദം ബഹുമാനസൂചകമായി പ്രദാനം ചെയ്തിരിക്കുന്നു. ലോവേയ് യൂണിവേഴ്സിററിയോടു ഏററവും കൂടുതൽ ബന്ധപ്പെട്ട ലില്ലിയിലെ കത്തോലിക്കായൂണിവേഴ്സിററി ഫാക്കൽട്ടിയാണു ഈ ബിരുദം തിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ചു അദ്ദേഹത്തിനു നൽകുക. ഒരൽമായപണ്ഡിതനു ഈ ബിരുദം ലഭിക്കുന്നതു ഇതാദ്യമായിട്ടാണു. മി. ഫ്റാങ്കുഷീഡിന്റെ പ്രശസ്ത സേവനത്തെ ആദരിച്ചാണു ഈ ബിരുദദാനം നടത്തപ്പെടുന്നതു. അദ്ദേഹം പ്രസിദ്ധ ഗ്രന്ഥകാരനും വാഗ്മിതയുള്ള പ്രസംഗകനുമാണു. മതതത്വപ്രബോധകങ്ങളായ നിരവധി ശാസ്ത്രീയ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു. "ദൈവശാസ്ത്രവും ബുദ്ധിപ്രവർത്തനവും," "വിവാഹത്തിന്റെ അസാധുത" എന്നീ രണ്ടു കൃതികൾ അദ്ദേഹത്തിന്റെ ഉത്തമഗ്രന്ഥങ്ങളാണു. വിവാഹത്തെ സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ ഈ ഗ്രന്ഥത്തെ അതിശയിക്കത്തക്ക ഒരു പ്രതിപാദനം തദ്വിഷയത്തിൽ വേറെയില്ലെന്നാണു പണ്ഡിതമതം. കൂടാതെ ഇംഗ്ലണ്ടിലെ വിശ്വപ്രശസ്തമായ "കാത്തലിക്ക് എവിഡൻസ് ഗിൽഡി"ലെ അദ്വിതീയ നേതാവാണദ്ദേഹം. സിഡ്നിയൂണിവേഴ്സിററിയിൽനിന്നു നിയമബിരുദം കരസ്ഥമാക്കിയശേഷം അദ്ദേഹം ലണ്ടനിൽവന്നു ജോലിയാരംഭിച്ചു. പരേതനായ വെർണൻ റെഡ്‌വുഡ് കാത്തലിക്ക് എവിഡൻസ് ഗിൽഡു സ്ഥാപിച്ച കാലമായിരുന്നു അതു. അന്നുമുതൽ അതിൽ അദ്ദേഹം ഊർജ്ജിതമായ സേവനം അനുഷ്ഠിച്ചുപോന്നു. 1922ൽ വെസ്റ്റ്മിനിസ്റ്റർ ഗിൽഡിന്റെ "മാസ്റ്റർ" സ്ഥാനത്തു അദ്ദേഹം നിയമിക്കപ്പെട്ടു. അതിനുശേഷം ഇടവിട്ടു പല പ്രാവശ്യം തൽസ്ഥാനത്തിൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു. ഗിൽഡു പ്ലാററുഫോറങ്ങളിലേക്കു പ്രസംഗചാതുര്യംകൊണ്ടു വലിയ ജനക്കൂട്ടങ്ങളെ ആകർഷിക്കുന്നതിനും, സത്യമതതത്വങ്ങൾ വിശദമായി പഠിപ്പിച്ചു അവരെ ഉൽബുദ്ധരാക്കുന്നതിനും അദ്ദേഹത്തിനു അസാധാരണമായ കഴിവുകളുണ്ടു. അഗാധമായ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തേയും ആദർശപരമായ അദ്ദേഹത്തിന്റെ സേവനചരിത്രത്തേയും ആധാരമാക്കിയാണു തിരുസംഘം അനിതരസാധാരണമായ വിധം ഈ ദൈവശാസ്ത്രബിരുദം അദ്ദേഹത്തിനു പ്രദാനം ചെയ്തിട്ടുള്ളതു. അൽമായ വിഭാഗത്തിനു പൊതുവെ ഇതു പ്രോത്സാഹജനകമാകാതിരിക്കുകയില്ലല്ലോ.

* * *

## മഹിളകളുടെ കഴിവുകൾ

### മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്നു

ആധുനിക നാഗരികതയുടെ ഭൗതികാത്മകമായ വ്യതിയാനങ്ങളേയും അതു വിപത്തുകളെ നേരിടുന്നതിൽ മഹിളകൾക്കുള്ള പ്രത്യേക കഴിവുകളേയും വിശദമാക്കിക്കൊണ്ടു പരിശുദ്ധമാർപ്പാപ്പാ ഈയിടെ അവിടുത്തെ സന്ദർശിച്ച "ഇന്റർനാഷനൽ കമ്മിററി ഫോർ ദി യൂണിററി ആന്റു യൂണിവേഴ്സാലിററി ഓഫ് കൾച്ചർ" (സാംസ്കാരിക ഐക്യത്തിനും സർവസാഹോദര്യത്തിനുംവേണ്ടിയുള്ള അന്താരാഷ്ട്രീയസമിതി) സംഘടനയിലെ 80 മഹിളാപ്രതിനിധികളോടു ഒരു പ്രസംഗം ചെയ്തിരിക്കുന്നു. തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:- ഭൗതികാത്മകമായ നാഗരികത അതിനു പ്രകൃതിശക്തികളുടെ മേലുള്ള നിയന്ത്രണത്തെ മാനുഷികമാത്രമായ ഘടകങ്ങളിലേക്കു മാററിസ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു. ചിലപ്പോൾ കാപട്യപൂർവ്വകമായും നിശ്ശബ്ദമായും, ചിലപ്പോൾ ബലം പ്രയോഗിച്ചും അതു നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നു. യഥാർത്ഥമായ സ്വാതന്ത്ര്യബോധത്തെ നിശ്ശേഷംനിഹനിക്കുന്നതിനും, മനുഷ്യഹൃദയങ്ങളെ നിഷ്ഠുരമായ അടിമത്തത്തിൽ കുടുക്കുന്നതിനുംവേണ്ടി "വിധികല്പിത"സിദ്ധാന്തത്തെ അവന്റെ മേൽ അടിച്ചേൽപ്പിക്കുകയാണു. ഈ വിപത്തിനെ ഫലപ്രദമായി നേരിടേണ്ടതും ജനസമൂഹത്തിലെ സജീവശക്തികളെയെല്ലാം തദർത്ഥം ഉൽബുദ്ധമാക്കേണ്ടതും അത്യാവശ്യമാണു. ഇതുമൂലം വന്നു വശായിട്ടുള്ള വിപത്തുകളെ ശരിയായി മനസ്സിലാക്കുന്നതിനും, ഏററവും ഫലപ്രദമായ പ്രതിവിധികളെ പ്രയോഗിക്കുന്നതിനും സ്ത്രീകൾക്കാണു കൂടുതൽ സാദ്ധ്യമാവുക. അതിനുള്ളമാർഗ്ഗം ആദ്ധ്യാത്മികവും ധാർമ്മികവുമായ കഴിവുകളെ പുനരുജ്ജീവിപ്പിക്കുകയാണു." പരിശുദ്ധ മാർപ്പാപ്പായുടെ ഈ ഉൽബോധനം സ്ത്രീലോകത്തെ ആകമാനം ഉത്തേജിപ്പിക്കേണ്ടതത്രേ. ആധുനികലോകത്തിൽ ഓരോ ജീവിതരംഗങ്ങളിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ധാർമ്മികാധഃപ്പതനം പരിഷ്കാരത്തിന്റേയും നാഗരികതയുടേയും കള്ളലേബലുകളിൽ അതിവേഗം പ്രചരിച്ചുകൊണ്ടാണിരിക്കുന്നതു. സമുദായത്തിൽ സ്ത്രീവിഭാഗത്തിനുള്ള നിയന്ത്രണശക്തി ഇതിനെതിരായി തിരിച്ചുവിടുകയും, അവർ സംഘടിതമായുംസേവനോൽസുകതയോടുകൂടിയും പ്രവർത്തിക്കുന്നതിനു ഉത്തേജിപ്പിക്കുകയുമാണു പരിശുദ്ധ പിതാവിന്റെ ഉൽബോധനത്തിൽചെയ്തിട്ടുള്ളതു. മഹിളാവിഭാഗം ഈ ആഹ്വാനത്തെ ശിരസ്സാവഹിക്കുന്നതിൽ അലസത ഭാവിക്കുകയില്ല എന്നു വിശ്വസിക്കാം.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

2 വ്യാ: കന്യകമറിയത്തിന്റെ ശുദ്ധീകരണം
3 വെ: വി. ബ്ളാസിയോസ്
4 ശ: വി. അന്ത്രയോസ് കർസീനോസ്
5 ഞാ: 60-ാം ഞായർ
6 തി: വി. തെത്തോസ്
7 ചൊ: വി. റോമുവാൾദോസ്
8 ബു: വി. മാത്തായിലെ യോഹന്നാൻ

### ജപാപ്പസ്തോലസഖ്യത്തിന്റെ ഫെബ്രുവരിമാസത്തിലെ

പൊതുനിയോഗം

"അമിതമായ മദ്യപാനത്തിൽനിന്നും മററു ധൂർത്തുകളിൽനിന്നും ജനങ്ങൾ വിരമിക്കുന്നതിനു"."

വേദപ്രചാരനിയോഗം


"വിയററ്നാമിലെ തിരുസഭക്കുവേണ്ടി"

വാരാന്ത്യവീക്ഷണം

## ഈജിപ്തിലെ പുതിയ ഭരണഘടന

പ്രധാനമന്ത്രി നാസർ കഴിഞ്ഞ ആഴ്ച ഈജിപ്തിനു ഒരു പുതിയ ഭരണഘടന പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതു ഗവൺമെന്റിന്റെ നിർദ്ദേശം മാത്രമാണു. ഒരു ഹിതപരിശോധന വഴിയായി പൊതുജനങ്ങൾ ഇതിനെ സ്വീകരിക്കേണ്ടതാണു. ഇതിലേക്കുള്ള ഹിതപരിശോധന അടുത്ത ജൂൺമാസത്തിൽ നടക്കുന്നതാണു. പുതിയ ഭരണഘടനയെ ജനങ്ങൾ സ്വീകരിക്കുമെന്നുള്ളതു നിശ്ചയമാണു. ഭരണഘടനപ്രകാരം ഈജിപ്തിനു തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റും ഒരു മണ്ഡലം മാത്രമുള്ള പാർലമെന്റുമുണ്ടായിരിക്കുന്നതാണു. ഇംഗ്ലണ്ടിലും അമേരിക്കയിലും മററുമുള്ള രീതിയിൽ രാഷ്ട്രീയ കക്ഷികൾ ഉണ്ടായിരിക്കയില്ലെന്നു പറയുന്നതുകൊണ്ടു കൂടെക്കൂടെ മന്ത്രിസഭാകുഴപ്പങ്ങളും അധികാരത്തിനുവേണ്ടി രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള വടംവലികളും ഒഴിവാക്കുന്നതിനു ഭരണഘടന നിർമ്മിച്ചവർ ശ്രമിച്ചിട്ടുണ്ടെന്നു സ്പഷ്ടമാണു. പ്രായപൂർത്തിയായ സ്ത്രീകൾക്കും വോട്ടവകാശം ലഭിക്കുന്നതാണു. ഇതു ഈജിപ്തിൽ ആദ്യമായിട്ടാണു. ഈജിപ്തു ഒരു അറബിരാഷ്ട്രമാണെന്നും രാഷ്ട്രത്തിന്റെ ഔദ്യോഗികമതം ഇസ്ലാമായിരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ടു. മൊറോക്കോമുതൽ ഇറാക്കുവരെ വ്യാപിച്ചുകിടക്കുന്ന അറബിരാജ്യങ്ങളിൽ വിദേശിയരുടെ ഇടപെടൽ തങ്ങൾ അനുവദിക്കയില്ലെന്നുള്ള ഒരു സൂചനയും കാണുന്നുണ്ടു. ഇസ്ലാമികരാജ്യമാണു ഈജിപ്തെന്നു പറയുന്നുണ്ടെങ്കിലും ന്യൂനപക്ഷങ്ങൾക്കു എന്തെങ്കിലും അവകാശക്കുറവുണ്ടായിരിക്കുമെന്നു സൂചനയൊന്നുമില്ല. പാക്കിസ്ഥാനിലെ പുതിയ ഭരണഘടനപ്രകാരം ഒരു മുസ്ലീമിനു മാത്രമേ പ്രസിഡന്റായിരിക്കാൻ അവകാശമുള്ളു. ഈജിപ്തിൽ ന്യൂനപക്ഷങ്ങൾക്കു അങ്ങനെയൊരു അവശതയുണ്ടായിരിക്കയില്ല. ഈജിപ്തു ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമായിരിക്കുമെന്നു പുതിയ ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടു. സ്വകാര്യസ്വത്തു നിലവിലുള്ള ഇന്നത്തെ വ്യവസ്ഥിതി സമൂലം മാററുമെന്നു ഇതിനർത്ഥമില്ല. ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുന്നതിനുവേണ്ടിയുള്ള നിയന്ത്രണങ്ങളും സാമ്പത്തികനിയമങ്ങളുമുണ്ടായിരിക്കുമെന്നു മാത്രമേ ഇതുകൊണ്ടു അർത്ഥമുള്ളു. ഒരു ക്ഷേമരാഷ്ട്രമാണു ഭരണഘടനയുടെ ലക്ഷ്യം. സാമ്പത്തികമായും സാമൂഹ്യമായും വലിയ മാററങ്ങൾ വേണമെന്നു ഈജിപ്തിലെ നേതാക്കന്മാർ ആഗ്രഹിക്കുന്നില്ല.

For favours received



Inserted by
M. J.

### ഇൻഷ്വറൻസ് ദേശസാൽക്കരണം

പ്രസിഡണ്ടിന്റെ ഒരു ഓർഡിനൻസ് മൂലം ഇന്ത്യയിലെ ഇൻഷ്വറൻസ് കമ്പനികൾ ദേശസാൽക്കരിച്ചിരിക്കയാണു. പ്രതീക്ഷിച്ചിരുന്ന ഒരു സംഭവമാണിതു. സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു ക്ഷേമരാഷ്ട്രമാണല്ലോ കോൺഗ്രസിന്റെ ലക്ഷ്യം. അതുകൊണ്ടു ഇൻഷ്വറൻസ് ദേശസാൽക്കരണം കോൺഗ്രസിന്റെ പ്രഖ്യാപിതനയത്തിനു അനുസരണമാണു. പക്ഷെ ഇത്ര പെട്ടെന്നു വമ്പിച്ചതും ഒന്നിനൊന്നു അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നതുമായ ഈ വ്യവസായം ഗവൺമെണ്ടു നിയന്ത്രണത്തിലാക്കിയതു രണ്ടാം പഞ്ചവത്സരപദ്ധതിക്കുവേണ്ടി പണമുണ്ടാക്കുന്നതിനാണു. ഇൻഷ്വറൻസ് കമ്പനികൾക്കു ശരിയായ നഷ്ടപരിഹാരം കൊടുക്കുമെന്നു ധനകാര്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും വ്യവസായങ്ങളിൽ വളരെയധികം മുതൽ മുടക്കിയിട്ടുള്ളവരുടെയുള്ളിൽ ഇൻഷ്വറൻസ് ദേശസാൽക്കരണം പരിഭ്രമം ഉളവാക്കിയിട്ടുണ്ടു. ഇന്ത്യൻ വ്യവസായങ്ങളിൽ മുതൽമുടക്കുന്നതിനു ഭാവിയിൽ വിദേശികൾ കൂടുതൽ ഭയപ്പെടുമെന്നുള്ളതും സംഭവ്യമാണു. ദേശസാൽക്കരണത്തെപ്പററിയുള്ള ഭയംകൊണ്ടു വലിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനു സ്വദേശികൾക്കുള്ള ഉത്സാഹം തന്നെ കുറയുമെന്നും വേണം വിചാരിക്കുവാൻ. നമ്മുടെ ലക്ഷ്യം പൊതുവിഭാഗത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും സ്വകാര്യവിഭാഗത്തിന്റെ വ്യാപ്തി കുറയ്ക്കുന്നതിനുമാണെന്നും സോഷ്യലിസത്തിന്റെ ഉള്ളടക്കമതാണെന്നും പ്രധാനമന്ത്രി ഇൻഷ്വറൻസ് ദേശസാൽക്കരണത്തിനു ശേഷം ചെയ്ത ഒരു പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു. ഇൻഷ്വറൻസ് ദേശസാൽക്കരണം വലിയ വ്യവസായികളെ പരിഭ്രമിപ്പിച്ചിട്ടുണ്ടാകാമെങ്കിലും സാധാരണക്കാരനു അതുകൊണ്ടു ഗുണമേ ഉണ്ടാകുവാനുള്ളു. സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിലുള്ള ഇപ്പോഴത്തെ ഇൻഷ്വറൻസ് കമ്പനികളുടെ പ്രീമിയം നിരക്കുകൾ യഥാർത്ഥത്തിൽ വളരെക്കൂടുതലാണു. ഉയർന്ന ഇടത്തരക്കാർക്കും ധനവാന്മാർക്കുമാണു ഇൻഷ്വറൻസ് കമ്പനികൾകൊണ്ടു കാര്യമായ പ്രയോജനമുള്ളതു. ഗവൺമെണ്ടു നിയന്ത്രണത്തിലുള്ള കമ്പനികൾക്കു പ്രീമിയം നിരക്കുകൾ യുക്തിഭംഗം കൂടാതെ കുറേക്കൂടി കുറക്കുന്നതിനു സാധിക്കുമെന്നുള്ളതാണു ദേശസാൽക്കരണത്തിനുള്ള ഒരു പ്രയോജനം. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിലേക്കു ഇൻഷ്വറൻസ് കമ്പനികളുടെ മിച്ചധനം കുറെയൊക്കെ പ്രയോജനപ്പെടുത്താമെന്നുള്ളതാണു മറെറാരു പ്രയോജനം.

—o—

ഗദ്യകവിത

## കിരണങ്ങൾ

(ചാരുംമൂട്)

ഒരു മിന്നാമിനുങ്ങുപോലെയെങ്കിലും ഈ അന്ധകാരത്തിന്റെ നടുവിലൂടെ എനിക്കു കടന്നുപോകാൻ കഴിഞ്ഞിരുന്നെങ്കിൽ! സ്വയം പ്രകാശമില്ലാത്ത ഞാൻ എങ്ങനെ പ്രകാശിക്കും? ദിവാകരകിരണങ്ങളാൽ ശീതഭാനുപോലെ, നിത്യസൂര്യനായ ഈശോയുടെ ദിവ്യസ്നേഹരശ്മി എന്നിൽ പതിച്ചിരുന്നെങ്കിൽ!

ഒരു വിളിയുടെ ശബ്ദം! എന്നെ വിളിച്ചു! വിളിച്ചുവോ? അങ്ങനെ ഒരു തോന്നൽ. ഞാനുറങ്ങുകയായിരുന്നു. ഗാഢനിദ്രയോ? ഞാൻ തിരിഞ്ഞുകിടന്നു. മൂടിപ്പുതച്ചുകിടന്നു, തർശിസ്സിലേക്കുള്ള കപ്പലിന്റെ അടിത്തട്ടിൽ യോനായെപ്പോലെ.

വിളി! ആ വിളി! ഒരാഹ്വാനം. അന്തരംഗത്തിലങ്ങനെ ഒരു സന്ദേഹം. എന്നെ വിളിച്ചുവോ? ഏതോ ഒരു സന്ദേശം ഹൃദയത്തിന്റെ കലവറയിൽ മന്ത്രിക്കുന്നതുപോലെ. കൊടുംവെയിലിൽ പിഴുതിട്ട ഇളംചെടികണക്കെ തളർന്നുകിടന്ന ഈ തടിക്കുള്ളിൽ ഒരു ജീവസ്പന്ദനം വ്യാപിക്കുന്നതുപോലെ. വൈദ്യുതകമ്പിയിലൂടെ ശക്തി പ്രവഹിക്കുന്നതുപോലെ.

എന്റെ പേരുചൊല്ലി എന്നെ വിളിക്കുന്നുവോ? എന്റെ അന്തിമോഹം. ഞാനാഗ്രഹിച്ചു, ആ ഭവ്യോന്നതഗിരിയിലേക്കു പറന്നുയരാൻ. ബാലനായ സാമുവൽ ഞെട്ടിയുണർന്നു് ഏലിയുടെ സന്നിധിയിലണയാൻ കാരണമായ ആ ദിവ്യാഹ്വാനം. ലാസറിനെ ശവക്കല്ലറയിൽനിന്നും പുറത്തുകൊണ്ടുവന്ന ശക്തമായ ആ വിളി.

ഞാനോ? ഞാൻ ഒന്നുകൂടി ചുരുണ്ടുകൂടിക്കിടന്നു. മൂടിപ്പുതച്ചു. വെളിച്ചത്തിലേക്കു നോക്കുവാൻ അശക്തങ്ങളായ നയനങ്ങൾ ഇറുക്കിയടച്ചു. അന്ധകാരത്തിന്റെ കരിമ്പടത്തിരശ്ശീല ഇരുഭാഗങ്ങളിലേക്കും വലിച്ചുകീറിക്കൊണ്ടു സുധാകരൻ ഉദിച്ചുയരുകയാണു. വെളിയിലേക്കു നോക്കാൻ ഞാൻ ഭയപ്പെട്ടു. എണ്ണിയാലൊടുങ്ങാത്ത നക്ഷത്രങ്ങൾ വിവിധ കഴിവിൽ അവിടെ പ്രകാശിക്കയാണു, തിരുസ്സഭാനഭസ്സിലെ പുണ്യാത്മാക്കൾ. ആ ദിവ്യദീപ്തിവ്യൂഹത്തിലേക്കു നോക്കാൻ ഞാൻ ഭയപ്പെട്ടു. എന്റെ കണ്ണുകൾ ഒന്നുകൂടി ഇറുക്കിയടച്ചു, അന്ധകാരത്തിലഭയംതേടാൻ!

ഈ മഞ്ഞുകട്ടി, കർമ്മവിമുഖതയാൽ, അലസതയാൽ, ലൗകികസുഖഭോഗാഭിലാഷങ്ങളാൽ ഉറഞ്ഞു കട്ടപിടിച്ചു— മരവിച്ചു— ഞാൻ നിർജ്ജീവാവസ്ഥയിലായിരുന്നു.

ആ വിളി! ശക്തമായ ഒരു തട്ട്! ഉഗ്രമായ ഒരാജ്ഞ! പ്രകാശിക്കൂ! എഴുന്നേൽക്കൂ! എന്നെ ആവരണംചെയ്തിരുന്ന ആ കരുത്തവസ്ത്രം അകന്നകന്നുപോയി, കാറററു് കാർമേഘം പറന്നുപോകുംപോലെ. എന്റെ നയനങ്ങൾ തുറന്നു. എന്നെ സ്പർശിച്ച കരങ്ങൾ, "സത്യദീപ"മായ സൂര്യ



കിരണങ്ങൾ. ഞാനെഴുന്നേററിരുന്നു. വെളിയിലേക്കു നോക്കി. അന്ധകാരം ഒളിവിടം അന്വേഷിച്ചിരിക്കുന്നു.

ഞാൻ ബോധാവസ്ഥയിലാണോ? ഞാൻ—ഞാൻതന്നെയോ? ഞാനെന്നെ നോക്കി. പരിസരങ്ങളിലേക്കു നോക്കി. എല്ലാം വ്യക്തം. ആ ദിവ്യസൂര്യകിരണങ്ങൾ എന്നിലേക്കു പതിക്കയാണ്. അന്ധകാരത്തിലും മഞ്ഞുനീരലിലും മരവിച്ചുകിടന്ന ഞാൻ ദിവ്യസ്നേഹാഗ്നിയാകുന്ന കിരണങ്ങളേററു ജലകണങ്ങളായി. അല്ല, ആവിയായി, ഉയരുകയായി!

ആ വിളി! ആജ്ഞ! ഞാൻ വരികയാണ്. ഇല്ല, ഇനി പുറകോട്ടില്ല. മ്ലേച്ഛതയുടെ വസ്ത്രം എന്നിൽനിന്നു ഉരിയപ്പെട്ടു. എൻെറ അഭിലാഷം ചിറകുവിരിച്ചു പറന്നുയരുകയാണ്. മരുഭൂമിയിൽനിന്നും മാറാറാലികൊണ്ടു ആ ശബ്ദം ദിഗന്തങ്ങളിൽ മുഴങ്ങുന്നു. ഒരു നവോന്മേഷത്തോടുകൂടി, സനാഥനമായി, ആ നാദം. തിരുമേനിയുടെ വഴിത്താരയിൽ പൂവിതറാൻ. എൻെറ തിരുമനിക്കെഴുന്നെള്ളാനുള്ള വഴിയൊരുക്കാൻ. കല്ലുകളും മുള്ളുകളും ഞാൻ പെറുക്കിമാററട്ടെ! വെണ്മയേറിയ പഞ്ചാരമണ്ണു ഞാൻ നിരത്തട്ടെ! മേത്തരം പരവതാനി ഞാൻ വിരിക്കട്ടെ! ദിവ്യസുഗന്ധവാഹികളായ നാനാവിധ കുസുമസമൂഹങ്ങളാൽ ആ പാത പരിപൂതമാകട്ടെ! മന്ദപവനൻ ആ ദിവ്യസന്ദേശം പരിസരങ്ങളിലറിയിക്കട്ടെ!

---

പെ. ബ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ രോഗശാന്തി ലഭിച്ചതിനു് ഉപകാരസ്മരണ.

മുള്ളുകുഴിയിൽ അവിരാ അന്നം വാഴക്കുളം

---

## ഇടവകവാർത്തകൾ

**ചൊവ്വന്നൂർ:** സ്ഥലത്തെ ഉപവിയുടെ കന്യാസ്ത്രീമഠത്തിൽ വച്ചു ജനുവരി 26-ാംനു- കാലത്തു തൃശ്ശൂർ മെത്രാൻ മൊററ് റവ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സിലെ മുമ്പാകെ 12 നവസന്യാസിനികൾ വ്രതവാഗ്ദാനം നിർവഹിക്കുകയും 10 പേർ സഭാവസ്ത്രം സ്വീകരിക്കയും ചെയ്തു. വ്രതവാഗ്ദാനം ചെയ്തവരിൽ സിസ്റ്റർ സ്റ്റെല്ല ആലുവാ ഇടവകയിൽ കൈമാപറമ്പിൽ കുടുംബാംഗമാണ്. പ്രസ്തുത മഠത്തിലെ കന്യാസ്ത്രീകൾ തൃശ്ശൂർ കുഷ്ഠരോഗാസ്പത്രിയിലും കാഞ്ഞിരപ്പള്ളി കടമപ്പുഴ ഡിസ്പെൻസറിയിലും സേവനമനുഷ്ഠിക്കുന്നു.

**കോട്ടയം:** സ്ഥലം കോളേജ് കാത്തലിക്ക് സ്ററുഡൻസ് അസോസിയേഷൻെറ വാർഷികം ജനു. 22-ാംനു- ഞായറാഴ്ച പകൽ 3 മണിക്കു് സ്ഥലം സെൻററൻറണീസ് ഹൈസ്കൂൾഹാളിൽവച്ചു അഭിവന്ദ്യ പാലാ ബിഷപ്പു തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. എറണാകുളം ആർച്ചു് ബിഷപ്പു് തിരുമനസ്സിലെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടുള്ള പ്രമേയം ശ്രീമതി ആഗ്നസ് ഐസക്ക് അവതരിപ്പിച്ചു. കളക്ടർ ശ്രീ ജോർജ്ജ് തോമസ്, റവ. ഫാദർ ആൻറണി എന്നിവർ പ്രസംഗിച്ചു. മീററിങ്ങിനുശേഷം നടന്ന കംപ്പിസല്ലാരത്തിൽ ശ്രീമാന്മാരായ തോമസ് ജോൺ, കുര്യൻ ജോൺ, ഉലഹന്നൻ എന്നിവർ ടോസ്റ്റു് പ്രസംഗങ്ങൾ നടത്തി.

**ചെമ്മലമററം:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം, സെൻറ് ആൻറണസ് കോൺഫറൻസിൻെറ പ്രഥമ വാർഷികാഘോഷങ്ങൾ ജനു. 22-ാംനു- ഞായറാഴ്ച അത്യാഡംബരപൂർവ്വം നടത്തപ്പെട്ടു. ചങ്ങനാശേരിമെത്രാൻ മൊററ് റവ. മാർ മാത്യു കാവുകാട്ടു തിരുമേനി പൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. റവ. ഫാദർ ജെ എം മാപ്രക്കരോട്ട്, ശ്രീ സി. ജെ. സെബാസ്റ്റ്യൻ എം എ എന്നിവർ പ്രസംഗിച്ചു. പ്രസ്തുത സംഘടന ഇക്കൊല്ലം 1300-ൽപരം രൂപാ പരസ്നേഹപ്രവർത്തനങ്ങൾക്കായി ചെലവാക്കിയതായി റിപ്പോർട്ടുചെയ്യപ്പെട്ടു. സ്ഥലത്തെ കാസനാം നടനകലാസമിതി "വിശുദ്ധ ഫിലോമിനാ" എന്ന സംഗീതനാടകം വിജയകരമായി നടത്തുകയുണ്ടായി.

**വടക്കേപുറം:** അട്ടച്ചാക്കൽ ഓർത്തഡോക്സ് പള്ളി ഇടവകാംഗമായിരുന്ന കണിയിട്ടേത്തു് മി കെ എം സ്കറിയാ തൻെറ കുടുംബാംഗങ്ങളായ ഒമ്പതു് പേരോടുകൂടി, റവ ഫാദർ ശങ്കരത്തിലിൻെറ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു് കത്തോലിക്കാ തിരുസഭയിൽ ചേർന്നിരിക്കുന്നു.

**പുത്തൻകാട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒമ്പതാം വാർഷികസമ്മേളനം ജനു: 22-ാം തിയതി പള്ളിയങ്കണത്തിൽവച്ചു ഷെവ: ജോസഫ് പെട്ട എം എയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. റവ ഫാദർ ആൻറണി വെള്ളാനിപറമ്പൻ സ്വാഗതംപറഞ്ഞു ശ്രീ എ സി റപ്പായി പ്രസംഗിച്ചു. സഖ്യാംഗങ്ങൾ "പ്രത്യാഗമനം" എന്ന നാടകം അതിതന്മയത്വത്തോടെ അഭിനയിക്കുകയുണ്ടായി.

**തെല്ലിമററം:** എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിക്കുന്നതിനായി റവ ഫാദർ തോമസ് പാലത്തിങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം സെൻറ് ജോസഫ്സ് സ്കൂൾ ഹാളിൽവച്ചു് ഒരു യോഗം കൂടുകയും മി ഇ വി സേവ്യർ, കുമാരി എം വി ത്രേസ്യാക്കുട്ടി, പി എം ബേബി, ടി ജെ ത്രേസ്യാക്കുട്ടി എന്നിവർ പ്രസംഗിക്കുകയും അനുശോചനം പ്രകടിപ്പിക്കയും ചെയ്തു.

**ഏങ്ങണ്ടിയൂർ:** സ്ഥലത്തെ സൗജന്യാസ്പത്രിയുടെ ധനശേഖരത്തിനായി ശ്രീ ജോസഫ് കൈമാപറമ്പൻ ഹൈസ്കൂളങ്കണത്തിൽവച്ചു് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**പൈങ്ങളം:** വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാളിനോടനുബന്ധിച്ചു് റവ ഫാദർ തിയോഡോഷ്യസ് എം എ പി എച്ചു് ഡി യുടെ പ്രസംഗവും ശ്രീ ജോസഫ് കൈമാപറമ്പൻെറ കഥാപ്രസംഗവുമുണ്ടായിരുന്നു.

**ചെല്ലാനം:** 7 ദിവസങ്ങളിലായി ആചരിക്കപ്പെട്ട വിശുദ്ധ സെബസ്ത്യാനോസിൻെറ കൊമ്പ്രിയത്തിരുനാൾ സമാപനദിവസത്തിൽ സാഹിത്യതിലകൻ റവ ഫാദർ സി കെ മററത്തിൻെറ പ്രസംഗവും ശ്രീ കൈമാപറമ്പൻെറ കഥാപ്രസംഗവുമുണ്ടായിരുന്നു.

**കറാനം:** ജനുവരി 22-ാം തിയതി ഞായറാഴ്ച സ്ഥലം പോപ്പ് പയസ് XI ഹൈസ്കൂളിൽ ചേർന്ന കറാനം, കാത്തിയാട്, ചാത്തമ്പൂട്, വെട്ടിയാർ ആദിയായ ഇടവകകളിലെ പ്രിസിദിയങ്ങളുടെ സംയുക്തക്യൂറിയാമീററിംഗിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു പാസാക്കി.

**കരിക്കോട്ടക്കരി:** എറണാകുളം അതിരൂപതയുടെ ആർച്ചുബിഷപ്പു് തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിക്കുന്നതിനായി ജനു:15-ാംനു- തലശ്ശേരിരൂപതയിൽപ്പെട്ട കരിക്കോട്ടക്കരി സെൻറ് തോമസ് പള്ളിയിടവകക്കാർ റവ ഫാദർ ജോസഫ് മഞ്ചുവള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗംകൂടി അനുശോചനപ്രമേയം അവതരിപ്പിക്കുകയും എല്ലാവരും മൌനമായി എഴുന്നേററുനിന്നു പാസാക്കുകയുംചെയ്തു.

**വരന്തരപ്പിള്ളി:** സ്ഥലം ആശ്രമസംരക്ഷണത്തിൽ നടത്തിവരുന്ന വിൻസെൻറ് ഡി പോൾ സഖ്യം, മരിയസഖ്യം എന്നിവയുടെ സംയുക്തവാർഷികം ജനു: 22-ാംനു- സായാഹ്നത്തിൽ റവ ഫാദർ ജെ ചെമ്മണ്ണൂർ ബി എ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീ സി ജെ ആൻഡ്രൂസ് എം എ പ്രസംഗിച്ചു. വേദോപദേശപ്പരീക്ഷയിൽ സമ്മാനാർഹരായ 14 ബാലികാബാലന്മാർക്കു സ്വർണ്ണക്കാശുരൂപങ്ങൾ സമ്മാനമായി നൽകപ്പെട്ടു. യോഗാനന്തരം സഖ്യാംഗങ്ങൾ "കുഴിമാടം" എന്ന സംഗീതനാടകം തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**പള്ളിപ്രം:** ഈ ഇടവകയിൽ നടുവത്തേഴത്തു ശ്രീ ആൻറണിയുടെ മകൻ ശ്രീ എൻ എ സേവ്യറും, വെച്ചൂർപള്ളിയിടവക കളത്തിൽ ജോസഫിൻെറ മകൾ കുമാരി മേരിക്കുട്ടിയും തമ്മിലുള്ള വിവാഹം ജനുവരി 16-ാംനു- പള്ളിപ്രം ഫൊറോനാപ്പള്ളിയിൽവച്ചു സാഘോഷം നടത്തപ്പെട്ടു.

**ഒല്ലൂർ:** സ്ഥലം പള്ളിപ്പരിസരത്തിൽ "സത്യദീപം" കാവലില്ലാതെ ഞായറാഴ്ചദിവസം വില്പനനടത്തിവരുന്നു. തുടർച്ചയായി നാലാഴ്ചയിലെ വില്പന പരിപൂർണ്ണവിജയമായി കണ്ടിട്ടുണ്ട്. ഓററതിരിഞ്ഞും അകലേയുമായി താമസിക്കുന്നവർക്കു് പള്ളിയിൽപോകുമ്പോൾ 2 ണ ചെപ്പിലിട്ടു് സത്യദീപം എടുക്കുന്നതിനു സൗകര്യപ്പെടുന്നു. മററിടവകകളിലും ഇതു പരീക്ഷിച്ചുനോക്കിയാൽ സത്യദീപത്തിൻെറ വില്പന കൂട്ടുന്നതിനു് ഇടയുണ്ടെന്നു തോന്നുന്നു, (സ. ദീ. ഏജൻറ്)

**കിഴവറയാർ:** മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സിലെ ആത്മശാന്തിക്കായി സ്ഥലം പള്ളിയിടവകക്കാർ എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ ദിവ്യബലിസമർപ്പണവും ഒപ്പീസുമുണ്ടായിരുന്നു. അനന്തരം സ്ഥലം സ്കൂൾഹാളിൽ ആബാലവൃദ്ധം ജനങ്ങൾ ഫാദർ എ വെള്ളാപ്പുറ്റ് അവർകളുടെ അദ്ധ്യക്ഷതയിൽ യോഗംചേരുകയും അഡ്വക്കേററ് വർഗ്ഗീസ് തോമസ് പ്രസംഗിക്കുകയും അനുശോചനപ്രമേയം പാസ്സാക്കുകയുംചെയ്തു.

## ചരമവാർത്തകൾ

**ആയവന:** ആയവനപ്പള്ളിയിടവക നീരാലിക്കൽ ചാക്കോ പൈലി, 72-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം, റവ ഫാദർ മാത്യു കമ്മട്ടിയുടെ ചരമപ്രഭാഷണാനന്തരം റവ ഫാദർ സെബാസ്റ്റ്യൻ മഠത്തിനാലിൻെറ പ്രധാന കാർമ്മികത്വത്തിലും മററു പല ബ വൈദികരുടെ സഹായത്തോടുകൂടിയും ശവസംസ്കാരകർമ്മം നടന്നു.

**ഉപ്പുതറ:** സ്ഥലം സെൻറ് ഫിലോമിന പള്ളി ഇടവക വട്ടക്കുന്നേൽ മത്തായി ത്രേസ്യാം

# വിവിധവൃത്താന്തങ്ങൾ

## ഇഗ്നേഷ്യൻ വത്സരം

### റോമിൽ ഉൽഘാടനം ചെയ്തു

ഈശോസഭാ സ്ഥാപകനായ വിശുദ്ധ ഇഗ്നേഷ്യസിൻെറ ചരമത്തിൻെറ 4-ാംശതാബ്ദപൂർത്തി സംബന്ധിച്ച ആഘോഷപരിപാടികൾ വിശുദ്ധൻെറ നാമത്തിൽ റോമിലുള്ള ഏററം പുരാതനമായ ദേവാലയത്തിലെ ദിവ്യബലി സമർപ്പണത്തോടുകൂടി സമാരംഭിച്ചിരിക്കുന്നു. റോമിലെ വൈസ്-ജനറായ ട്രാഗിളിയാ മെത്രാപ്പോലീത്താ തിരുമേനിയായിരുന്നു പ്രധാന കാർമ്മികൻ. വിശുദ്ധൻെറ ജീവിതത്തേയും പഠനങ്ങളേയും പരാമർശിച്ചു അദ്ദേഹം ഒരു പ്രസംഗം ചെയ്തു. 15-ാം ഗ്രിഗോരിയോസ് മാർപ്പാപ്പാ വിശുദ്ധനെ പുണ്യപദത്തിൽ ഉയർത്തിയിട്ടു നാലുകൊല്ലം കഴിഞ്ഞപ്പോൾ— 1626-ൽ—പണിചെയ്യിക്കപ്പെട്ടതാണീ ദേവാലയം. ഉൽഘാടനാനന്തരം അതിൽ സംബന്ധിച്ച വൈദികരും വൈദികവിദ്യാർത്ഥികളുമായ 3000 ഈശോസഭാംഗങ്ങൾ പരിശുദ്ധമാർപ്പാപ്പായെ സന്ദർശിച്ചു വത്തിക്കാനിൽവച്ചു പരിശുദ്ധ പിതാവു് അവരുമായി കൂടിക്കാഴ്ച നടത്തി.

## വിശുദ്ധ മത്തായി

### അക്കൌണ്ടന്മാരുടെ മദ്ധ്യസ്ഥൻ

ഇററലിയിലെ അക്കൌണ്ടൻറുമാരുടെ നാഷനൽ അസോസിയേഷൻ സലേർണോയിലെ മെത്രാപ്പോലീത്താ മൊസ്കാട്ടോ തിരുമേനിവഴി നടത്തിയ അപേക്ഷ സ്വീകരിച്ചു അവരുടെ പ്രത്യേക മദ്ധ്യസ്ഥനായി വിശുദ്ധ മത്തായിയെ പരിശുദ്ധ മാർപ്പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. വിശുദ്ധൻ ക്രിസ്തുവിനാൽ ക്ഷണിക്കപ്പെടുന്നതിനും അപ്പസ്തോലസംഘത്തിൽ ചേരുന്നതിനും മുമ്പു കരംപിരിവു ജോലിയിലാണല്ലോ വ്യാപൃതനായിരുന്നതു്. സലേർണോയിലാണ് വിശുദ്ധൻെറ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെടുന്നതു്. അതുകൊണ്ടു് മോസ്കാട്ടോ തിരുമേനി ഈ അപേക്ഷയിൽ ഇടപെടുന്നതിനു തിരഞ്ഞെടുക്കപ്പെട്ടു.

---

80-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം 55 ഡിസംബർ 27-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചു. 28-ാം തിയതി വെട്ടിയാട്ടു ജയിംസ് അച്ചൻെറ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു.

ഉപ്പുതറ സെൻറ് ഫിലോമിന പള്ളി ഇടവക ചൂരനോലിക്കൽ ഉലഹന്നൻ മറിയം 90-ാമത്തെ വയസ്സിൽ ജനുവരി 9-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

വളരെ ആളുകളുടെ സാന്നിധ്യത്തിലും ബ വികാരി പാറേൽ തോമ്മാച്ചൻെറ പ്രധാനകാർമ്മികത്വത്തിലും മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു.

**ഏററുമാനൂർ:** ശ്രീ മാത്യു ജെ മരങ്ങാട്ടിക്കാലാ അവർകളുടെ മാതാവു ശ്രീമതി ഔസേപ്പു ത്രേസ്യാമ്മ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ 72-ാമത്തെ വയസ്സിൽ ജനുവരി 25-ാം തിയതി വെളുപ്പിനു നിര്യാതയായിരിക്കുന്നു. മൃതദേഹം റവ ഫാദർ ജോസഫ് ഏററുമാനൂക്കാരൻെറ പ്രധാന കാർമ്മികത്വത്തിൽ വെട്ടിമുകൾ പള്ളി സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു. ഇരിങ്ങാലക്കുടി സെൻറ് ജോസഫ്സ് കോളേജ് പ്രൊഫസർ ശ്രീ ററി. കെ. ദേവസ്യാ എം എ യുടെ പിതൃവ്യപത്നിയുമാണ് പരേത.

**ളാലം:** പുത്തേട്ടുകുന്നേൽ അവുസേപ്പു ഭാര്യ മറിയം ജനുവരി 15-ാംനു- ഞായറാഴ്ച 91-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു ശവസംസ്കാരകർമ്മം പിറേറദിവസം പേരാവൂർ പള്ളി സിമിത്തേരിയിൽ നിർവ്വഹിച്ചു.

R. I. P.

## മാർപ്പാപ്പാ നിർദ്ദേശിച്ച ഔഷധം

### അത്യുത്തമമെന്നു കൃഷ്ണമേനോൻ

മാർപ്പാപ്പായുടെ ക്രിസ്തുമസ്സു് സന്ദേശത്തിലെ നിർദ്ദേശങ്ങളെപ്പററി അമേരിക്കയിലെ ഇന്ത്യൻ അമ്പാസിഡർ മി. വി. കെ. കൃഷ്ണമേനോൻ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തിൽ അവ ലോകത്തിൻെറയും മാനവവംശത്തിൻെറയും രക്ഷയ്ക്കാവശ്യമായ പ്രത്യൗഷധമാണെന്നു പ്രസ്താവിച്ചിട്ടുള്ളതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. മി. കൃഷ്ണമേനോൻ പറഞ്ഞു: അണ്വായുധങ്ങളുടെ നിയന്ത്രണം ലോകത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, മാനവവംശത്തിൻെറ നിലനില്പിനെ സംബന്ധിച്ച അതിനുള്ള പ്രാധാന്യത്തെ വിശദമാക്കി അതാണ് ഏററവും വലിയ മാനുഷികപ്രശ്നമെന്നു വാദിക്കുന്നതിനും സന്ദേശംമൂലം മാർപ്പാപ്പാക്കു സാധിച്ചിട്ടുണ്ടു്. മനുഷ്യനു ലഭിക്കാവുന്ന ഏററവും മികച്ച പ്രത്യൗഷധമാണ് ഈസന്ദേശം. "ആത്മഹത്യാപരമായ ഈ പ്രവർത്തനം അവസാനിപ്പിക്കുക" എന്ന തിരുമനസ്സിലെ ഔത്സുക്യത്തിൻെറ പ്രാധാന്യം രാഷ്ട്രീയമനോഭാവത്തോടുകൂടിയവരല്ലാത്തവരെല്ലാം അതേപ്പററി ചിന്തിക്കുന്നതിനു പ്രേരിപ്പിക്കുന്നു എന്നുള്ളതാണ്. ഈ പ്രശ്നത്തിൻെറ ഗൗരവത്തെ അവിടുന്നു ഊന്നിപ്പറഞ്ഞിട്ടുണ്ടു്. വാദപ്രതിവാദങ്ങളിൽ ഇടപെടുക മാർപ്പാപ്പായുടെ രീതിയല്ല. ആകയാൽ അവിടുന്നു ഈ പ്രശ്നത്തെപ്പററി സ്പർശിക്കുന്നതുകൊണ്ടു്, അതിൻെറ അർത്ഥം മററുള്ളവർ അതേപ്പററി കൂലംകഷമായും വിശദമായും പ്രതിപാദിക്കണമെന്നാണ്.

## നീഗ്രോ വൈസ്മേയറായി

അമേരിക്കയിൽ ചിൻചിനാററിയിലെ സിററികൗൺസിൽ ബഹുഭൂരിപക്ഷത്തോടെ ഒരു നീഗ്രോയായ മി. തോമസ് എം. ബെറി എന്ന ദേഹത്തെ വൈസ്മേയറായി തിരഞ്ഞെടുത്തിരിക്കുന്നു. ഒരമേരിക്കൻ സിററിയിൽ ഇത്ര സമുന്നതമായ ഒരു സ്ഥാനം ആദ്യമായിട്ടാണ് ഒരു നീഗ്രോയ്ക്കു ലഭിക്കുന്നതു്. മദ്ധ്യപശ്ചിമ ലസ്ഥാനനഗരത്തിലെ ഈ നടപടിയെ അവിടത്തെ നീഗ്രോ പൗരന്മാരും മററുള്ളവരും പത്രമാസികകളും പ്രശംസിക്കുന്നു. ന്യൂയോർക്കിലെ മേയർ വാഗ്നർ അദ്ദേഹത്തിൻെറ എക്സിക്യൂട്ടിവു് അസിസ്റ്റൻറായി മിസ്സു് ആൻ ആർനോൾഡു് ഹെ

(ശേഷം 5-ാം പേജിൽ)

സംഭവകഥ

# ജ്ഞാനസ്നാനം

[ജി സി. ടീലാർ]

രണ്ടുനിലയുള്ള ഒരു വലിയ ബോട്ടായിരുന്നു അത്. എറണാകുളത്തേക്കു പോകുവാനുള്ള ആളുകൾ ടിക്കറ്റുവാങ്ങി അതിൽ കയറി. വൈകുന്നേരം 6 മണിക്ക് ആലപ്പുഴ ബോട്ടുജെട്ടിയിൽനിന്നും അതു നീങ്ങി. എഞ്ചിൻമുറിയിൽനിന്നുള്ള ബഹളമല്ലാതെ മറ്റൊന്നും കുറേനേരത്തേക്കു കേൾക്കുവാനുണ്ടായിരുന്നില്ല. ഇടുങ്ങിയ തോട്ടിൽനിന്നും കായലിലേക്കിറങ്ങിയപ്പോൾ യാത്രക്കാർ ആനന്ദഭരിതരായി. ശീതളമായ കാറ്റ് അവർക്കു ലഭിച്ചുകൊണ്ടിരുന്നു. സമീപസ്ഥന്മാർ പരസ്പരം നോക്കി. എല്ലാവരും തമ്മിൽത്തമ്മിൽ പരിചയപ്പെട്ടു. ചീട്ടുകളിയിൽ ഭ്രമക്കാരായിരുന്നു പലരും. അവരെല്ലാവരുംകൂടി കമ്പനിചേർന്ന് കളിതുടങ്ങി. നല്ല വാചാലന്മാർ തങ്ങളുടെ സംസാരംകൊണ്ട് മറ്റുള്ളവരെ രസിപ്പിക്കുവാൻ ശ്രമിച്ചു.

വിനോദങ്ങളിൽ ശ്രദ്ധ പതിച്ചില്ല ജേക്കബ്ബ്. സുമുഖനായ ആ യുവാവ് പോക്കറ്റിൽനിന്നും ജപമാലയെടുത്തു പ്രാർത്ഥിക്കുവാൻതുടങ്ങി. കൃഷ്ണമേനോനാണ് അടുത്തിരുന്നിരുന്നത്. കളിയും പാട്ടും സംസാരവുംകൊണ്ടുള്ള ബഹളത്തിനിടയിൽ ഒരാൾമാത്രം ജപംനടത്തുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനത്ഭുതംതോന്നി. ജേക്കബ്ബിന്റെ കൊന്തനമസ്കാരം കഴിയുന്നതുവരെ അദ്ദേഹം മൗനം ആചരിച്ചിരുന്നു. പ്രാർത്ഥനയുടെ മാഹാത്മ്യത്തെപ്പറ്റി അദ്ദേഹം ചിന്തിക്കയായിരുന്നിരിക്കാം. "ഞങ്ങളുടെ രുദ്രാക്ഷമാലപോലിരിക്കുന്നല്ലോ ഇത്?" പ്രാർത്ഥനയിൽനിന്നും വിരമിച്ച ജേക്കബ്ബിനോട് കൃഷ്ണമേനോൻ ചോദിച്ചു.

ഒരു ഹൈന്ദവസഹോദരനുമായി പരിചയപ്പെടുവാനുള്ള അവസരം ലഭിച്ചതിൽ ജേക്കബ്ബിനു് അതിററ്റ സന്തോഷമുണ്ടായി. അദ്ദേഹം പറഞ്ഞു: "ഇതു ഞങ്ങളുടെ വീണയാണ്. ഇതിൽ വിരലോടിച്ച് ഞങ്ങൾ യേശുവിന്റെയും അവിടുത്തെ മാതാവിന്റെയും സ്തുതിപ്പുകൾ പാടുന്നു." കൃഷ്ണമേനോനു് അതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ആ വീണ ഒന്നു കാണുവാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. ജേക്കബ്ബ് തന്റെ ചെറിയ കൊന്ത അദ്ദേഹത്തിന്റെ കൈയിലേക്കു നീട്ടി. വളരെ ആദരവോടെ അദ്ദേഹം അതു വാങ്ങിച്ചു. അത്ഭുതം! വീണയുടെ ഒരു ലക്ഷണവും അതിനില്ല. നൂൽകമ്പിവളയങ്ങൾ ധാരാളമുണ്ട്. ഇടയ്ക്കിടയ്ക്കു കറുത്ത മണികളും. കൃഷ്ണമേനോൻ കൗതുകപൂർവ്വം അതു തിരിച്ചും മറിച്ചുംനോക്കി. ഒടുവിൽ അതിന്റെ അറ്റത്തുണ്ടായിരുന്ന ക്രൂശിതരൂപത്തിൽ പിടിച്ചുകൊണ്ടു പറഞ്ഞു: "ഇതുമാത്രം എന്താണെന്നെനിക്കറിയാം. സത്യത്തിനുവേണ്ടി കുരിശിൽ തൂങ്ങി മരിച്ച യേശുവിന്റെ രൂപം. ക്രിസ്തുമതത്തിന്റെ പതാകയാണല്ലോ ഇത്. എന്നാൽ വീണ എവിടെ എന്നെനിക്കു മനസ്സിലാകുന്നില്ല. ഇതിൽക്കൂടി വിരലോടിച്ചിട്ട് സ്വരമൊന്നും ഞാൻ കേട്ടുമില്ല."

ക്രിസ്തുമതതത്വങ്ങളും കൊന്തയുടെ ചരിത്രവും ജേക്കബ്ബ് അദ്ദേഹത്തെ പറഞ്ഞുകേൾപ്പിക്കയുണ്ടായി. കൊന്തയുടെ മണികളിൽ വിരൽ കുത്തുമ്പോൾ കർതൃപ്രാർത്ഥനയും മാതൃകീർത്തനവും ആത്മാവിൽനിന്നും ഉയരുമെന്നു പറഞ്ഞപ്പോൾ കൊന്ത ഒരു ദൈവികവീണയാണെന്നു കൃഷ്ണമേനോൻ സമ്മതിച്ചു. ക്രിസ്തുമതത്തിന്റെ തത്വങ്ങളനുസരിച്ച് എല്ലാ മനുഷ്യരും ജീവിച്ചാൽ ഭൂമി സ്വർഗ്ഗമാകുമെന്നും അദ്ദേഹം സമ്മതിക്കയുണ്ടായി.

അർദ്ധരാത്രികഴിഞ്ഞ് 2 മണിയായിക്കാണും. മുകൾത്തട്ടിൽ ചീട്ടുകളിക്കാരുടെ ബഹളങ്ങൾ അപ്പോഴും കേൾക്കാം. ചുറ്റും അന്ധകാരം വ്യാപിച്ചിരിക്കുന്നു. അടച്ചുതുറക്കുന്ന വൈദ്യുതദീപങ്ങൾ ചില സ്തംഭങ്ങളുടെ മുകളിൽനിന്ന് അതിന്റെ കൃത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾ ഇരിക്കുന്ന മുറിയുടെ തൊട്ടടുത്തു കുറെ പുരോഗമനസാഹിത്യകാരന്മാരുടെ സമ്മേളനമാണു നടന്നുകൊണ്ടിരിക്കുന്നത്. അവരുടെ പുതിയ തമാശകളും നവീനഭാഷാരീതിയും വിപ്ലവകരമായ ആശയങ്ങളും വലിയ ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്നയാൾ പറയുകയാണ്: "കാലക്കേടിനു് ഞാൻ ഒരു ക്രിസ്ത്യാനിയുടെ പേരുംകൊണ്ടാണു നടക്കുന്നതു്. എന്നാൽ എനിക്കു അതിൽ ഉത്തരവാദിത്വമൊന്നുമില്ല. എന്റെ സമ്മതംകൂടാതെ മാതാപിതാക്കന്മാർ എന്നെ ക്രിസ്ത്യാനിയാക്കി. ഞാൻ ക്രിസ്തുമതത്തിലെന്നല്ല യാതൊരുമതത്തിലും വിശ്വസിക്കുന്നില്ല. ദൈവം എന്നൊരാൾ ഉണ്ടെന്നു ചിലരെല്ലാം പറയുന്നു. എന്നാൽ ഞാൻ അങ്ങനെ ഒരാളെ ഇതുവരെ കണ്ടിട്ടില്ല. കാണാത്ത ഒരാൾ ഉണ്ടെന്നു കണ്ണടച്ചുകൊണ്ടു വിശ്വസിക്കുവാൻ ഞാൻ തയ്യാറില്ല. "ഞാൻ നിങ്ങളുടെ മതത്തിന്മേലും മറ്റെല്ലാ മതങ്ങളിന്മേലും തുപ്പുന്നു"വെന്നു സോവ്യറ്റ്റഷ്യയിലെ ക്രൂചെങ്കോ അട്ടഹസിച്ചതുപോലെ ഞാൻ ചെയ്യുന്നില്ലെന്നുമാത്രം."

മതവിശ്വാസികളുടെ ഹൃദയത്തിൽക്കൂടി ഒരിടിമിന്നൽ പാഞ്ഞു. ഒരു കടുത്ത നിരീശ്വരനോടു വാദിച്ചതുകൊണ്ട് ഫലമില്ലെന്നവർക്കുതോന്നി. എങ്കിലും ജേക്കബ്ബ് പറഞ്ഞു: "നമ്മുടെ വല്യപ്പൂപ്പനെ നാം കണ്ടിട്ടില്ലായിരിക്കമെങ്കിലും അങ്ങനെ ഒരാളേ ഇല്ലായിരുന്നുവെന്നു സമർത്ഥിക്കുവാൻ മാത്രം വിഡ്ഢിത്തം സാധാരണക്കാർക്കുണ്ടായിരിക്കയില്ലെന്നാണെന്റെ വിശ്വാസം. ദൈവത്തെ നാം നമ്മുടെ കണ്ണുകൊണ്ടു കാണുന്നില്ല, അതുകൊണ്ട് ദൈവമെന്നൊരാൾ ഇല്ല എന്നാണ് സഖാവു ശൗരിയുടെ വാദമെങ്കിൽ സഖാവിന്റെ ബുദ്ധി എവിടെയെന്നു ഞാൻ കാണുന്നില്ല. അതുകൊണ്ട് അയാൾക്കു ബുദ്ധിയില്ല എന്നാണെന്റെ വാദം. ശൗരിയെ അനുകൂലിക്കുന്നവർ എന്നേയും അനുകൂലിച്ചേ മതിയാവൂ."

ഒരു കൂട്ടച്ചിരിയാണ് യാത്രക്കാരുടെ ഇടയിൽനിന്നും ഉയർന്നതു്. ദൈവവിശ്വാസികൾ അഭിമാനംകൊണ്ടു. ശൗരിയും കൂട്ടുകാരും ജേക്കബ്ബിന്റെമേൽ ആക്ഷേപങ്ങൾ ചൊരിയുവാനുംതുടങ്ങി. പുരോഹിതന്മാരും മുതലാളികളുംകൂടി കണ്ടുപിടിച്ച ഒരു "ഇല്ലാസത്വമാണ്" ദൈവമെന്ന് അവർ പറഞ്ഞുകളഞ്ഞു.

"ഞാനൊരു കഥ പറയാം." കഥ എന്നു കേട്ടപ്പോൾ എല്ലാവരും സംസാരം നിറുത്തി, ജേക്കബ്ബിന്റെ മുഖത്തേക്കുതന്നെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു. "ഒരിക്കൽ ഒരു മന്ത്രി തന്റെ ഗൃഹത്തിൽ വിശ്രമിക്കയായിരുന്നു. അദ്ദേഹം ഇരുന്നിരുന്നതു ചാവടിയിലുള്ള ഒരു കസേരയിലാണ്. അല്പം കഴിഞ്ഞപ്പോൾ തന്റെ കാലിൽ ആരോ കഠാരി കുത്തിയിറക്കുന്നതുപോലെ അദ്ദേഹത്തിനുതോന്നി. അദ്ദേഹം ചാടി എഴുന്നേററു. എന്നാൽ ഒരുത്തരേയും കണ്ടില്ല. കാലിനുണ്ട് വേദന അപ്പോഴും. വേദനയുള്ളിടത്തു തടവിനോക്കിയപ്പോൾ ഒരു ജന്തുവിനെയാണു കണ്ടതു്. ദ്വേഷ്യത്തോടുകൂടി അതിനെ ഞെരിച്ചുകൊന്നു് പുറത്തെടുത്തപ്പോൾ ഒരു കുളവിയുടെ തകർന്നശരീരം! വീണ്ടും അദ്ദേഹം അതേ കസേരയിലിരുന്നു വായനതുടങ്ങി. ഉടൻ ഒരു കുത്ത്. അദ്ദേഹം ചാടിയെഴുന്നേററ് അതിനേയും കൊന്നു. ആ കസേരയുടെ അടിവശം ഒന്നു മറിച്ചുനോക്കി അടിവശത്ത് ഒരു വലിയ കുളവിക്കൂടു തൂങ്ങിനില്ക്കുന്നു! നിറയെ കുളവിയും. അതു പതിയെ താഴ്ത്തിവച്ചിട്ട് അദ്ദേഹം അവിടെനിന്നും പൊയ്ക്കളഞ്ഞു. അദ്ദേഹം ഭാര്യയെ വിളിച്ചുപറയുകയാണ്: "ഇന്നു രാത്രി ഒരു കൂട്ടക്കൊല നടത്താനുണ്ട്. ഒരു ചൂട്ടുകെട്ടി തയ്യാറാക്കിവച്ചേക്കണം." കൂട്ടക്കൊല എന്നു കേട്ടപ്പോൾതന്നെ ഭാര്യ ഞെട്ടിപ്പോയി. ചൂട്ടുകൊണ്ടെങ്ങനെ കൂട്ടക്കൊല നടത്തുമെന്നവർക്കു മനസ്സിലായുമില്ല. അവർ ചോദിച്ചു: "നിങ്ങൾക്കെന്താണ്? മന്ത്രിക്കസേരയിൽ ഇരിക്കുവാൻ തുടങ്ങിയതിൽപ്പിന്നെ കിറുക്കു പിടിച്ചുപോയോ?"

"ഇല്ലില്ല. എനിക്കു കിറുക്കും മറ്റുമില്ല. നിങ്ങളെല്ലാവരുംകൂടി എന്നെ കിറുക്കനാക്കാതിരുന്നാൽ മതി. ഞാൻ നമ്മുടെ ചാവടിയിൽ മേശക്കടുത്തുള്ള കസേരയിൽ പോയിരുന്നു. അതിന്റെ അടിയിൽ ഒരു കൂട്ടർ ഒളിച്ചിരിപ്പുണ്ട്. അവർ എന്നെ കുന്തംകൊണ്ടു കുത്തുതുടങ്ങി."

ഭാര്യ പെട്ടെന്നു കാര്യംഗ്രഹിച്ചു: "ഓഹോ, കുളവി! എന്നാൽ ഇപ്പോൾ അവരുടെ കഥ കഴിച്ചുകളയാം."

"ഇപ്പോൾ വേണ്ടാ. രാത്രിയിലേ അകത്തുകയറൂ പുറത്തേക്കു പോയിരിക്കുന്നവർകൂടി. അതുകൊണ്ട് രാത്രിയാകുമ്പോൾ ചൂട്ടു കത്തിച്ച് എല്ലാത്തിനേംകൂടി വകതിയേച്ചാൽമതി."

അന്നുരാത്രി ഗൃഹനാഥയുടെ ചൂട്ടിനു മുകളിലേക്ക് അവരെല്ലാംകൂടി കരിഞ്ഞുവീണു.


ശ്വാസമടക്കി എല്ലാവരും കഥ കേട്ടുകൊണ്ടിരിക്കയായിരുന്നു. കൃഷ്ണമേനോൻ പറഞ്ഞു: "ഈശ്വരനെ കുത്തുന്ന കുളവികളാണു നിരീശ്വരന്മാർ. ഒടുവിൽ കുളവികൾക്കു കിട്ടിയ അനുഭവം അവർക്കും." സഖാവു ശൗരി രോഷാകുലനായി. അയാൾ കണ്ഠക്ഷോഭം ചെയ്തു: "നിങ്ങൾ നിങ്ങളുടെ ചരിത്രംതന്നെയാണു പറഞ്ഞതു്. കമ്മ്യൂണിസ്റ്റുപാർട്ടിയെ നിങ്ങൾ ഇപ്പോൾ കുളവികളെപ്പോലെ ദ്രോഹിച്ചുകൊണ്ടിരിക്കുന്നു. ഇനി അവരുടെ ഭരണം വരുവാൻ അധികം കാലതാമസമില്ല. അപ്പോൾ മുതലാളികളേയും പുരോഹിതന്മാരേയും അവർ ചുട്ടെരിച്ചുകൊള്ളും. കൊവേന്തകളും മഠങ്ങളും സിനിമാക്കൊട്ടകകളും നാടകശാലകളുമായി അവർ മാററും."

അവസാനത്തെ വാക്ക് അയാളുടെ അധരത്തിൽനിന്നും വേർപെട്ടില്ല, ഠേ എന്നൊരു ശബ്ദം. ആ ബോട്ടിന്റെ അടിവശം ഇളകിപ്പോയി. യാത്രക്കാർ വാവിട്ടു നിലവിളിച്ചു. നീന്തൽ പരിചയമുള്ളവർ വെള്ളത്തിലേക്കു ചാടി. വെള്ളത്തിനടിയിൽ ഒളിച്ചുനിന്നിരുന്ന കുററിമേൽ അടിച്ചാണ് ബോട്ടു മുങ്ങിയതു്. പലരും ആ ബോട്ടിൽ അള്ളിപ്പിടിച്ചിരുന്നുതന്നെ മരിച്ചുപോയി. അനേകം പേരുടെ മരണക്കിടക്കയായിത്തീർന്നു ആ ജലാശയം. അവിടെനിന്നും കരയിലേക്ക് എന്തു ദൂരമുണ്ടെന്നോ ഏതു ഭാഗത്തേക്കു നീന്തിയാൽ രക്ഷപെടാമെന്നോ ആർക്കും ഒന്നും അറിഞ്ഞുകൂടാ. തിരമാലയുടെ ശബ്ദംകൊണ്ട് അവരുടെ നിലവിളി അവരിൽതന്നെ അടഞ്ഞുപോയി. കൂരിരുട്ട്.

"വെള്ളത്തിനു വലിയ ഒരു വലിവു കാണുന്നുണ്ട്. നാം പുറംകടലിലേക്കു ഒഴുകിപ്പോകുകയാണെന്നു തോന്നുന്നു." പുറംകടൽ എന്നു കേട്ടപ്പോൾ കൃഷ്ണമേനോന്റെ നാഡീഞരമ്പുകൾ മുഴുവനും തളർന്നുപോയി. ഒരോരോ നിമിഷവും യമദൂതന്റെ കരവലയത്തിലേക്ക് അടുക്കുകയാണെന്നു അദ്ദേഹം വിചാരിച്ചു. സ്വന്തം വീടിനെക്കുറിച്ചും ഭാര്യയെക്കുറിച്ചും രണ്ടു സന്താനങ്ങളെക്കുറിച്ചും ആയി അദ്ദേഹത്തിന്റെ ചിന്ത. "എന്റെ ജേക്കബ്ബേ, ഇങ്ങനെ നാം പുറംകടലിൽക്കിടന്നു ശ്വാസംമുട്ടി മരിക്കണമല്ലോ എന്നോർക്കുമ്പോൾ എനിക്കു സഹിക്കുവാൻ കഴിയുന്നില്ല." ജേക്കബ്ബിന്റെ മറുപടി എന്തായിരിക്കുമെന്നു കേൾക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു. ഒന്നും കേട്ടില്ല തന്റെ കൂട്ടുകാരൻ മരിച്ചിരിക്കുമോ എന്നു ഭയപ്പെട്ട് കൃഷ്ണമേനോൻ കൈനീട്ടി തപ്പിനോക്കി. ജേക്കബ്ബിന്റെ കൈയിൽ അപ്പോഴും ഇരിക്കുന്നു കൊന്ത! "നന്മനിറഞ്ഞ മറിയം" പൂർത്തിയാക്കിയിട്ട ജേക്കബ്ബ് പറഞ്ഞു: "നാം ഇപ്പോൾ വീടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും ചിന്തിച്ചതുകൊണ്ട് പ്രയോജനമില്ല. നമ്മൾ രണ്ടുപേരും ഈ അപകടത്തിൽനിന്നും രക്ഷപെടുകയില്ലെന്നു തോന്നുന്നു. മരണം കഴിഞ്ഞുള്ള കാര്യത്തെക്കുറിച്ചാണ് എന്റെ ചിന്ത. അതിനാൽ ഞാൻ ആത്മശോധന ചെയ്ത് ഒരു നല്ല മരണത്തിനൊരുങ്ങുന്നു."

മരണത്തിന്റെ വക്ത്രത്തിൽ പ്രശാന്തനായി നില്ക്കുന്ന ജേക്കബ്ബ് ഒരത്ഭുതസൃഷ്ടിയാണെന്നു മേനോനു തോന്നി. ജേക്കബ്ബിന്റെ ധൈര്യം അദ്ദേഹത്തിന്റെ മതവിശ്വാസത്തിൽനിന്നും ഉത്ഭവിച്ചതാണെന്നു മേനോൻ കണ്ടു. "ഞാനും അവശനായികഴിഞ്ഞിരിക്കുന്നു. ഇനി നിങ്ങളെപ്പോലെ മരണത്തെ അഭിമുഖീകരിക്കുവാൻ എന്താണു മാർഗ്ഗം?" അദ്ദേഹം ചോദിച്ചു. മറുപടി പറയുവാൻ ജേക്കബ്ബിനു വളരെ സന്തോഷം തോന്നി. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി കുരിശുമരണം തന്നെ കൈവരിച്ച ക്രിസ്തുനാഥനുവേണ്ടി ഒരാളെ നേടുവാൻ തന്റെ മരണത്തിനുമുമ്പു കഴിയുമല്ലോ എന്ന കൃതാർത്ഥതയുടെ നിഴലാണ് അദ്ദേഹത്തിന്റെ മുഖത്തു വീശിയതു്. ജേക്കബ്ബ് പറഞ്ഞു: "ഏതായാലും നമ്മൾ രണ്ടുപേരും കടലിൽ കിടന്നു മരിക്കും, എന്നാൽ മരണം കഴിഞ്ഞ് നമ്മൾ രണ്ടു

ഫ്ലവറസ്റ്റ് കോളർ



സി. എ. ഔസേഫ് & സൺസ്

ആഭരണവ്യാപാരം, തൃശ്ശൂർ

പേരും ഒരേ സ്വർഗ്ഗഭാഗ്യം അനുഭവിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിന് ഒററ കാര്യമേ മേനോൻ ചെയ്യേണ്ടതുള്ളു. ഇപ്പോൾതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുക."

ജ്ഞാനസ്നാനകർമ്മത്തെപ്പററി കൃഷ്ണമേനോൻ ചിലതെല്ലാം നേരത്തേ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. ഒരു ദേവാലയത്തിൽവച്ചു വൈദികന്മാർ നടത്തേണ്ട കർമ്മമായിട്ടാണ് അതിനെ അദ്ദേഹം പരിഗണിച്ചിരുന്നതു്. "വൈദികനും ദേവാലയവും ഇല്ലാതെ എങ്ങനെ ആ കർമ്മം നടക്കും? മേനോന്റെ ചോദ്യത്തിൽ ഒരു ചെറുപുഞ്ചിരി തൂകിയിട്ടു ജേക്കബ് പറഞ്ഞു: "വെള്ളവും മുക്കുവാൻ ഒരാളും ഉണ്ടെങ്കിൽ ആ കർമ്മം ചില പ്രത്യേകസാഹചര്യങ്ങളിൽ ആർക്കും നടത്താമെന്നുണ്ടു്. ഇവിടെ വെള്ളം ധാരാളം. മുക്കുവാൻ ഞാനും."

ക്രിസ്തുമതത്തോടു വളരെ മതിപ്പുള്ള ഒരാളായിരുന്നു കൃഷ്ണമേനോൻ. അടുത്ത നിമിഷത്തിൽ മരണയവനികയ്ക്കുള്ളിൽ അദ്ദേഹം മറയാൻ പോകുന്നു. പക്ഷേ അദ്ദേഹത്തിന്റെ ശവശരീരം ഓളത്തിൽപ്പെട്ടു് കരയ്ക്കടിഞ്ഞുകയറിയേക്കാം. അല്ലെങ്കിൽ വല്ല മീനിനും ആഹാരമായിത്തീർന്നേക്കാം. അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു മരിച്ചു എന്നു ലോകത്തിൽ ഒരു ജീവിയും അറിയുകയില്ല. അറിഞ്ഞാൽത്തന്നെയും ആരും അദ്ദേഹത്തിനു ഭ്രഷ്ട് കല്പിക്കയുമില്ല. സാഹചര്യങ്ങൾ വളരെ ഒത്തിണങ്ങി വന്നിരിക്കുന്നു മിന്നൽവേഗത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽ ഓളമടിച്ചു ചിന്താഗതികൾ.

"സഹോദരാ, എന്നാൽ അതു വേഗം ചെയ്യുക. ക്രിസ്തുമതമാണു രക്ഷയുടെ ഏകമാർഗ്ഗമെന്നു ഞാൻ വിശ്വസിക്കുന്നു." ഇത്തരം ഒരു ജ്ഞാനസ്നാനം ലോകചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ജേക്കബ് കൈനീട്ടി മേനോന്റെ തലയിൽവച്ചു മൂന്നു പ്രാവശ്യം മേനോൻ വെള്ളത്തിൽ മുങ്ങി. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്ന മൊഴികളാണ് ജേക്കബ് അപ്പോൾ ചൊല്ലിയതു്.

ഉഷഃകാലനക്ഷത്രം ഉദിച്ചുയർന്നു. രണ്ടു മണിക്കൂർ കഴിഞ്ഞിരിക്കുന്നു അവർ വെള്ളത്തിൽ പതിച്ചിട്ടു്. കൈകാലുകൾ കുഴഞ്ഞു് അവർ അവശരായി. തളർന്ന കാലുകൾ അവർ നേരേ താഴേക്കു് നീട്ടി മരണത്തിനുള്ള ആദ്യത്തെ ഒരുക്കമായിരുന്നു. പക്ഷേ കാൽ നിലത്തു തൊട്ടു കഴുത്തിനുമുകളിൽ അവിടെ വെള്ളമുണ്ടായിരുന്നില്ല. മരണത്തെക്കുറിച്ചുള്ള അവരുടെ ഭീതി അകന്നു. കൃതജ്ഞതാഭരിതരായി അവർ സ്തോത്രഗീതങ്ങൾ പാടി.

ആത്മകഥാകഥനം

# എവലിൻ വാഗ്

[ജെ. എം. മുട്ടിചിറ]

[ആംഗ്ലേയഭാഷയിൽ സുപ്രസിദ്ധമായ പല ഗ്രന്ഥങ്ങളുടേയും കർത്താവാണ് മി. എവലിൻ വാഗ്. ഏഴു വയസ്സിൽ ആരംഭിച്ച സാഹിത്യപരിശ്രമങ്ങൾ ഇന്നും അദ്ദേഹം തുടർന്നുകൊണ്ടിരിക്കുന്നു. അലക്സാണ്ടർ വൂർക്കോട്ട് അദ്ദേഹത്തെപ്പററി പറയുന്നതിങ്ങനെയാണ്: "യുദ്ധത്തിനുശേഷം ഇംഗ്ലണ്ടിൽ ഉയർന്നുവന്നിട്ടുള്ള യുവസാഹിത്യകാരന്മാരിൽ അഗ്രഗണ്യനാണ് മി. എവലിൻ വാഗ്." ഒരു പ്രസിദ്ധതത്വചിന്തകനുംകൂടിയായ അദ്ദേഹം ആംഗ്ലിക്കൻസഭയിൽ ജനിച്ചു് മററീരിയലിസത്തിലൂടെ ജീവിച്ചു് അവസാനം എങ്ങനെ ഒരു കത്തോലിക്കനായി എന്ന അത്ഭുതരഹിതമെങ്കിലും വികാരോദ്ദീപകമായ ഈ ജീവിതകഥ സത്യത്തിനുവേണ്ടി നീറിനീറി ദഹിക്കുന്ന ആയിരങ്ങൾക്കു് മാർഗ്ഗദർശിത്വം നൽകാതിരിക്കയില്ലല്ലോ.]

ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻസഭയിലെ ഒരംഗമായി 1903-ൽ ഞാൻ ജനിച്ചു. ധാരാളം വൈദികരുള്ള ഒരു കുലീനകുടുംബമാണെന്റേതു്. വിമർശകനെങ്കിലും ഒരൊന്നാന്തരം മതവിശ്വാസിയായിരുന്ന എന്റെ പിതാവ് ഒരു യാഥാസ്ഥിതികനുംകൂടിയായിരുന്നു.

അന്നു് എനിക്കു് പത്തുവയസ്സേ ഉള്ളൂ. ശുദ്ധീകരണസ്ഥലത്തെക്കുറിച്ചു് ഞാൻതന്നെ രചിച്ച ഒരു നീണ്ടകവിത ഉറക്കെ വായിക്കുകയായിരുന്നു. പെട്ടെന്നു് അമ്മ മുറിയിൽപ്രവേശിച്ചു ചോദിച്ചു: "എവലിൻ ഇതെവിടുന്നു കിട്ടി?"

"ഇതു് ഞാനെഴുതിയതാണ്."

"നീ എഴുതിയതോ, കാണട്ടെ!"

അമ്മ അതു് വാങ്ങി വായിച്ചു. സന്തോഷംകൊണ്ടു് അവരുടെ വദനങ്ങളിൽ അരുണിമ നിറയുന്നതു് ഞാൻ ദർശിച്ചു.

"എന്റെ കൊച്ചുകള്ളാ, നീ ഇപ്പോഴേ ഇത്രയുമെഴുതിയല്ലോ! മിടുക്കനായി വരണം, കേട്ടോ?"

അമ്മ എന്റെ മുഖത്തു് ചുംബിച്ചു.

പില്ക്കാലത്തുള്ള എന്റെ സാഹിത്യപരിശ്രമങ്ങൾക്കു് മൂലകല്ലിട്ട ആ സംഭവം ഞാൻ ഒരിക്കലും മറക്കില്ല.

എന്റെ സ്നേഹിതന്മാർ കളികളിൽ സമയം കഴിച്ചപ്പോൾ "സഭ സ്റ്റേററിനു് കീഴ്‌വഴങ്ങേണ്ടതിന്റെ ആവശ്യകത"യെപ്പററിയായിരുന്നു എന്റെ ചിന്താഗതി. ഉന്നതവിദ്യാഭ്യാസാർത്ഥം പിതാവ് എന്നെ മറെറാരു സ്കൂളിലേക്കയച്ചു. അന്നു് മതത്തെ യൗവ്വനത്തിന്റെ ഒരു സഹവർത്തി എന്ന നിലയിലേ ഞാൻ ഗണിച്ചിരുന്നുള്ളു.

ഒന്നാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലം. ചോരയും നീരുമുള്ള യുവത്തിടമ്പുകൾ സ്വരാജ്യത്തിനുവേണ്ടി രക്തം ചിന്തുവാൻ മുന്നിട്ടിറങ്ങി യൂണിവേഴ്സിററി പ്രൊഫസറന്മാരിൽ യുവാക്കളായവരെ യുദ്ധരംഗത്തേക്കിറക്കിവിടുന്നതിനു് പ്രോത്സാഹിപ്പിച്ചുകൊണ്ടു് മുന്നോട്ടുവന്നു പ്രായമുള്ള പ്രൊഫസറന്മാർ. അങ്ങനെയുണ്ടായ ഒഴിവിൽ ഞാൻ പഠിച്ചിരുന്ന സ്കൂളിലേക്കു ഓക്സ്ഫോർഡിൽനിന്നു് ഒരു ദൈവശാസ്ത്രപണ്ഡിതൻ (ഇപ്പോൾ ഒരു ആംഗ്ലിക്കൻ മെത്രാനാണ്) അദ്ധ്യാപകനായി വന്നു.. അഭിജ്ഞനും ഭക്തനുമായിരുന്ന അദ്ദേഹവുമായി പല പ്രാവശ്യം ഞങ്ങൾ സംസാരിച്ചു. തൽഫലമായി ഒടുവിൽ അദ്ദേഹം എന്നെ ഒരു നിരീശ്വരവാദിയാക്കിത്തീർത്തു. ബൈബിളിന്റെ ഗ്രന്ഥകർത്താക്കൾ ഇന്നറിയപ്പെടുന്നവരല്ലെന്നു് അദ്ദേഹം തെളിയിച്ചു. നാലാംനൂററാണ്ടിൽ തർക്കവിഷയമായിരുന്ന ക്രിസ്തുവിന്റെ പ്രകൃതിയെപ്പററി തർക്കിക്കുവാൻ അദ്ദേഹം ഞങ്ങളെ ക്ഷണിച്ചു. പാരമ്പര്യമായി എന്നിലുണ്ടായിരുന്ന വിശ്വാസം മുഴുവനേയും അദ്ദേഹം തന്റെ തത്വശാസ്ത്രംകൊണ്ടു് തുത്തുമാററി. തന്നിമിത്തം സന്ദേഹശാസ്ത്രത്തെപ്പററി പുരോഹിതനായ അദ്ദേഹവുമായി തർക്കിക്കുവാൻ എനിക്കു സാധിച്ചില്ല.

ആ ദിവസങ്ങളിൽ "പോപ്പി"ന്റെ മനുഷ്യവംശത്തെപ്പററിയുള്ള ലേഖനം വായിക്കുന്നതിനു് എനിക്കിടയായി. അതിലെ തത്വങ്ങൾ എന്നെ "ലെയിനിസിയുസി"ലേക്കു നയിച്ചു. അറിവിന്റെ പ്രകൃതിയെപ്പററി കൂടുതൽ ചിന്തിച്ചു് എന്റെ മനസ്സു കലങ്ങി. ഒന്നും അറിയുവാൻ മനസ്സിനു് ശക്തിയില്ല എന്നുപറഞ്ഞു സമാധാനപ്പെട്ടാലെന്തായെന്നു എനിക്കു തോന്നി.

അടുത്ത നീണ്ട പത്തുവർഷത്തേക്കു് ഞാൻ ഭൗതികവാദത്തിലൂടെ നീന്തിത്തുടിച്ചുകൊണ്ടു് ജീവിച്ചു. പക്ഷേ നീണ്ട ആ പത്തു വർഷങ്ങൾക്കുശേഷം എനിക്കു മനസ്സിലായി ദൈവത്തെക്കൂടാതെയുള്ള ജീവിതം അസഹനീയവും സന്ദിഗ്ദ്ധവുമാണെന്നു്. അതിന്റെ പ്രത്യാഘാതമെന്നോണം നിരീശ്വരത്വത്തെ വലിച്ചു ദൂരെ എറിഞ്ഞിട്ടു് ഞാൻ വീണ്ടും ഈശ്വരവിശ്വാസിയായി.

ഇവിടെ ഒരു ചോദ്യം ഉദിക്കുന്നുണ്ടു്. വിശ്വാസം നഷ്ടപ്പെട്ട ഒരുവൻ ഏതു മതത്തിൽ വിശ്വസിച്ചിരുന്നുവോ, ആ മതത്തിലേക്കു് തന്നെയാണ് സാധാരണ പിന്തിരിയുക. എന്നാൽ ഞാൻ ഒരു ആംഗ്ലിക്കൻ മതവിശ്വാസിയാകുന്നതിനുപകരം ഒരു കത്തോലിക്കനാകുകയാണുണ്ടായതു്. പലർക്കും തലക്കുത്തുണ്ടാക്കിയ സംഭവമാണതു്.

കത്തോലിക്കാസഭയുടെ തത്വസംഹിതകളനുസരിച്ചു് ജീവിക്കുന്നവരെയും അല്ലാത്തവരേയും നിങ്ങൾ കണ്ടേക്കാം. തൊള്ളായിരം വർഷത്തേക്കു് ഇംഗ്ലണ്ടു് കത്തോലിക്കാമാതാവിന്റെ ലാളനയ്ക്കു വിധേയമായിരുന്നു. അടുത്ത മൂന്നു വത്സരത്തേക്കു അവൾ പ്രോട്ടസ്റ്റന്റിസത്തിലൂടെയും പിന്നീടു് ഒരു നൂററാണ്ടുകാലത്തേക്കു ഭൗതികവാദത്തിലൂടെയും നീങ്ങി. പക്ഷേ ഒന്നെനിക്കു നിശ്ചയമുണ്ടു്, ഇംഗ്ലീഷ് ജീവിതത്തിന്റെ അന്തർഗ്ഗാധതയിൽ— അവളുടെ ചരിത്രത്തിന്റെയും നിയമസംഹിതകളുടേയും, ഭൂമിശാസ്ത്രത്തിന്റെയും പുരാണവസ്തുശാസ്ത്രത്തിന്റെയും അടിയിൽ— കത്തോലിക്കാസഭ സ്ഥാപിച്ച മൂലക്കല്ലു് ഇന്നും തെളിഞ്ഞുകാണാമെന്നു്. സഭ തന്റെ രക്തവും മാംസവും കൊടുത്തു് പണിതീർത്ത തറയിന്മേലാണ് ഇന്നു് ഇംഗ്ലീഷ് ചരിത്രം ജീവിക്കുന്നതു്. പാഷണ്ഡതയുടേയും ശീശ്മസഭകളുടേയുമെല്ലാം "സ്വഭാവം" താല്ക്കാലികമാണെങ്കിൽ കത്തോലിക്കാസഭയുടേതു് സാർവ്വത്രികവും അനന്തവുമാണ്. എനിക്കറിയാം കത്തോലിക്കാസഭയിൽ യഥാർത്ഥമായ സത്യവും നീതിയും വിശുദ്ധിയും കുടികൊള്ളുമ്പോൾ മററു മതങ്ങളിൽ അവയെ കണ്ടെത്തുക സാദ്ധ്യമല്ലെന്നു്. സഭയുടെ വെളിപാടുകൾ, മിഥ്യാബോധവും കപടതയും വഞ്ചനയും നിറഞ്ഞവയായിരുന്നെങ്കിൽ അതു പണ്ടേ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാകുമായിരുന്നു. നൂറുനൂറു പ്രതിബന്ധങ്ങളെ തട്ടിനീക്കിക്കൊണ്ടു് അതിന്നും ജീവിക്കുകയാണു്. അതുകൊണ്ടു് ക്രിസ്തീയവെളിപാടുകൾ യാഥാർത്ഥ്യങ്ങളുടെ ആകെത്തുകയാണെങ്കിൽ അതുതന്നെയാണ് ക്രിസ്തു സ്ഥാപിച്ച യഥാർത്ഥസഭയും. തക്കമററ പരമാർത്ഥങ്ങളാണവ എന്നു എനിക്കു തോന്നി. ചരിത്രത്തിലൂടെയും തത്വശാസ്ത്രത്തിലൂടെയും ഈ വെളിപാടുകളെ തെളിയിക്കേണ്ടിയിരുന്നു. വിശുദ്ധനും അഭിജ്ഞനുമായ ഒരു കൊച്ചച്ചന്റെ സഹായത്താൽ അതു ഞാൻ സാധിച്ചു. എന്റെ അജ്ഞാനഭാണ്ഡം അദ്ദേഹത്തിന്റെ മുമ്പിൽ ഇറക്കിവച്ചു. കുറേനാളുകൾക്കുശേഷം, സംശയനിബിഡമായിരുന്ന ആ ഭാണ്ഡക്കെട്ടു്, യാഥാർത്ഥ്യങ്ങളായി മാറി. അങ്ങനെ എന്റെ ഇരുപത്തിയാറാമത്തെ വയസ്സിൽ യുക്തിപരമായ വിശ്വാസദാർഢ്യത്തോടും കുറച്ചു വികാരാവേശത്തോടുംകൂടി ഞാൻ കത്തോലിക്കാസഭയിൽ ചേർന്നു.

മതപരിവർത്തനത്തിനു ശേഷമുള്ള എന്റെ ജീവിതയാത്രയിൽ ഇന്നിതുവരെ ഒരു ഹാനിയും എനിക്കു സംഭവിച്ചിട്ടില്ല. സ്വതന്ത്രമായി ജീവിക്കാവുന്ന ഈ ഭൂമിയിൽ സന്തോഷത്തോടും സംതൃപ്തിയോടുംകൂടി ഞാൻ മുമ്പോട്ടു പോകുകയാണ്. മതപരിവർത്തനം ചെയ്യുന്ന കാലത്തുള്ള മതതീക്ഷ്ണതയെല്ലാം കളഞ്ഞു കുളിച്ചു് ജീവിക്കുന്നവരെ കണ്ടിട്ടുണ്ടു്. നേരെ വിപരീതമായ ഒരനുഭവമാണ് എന്നെ സംബന്ധിച്ചിടത്തോളം. ഗർവ്വിഷ്ഠനായി അഹങ്കരിച്ചു് നടന്ന ആ നാളുകളിലേക്കു് ഞാനിന്നു് അമ്പരപ്പോടെ നോക്കുകയാണ്. തിരുസഭയിൽ പ്രവേശിക്കുവാൻ ഇടയായതിനെപ്പററി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം വികാരതരളിതമാകുന്നു. ഉണങ്ങിവരണ്ട എന്റെ ആത്മാവിന്റെ അമേയമായ ഇന്നത്തെ വളർച്ചയെപ്പററി മുന്നിട്ടറിഞ്ഞു് പ്രവർത്തിച്ച ആ വൈദികന്റെ പുണ്യപൂർണ്ണതയുടെ മുമ്പിൽ ഞാൻ തല കുനിക്കുന്നു.

ഒരു നിരീശ്വരവാദിയായി നടന്ന കാലത്തെപ്പററി ഇന്നു ചിന്തിക്കുമ്പോൾ ഞാൻ ഭയചകിതനാകുകയാണ്. ഇന്നെനിക്കുറപ്പുണ്ടു്, ഞാനൊരു കത്തോലിക്കാവിദ്യാലയത്തിൽ പഠിക്കുന്ന ഒരു കത്തോലിക്കാബാലനായിരുന്നുവെങ്കിൽ കലങ്ങിമറിഞ്ഞ എന്റെ ഭാവനയെ— അനുഭവരഹിതമായ എന്റെ ഭാവനയെ— പിടിച്ചുനിറുത്തി പരിശോധിക്കുവാൻ ആരെയെങ്കിലും എനിക്കു ലഭിക്കുമായിരുന്നുവെന്നു്. പ്രത്യുപരി വിശുദ്ധ കൂദാശകൾകൊണ്ടു് ബലപ്പെടുത്തപ്പെട്ടവനായിരുന്നുവെങ്കിൽ എന്റെ വിശ്വാസം പതിന്മടങ്ങു വർദ്ധിക്കുമായിരുന്നു.

പല അക്രൈസ്തവരും എന്നോടു പല സംശയങ്ങളും ചോദിക്കാറുണ്ടു്. അവരിൽ ചിലർ പരിതസ്ഥിതികളിൽ കുടുങ്ങി സത്യസഭയെ ആശ്ലേഷിക്കുവാൻ നിവൃത്തിയില്ലാത്തവരാണ്. മററു ചിലർ പ്രിയജനങ്ങളാൽ പരിത്യജിക്കപ്പെട്ടുമല്ലോ എന്നു ഭയന്നു് വിറങ്ങലിക്കുന്നവരായിരിക്കാം. എന്റെ അനുഭവത്തിൽനിന്നു അവരോടെനിക്കു പറയുവാനുള്ളതു് ഇതു മാത്രമാണ്:

"വരൂ, അകത്തേക്കു വരൂ. വെളിയിൽനിന്നുള്ള കാഴ്ചപ്പാടിൽ കത്തോലിക്കാസഭയുടെ യാഥാർത്ഥ്യം എന്താണെന്നു് നിങ്ങൾ മനസ്സിലാക്കുകയില്ല. നിങ്ങൾ എത്ര വലിയ ദൈവശാസ്ത്രവിശാരദനായിക്കൊള്ളട്ടെ, വിശുദ്ധരുടെ ഒരുമ്പാടിനെപ്പററി (Communion of Saints) ഒരു സാധാരണ കത്തോലിക്കന്റെ ജ്ഞാനത്തോടു് താരതമ്യപ്പെടുത്തുമ്പോൾ നിങ്ങളുടെ ജ്ഞാനസാഗരത്തിനു് ഒരു വിലയും കല്പിക്കുവാനില്ല.

(12-ാംപേജ് തുടർച്ച)

ഹൃദയം ശക്തിമത്തായി തുടിച്ചുതുടങ്ങി. ദൈവമേ! അവൾ എവിടെ പോയിരിക്കും!! അതാ! ഒരെഴുത്തു് മേശപ്പുറത്തു കിടക്കുന്നു! കണ്ണുനീരിന്റെ മറവിലൂടെ അതിലെ ഏതാനും ഭാഗം അവർ വായിച്ചു.

"പ്രിയ അമ്മച്ചി,

ഞാനിതാ പോകുന്നു...... എന്റെ ഹൃദയകോവിലിനെ അദ്ദേഹം—കേശവൻ— അപഹരിച്ചു കഴിഞ്ഞു......എന്റെ വിവാഹം കഴിഞ്ഞദിവസം നടന്നതാണ്"...

...അപ്പഴപ്പോഴുള്ള ചിലവുകൾക്കായി എന്റെ ആഭരണങ്ങളും ഞാൻ കൂടെ കൊണ്ടുപോകുന്നു...

... അമ്മച്ചി വ്യസനിക്കരുതേ....

എന്നു്

ലില്ലിക്കുട്ടി (ഒപ്പ്)"

ആ മാതാവിന്റെ തലയ്ക്കുള്ളിൽ കുളവിക്കൂടു പൊട്ടിയതുപോലൊരു തോന്നൽ. ലോകമെല്ലാം തന്നെ കേന്ദ്രമായി ചുററിക്കറങ്ങുന്നുവോ! കാലിനൊരു ബലക്ഷയം! അവർ ആ കട്ടിലിലേക്കു മറിഞ്ഞു.

എത്രനേരം അങ്ങനെ കിടന്നുവെന്നു് ചിന്നമ്മയ്ക്കറിഞ്ഞുകൂടാ. കണ്ണു തുറന്നപ്പോൾ കത്രിച്ചേടത്തി തന്നെ ശുശ്രൂഷിക്കുന്നതാണു് കണ്ടതു്. അവർ അന്നത്തെ മെയിലിൽവന്ന മറെറാരു കത്തു് ചിന്നമ്മയെ ഏല്പിച്ചു. ഒരു മിഷനറിവൈദികനാകാൻ കല്ക്കട്ടയ്ക്കു പോയിരുന്ന ടോമിയുടെ കത്തായിരുന്നു അതു്. അതിലെ ചില ഭാഗങ്ങൾ ചിന്നമ്മയുടെ ആവശ്യപ്രകാരം കത്രിച്ചേടത്തി വായിച്ചു.

"പ്രിയ അമ്മച്ചി,

ഞാനിവിടെ സസുഖം എത്തിച്ചേർന്നു. ... ... ഉണ്ണിയീശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുവാൻ ഞങ്ങൾ തയ്യാറെടുക്കയാണ്........ പിന്നെ ഒരു കാര്യംകൂടി ലില്ലിക്കുട്ടിയോടു പറയണം അവളുടെ നിഗളവും തോന്ന്യാസങ്ങളും കുറച്ചു കുറയ്ക്കണമെന്നു്.........

എന്നു്


പ്രാർത്ഥനയുടെ ഐക്യത്തിൽ

ടോമിച്ചൻ (ഒപ്പ്)"

കുറഞ്ഞ പലിശയ്ക്കു് സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ പണം കടം കൊടുക്കുന്നതാകുന്നു.

ബാങ്ക് ഓഫ് കൊച്ചിൻ
ലിമിറ്റഡ്

എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി, ചാലക്കുടി, വില്ലിംഗ്ഡൺ ദ്വീപു്



# നെഹ്റുവും കമ്മ്യൂണിസവും

[ഫാദർ തോമസ് മണ്ണഞ്ചേരി]

ഇൻഡ്യൻ പ്രധാനമന്ത്രിയായ നെഹ്റു, കമ്മ്യൂണിസത്തിന്റെ ഒരു സുഹൃത്താണെന്നും കമ്മ്യൂണിസ്റ്റ് പ്രചരണത്തെ അദ്ദേഹം അനുകൂലമനഃസ്ഥിതിയോടെയാണ് വീക്ഷിക്കുന്നതെന്നുമുള്ള തെററിദ്ധാരണ ഈ അടുത്തകാലത്ത് പലേ സ്ഥലങ്ങളിലും വിശിഷ്യ പാശ്ചാത്യരാജ്യങ്ങളിലും പ്രചരിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ് നേതാക്കന്മാരായ ബുൾഗാനിൻ, ക്രൂഷേവ് ഇവക്ക് ഇൻഡ്യയിൽ അങ്ങോളമിങ്ങോളം നൽകപ്പെട്ട ഗംഭീരമായ സ്വീകരണം പാശ്ചാത്യശക്തികൾക്കുണ്ടായിരുന്ന സംശയത്തെ വർദ്ധിപ്പിക്കുകയും അവരുടെയിടയിൽ ഒരുവിധത്തിൽ നിരാശയ്ക്കു ഹേതുവാകുകയുമാണു ചെയ്തത്. ഇതിന്റെ ഫലമായിട്ടാണ് ഗോവാക്കാര്യത്തെപ്പററി അമേരിക്കൻ സ്റ്റേയിററ് ഡിപ്പാർട്ടുമെന്റ് സിക്രട്ടറി ഇൻഡ്യയുടെ അഭിലാഷത്തിനെതിരായി ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ ഇടയായിട്ടുള്ളത്. നെഹ്റു കമ്മ്യൂണിസത്തിലേക്കു വഴുതിയിട്ടുണ്ടെന്നും നെഹ്റുവിനെ തങ്ങളുടെ കക്ഷിയിലേക്കു പൂർണ്ണമായി ആകർഷിക്കാമെന്നും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് അവരുടെ പ്രതീക്ഷയിൽ കവിഞ്ഞവിധം ലഭിച്ച സ്വീകരണകോലാഹലങ്ങൾക്കിടയിൽ അവർ മതിമറന്നു വ്യാമോഹിച്ചിട്ടുണ്ടായിരിക്കാം. കമ്മ്യൂണിസ്റ്റു നേതാക്കന്മാർക്ക് ഇൻഡ്യയിൽ ലഭിച്ച സ്വീകരണത്തിനിടയിൽ പാശ്ചാത്യശക്തികളുടെ നേരെ ഇൻഡ്യയിൽ വിദ്വേഷം ജനിക്കത്തക്കവണ്ണമുള്ള പ്രസംഗങ്ങളാണ് അവർ പലേ പ്രധാനസ്ഥാനങ്ങളിലും നടത്തിയിട്ടുള്ളത്. ഇൻഡ്യൻജനതയുടെ മൈത്രി സമ്പാദിക്കുന്നതിനും പാശ്ചാത്യരാഷ്ട്രങ്ങളെപ്പററി ഇൻഡ്യയിൽ വെറുപ്പുണ്ടാക്കുന്നതിനും ഇതൊരു നല്ല അവസരമെന്നു കരുതി അവർ യഥാശക്തി പ്രയത്നിച്ചതിൽ അത്ഭുതത്തിനു വകയില്ലല്ലോ.

എന്നാൽ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്ക് കൽക്കട്ടായിൽ ലഭിച്ച സ്വീകരണവേളയിൽ നെഹ്റു അവരെ അനുമോദിച്ചു നടത്തിയ പ്രസംഗത്തിൽ "ഇൻഡ്യാ ഒരു ചേരിയിലും ചേർന്നു നില്ക്കുന്നതല്ലെന്നു" സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. നെഹ്റുവിന്റെ ആശയം എന്തെന്നു ഈ പ്രസംഗം വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെങ്കിലും ഇതു വെറും ഭംഗിവാക്കുകൾ എന്നല്ലാതെ ഇതിനെപ്പററി മററുള്ളവർ അത്ര കാര്യമായി ചിന്തിക്കുകയുണ്ടായില്ല. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റു പാർട്ടിയും, കമ്മ്യൂണിസ്റ്റു നേതാക്കന്മാർക്ക് ഇൻഡ്യയിൽ ലഭിച്ച അത്ഭുതപൂർവ്വകമായ സ്വീകരണംകണ്ട് സാമാന്യത്തിലധികം സന്തോഷിക്കയും ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റ് പ്രചരണം നിർബാധം നടത്തുന്നതിനു നെഹ്റുവിന്റേയും ഇൻഡ്യാഗവമ്മെന്റിന്റേയും പരോക്ഷമായ സഹായത്തെ പ്രതീക്ഷിക്കയും ചെയ്തിട്ടുണ്ടായിരിക്കണം. എന്നാൽ ഈ അടുത്തദിവസം തൃശ്ശൂർവച്ചു നെഹ്റു ചെയ്ത പ്രസംഗം കമ്മ്യൂണിസത്തെപ്പററിയുള്ള തന്റെ മനോഭാവം എന്തെന്നു വെളിപ്പെടുത്തുന്ന ഒന്നായിരുന്നു. നെഹ്റുവിന്റെ തൃശ്ശൂർപ്രസംഗത്തിനു പാശ്ചാത്യരാജ്യങ്ങളിലെ പത്രങ്ങൾ വലിയ പ്രാധാന്യമാണു കല്പിച്ചുകൊണ്ടിരിക്കുന്നത്. തൃശ്ശൂർപ്രസംഗത്തിൽ പണ്ഡിററ് നെഹ്റു കമ്മ്യൂണിസത്തെപ്പററി പ്രസ്താവിച്ചിട്ടുള്ള വാക്കുകൾ ശ്രദ്ധേയങ്ങളാണ്. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "കമ്മ്യൂണിസ്റ്റുകാരുടെ വിപ്ലവം വെറും മുദ്രാവാക്യങ്ങളിൽ തങ്ങിനില്ക്കുകയാണ്. 5000 മൈൽ ദൂരെയുള്ള രാജ്യത്തെ സ്ഥിതിഗതികൾ അതേപടി ഇവിടെ പകർത്താനുള്ള മിഥ്യാശ്രമത്തിലാണ് അവർ മുഴുകിയിരിക്കുന്നത്. 160 കൊല്ലം മുമ്പു നടന്ന ഫ്റഞ്ചുവിപ്ലവത്തെയും 38 വർഷംമുമ്പു നടന്ന റഷ്യൻ വിപ്ലവത്തെയുംപററി അവർ ഘോരഘോരം പ്രസംഗിക്കും. എന്നാൽ ലോകം അന്നത്തെ നിലയിൽനിന്നു എത്രയോ മുമ്പോട്ടു പോയിക്കഴിഞ്ഞുവെന്ന വസ്തുത അവർ അറിയുന്നില്ല. ഒരു വിദേശരാജ്യത്തിന്റെ ആജ്ഞ അതേപടി അനുവർത്തിക്കുന്ന അഭിമാനരഹിതമായ നയമാണ് അവർ അനുവർത്തിച്ചുവരുന്നത്. ഇതാണോ വിപ്ലവം; ഇതാണോ സ്വാതന്ത്ര്യമെന്നു ഞാൻ ചോദിക്കുന്നു. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി തനി പിന്തിരിപ്പൻപാർട്ടിയാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല." തൃശ്ശൂർപ്രസംഗത്തിൽ കമ്മ്യൂണിസത്തെപ്പററിയുള്ള തന്റെ അഭിപ്രായമെന്തെന്നു പണ്ഡിററ് നെഹ്റു അസന്നിഗ്ദ്ധമായി പ്രസ്താവിക്കുകയാണു ചെയ്തിട്ടുള്ളത്. ഇതുകൊണ്ട് നെഹ്റു വിന്നു കമ്മ്യൂണിസത്തെപ്പററി ഒട്ടുംതന്നെ മതിപ്പില്ലെന്നും ഇൻഡ്യയുടെ അഭിവൃദ്ധിക്ക് കമ്മ്യൂണിസം ഒട്ടും സഹായകമാകുകയില്ലെന്നു മാത്രമല്ല ഇൻഡ്യയുടെ അഭിവൃദ്ധിയെ അതു തടസ്സപ്പെടുത്തുകമാത്രമേ ചെയ്യുകയുള്ളുവെന്നും "കമ്മ്യൂണിസം ഒരു പിന്തിരിപ്പൻ പ്രസ്ഥാനമാണെന്നും" അദ്ദേഹം ഗ്രഹിച്ചിട്ടുള്ളതായി വെളിപ്പെടുത്തിയിരിക്കുന്നു.

നെഹ്റു തൃശ്ശൂർവച്ചു ഇപ്രകാരം പ്രസ്താവിച്ചതു പാശ്ചാത്യശക്തികളെ പ്രീതിപ്പെടുത്താൻവേണ്ടിയായിരിക്കുമെന്നുള്ള വ്യാഖ്യാനത്തിനു ഒട്ടുംതന്നെ പ്രസക്തിയില്ല. ഇതിനുമുമ്പ് തിരു-കൊച്ചി പര്യടനത്തിനിടയിൽ അദ്ദേഹം കമ്മ്യൂണിസത്തെപ്പററി ഇതേ ആശയംതന്നെ വെളിപ്പെടുത്തി പലപ്പോഴും പ്രസംഗിച്ചിട്ടുള്ളതാണ്. പാശ്ചാത്യപത്രങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും തൃശ്ശൂർപ്രസംഗം ഇടയാക്കിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധേയമാണ്. ഇതിനുപുറമെ റഷ്യ ഇൻഡ്യയിലെ കൽക്കരിവ്യവസായത്തിനു റഷ്യൻവിദഗ്ദ്ധന്മാരെ അയച്ചു സഹായിക്കാമെന്നു ചെയ്തിട്ടുണ്ടായിരുന്ന കരാർ, ഇൻഡ്യക്കു യാതൊരുവിധത്തിലും സഹായകമായി ഭവിക്കുന്നതല്ലെന്നു കണ്ടു ഇൻഡ്യാഗവമ്മെന്റു റദ്ദു ചെയ്യുകയും ചെയ്തിരിക്കുന്നു.

റഷ്യൻനേതാക്കന്മാരുടെ സന്ദർശനവും അവക്ക് ഇവിടെ സിദ്ധിച്ച ഗംഭീരമായ സ്വീകരണവും നിമിത്തം കമ്മ്യൂണിസത്തിനു ഇൻഡ്യയിൽ ഗണ്യമായ യാതൊരു നേട്ടവുമുണ്ടായിട്ടില്ലെന്നുള്ള കാര്യം സ്പഷ്ടമത്രെ. ഇത്ര വലിയ സ്വീകരണം എന്തുകൊണ്ട് ഇൻഡ്യ ഇവർക്കു നൽകി എന്നുള്ള ഒരു പ്രശ്നം ഈ അവസരത്തിൽ ഉദിക്കുന്നുണ്ടായിരിക്കാം. ലോകസമാധാനവും ആറാംബോമ്പ് നിരോധനവുമാണല്ലോ ഇൻഡ്യയുടെ മുഖ്യമായ ലക്ഷ്യം. അതിലേക്ക് ലോകത്തിലെ ഒരു വമ്പിച്ച സൈനികശക്തിയായ റഷ്യയുടെ സഹകരണം സമ്പാദിച്ചിരിക്കേണ്ടതു ആവശ്യമാണെന്നു നെഹ്റു നേരത്തെതന്നെ ഗ്രഹിച്ചിരുന്നതുകൊണ്ടാണ് റഷ്യയിലെ ഭരണമേധാവികളെ ഇവിടെ വിളിച്ചുവരുത്തി ബഹുമാനിക്കയും അവരുടെ മൈത്രി സമ്പാദിക്കാൻ ശ്രമിക്കയും ചെയ്തിട്ടുള്ളത്. നെഹ്റുവിന്റെ ഈ നയം രാജ്യതന്ത്രദൃഷ്ട്യാ വീക്ഷിക്കുന്നപക്ഷം അതു തികച്ചും ന്യായീകരിക്കാവുന്നതും അതുമൂലം ലോകസമാധാനത്തിന്റെ കാര്യത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതുമാണ്.

റഷ്യയിലെ കമ്മ്യൂണിസ്റ്റു നേതാക്കന്മാർ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ജനക്ഷേമകരങ്ങളായ നാനാവിധ പ്രവർത്തനങ്ങളെപ്പററി അത്ഭുതം പ്രകടിപ്പിക്കയും ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഈ ചുരുങ്ങിയ കാലത്തിനിടയിൽ ഇവിടെ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെപ്പററി ഇൻഡ്യാഗവമ്മെന്റിനെ മുക്തകണ്ഠം അഭിനന്ദിക്കുകയും ചെയ്യുകയുണ്ടായല്ലോ. റഷ്യൻ വിപ്ലവം ആരംഭിച്ചിട്ട് മുപ്പത്തിയെട്ടുകൊല്ലമായിട്ടും അവിടത്തെ സാമാന്യജനങ്ങളുടെ സ്ഥിതി ഗണ്യമായരീതിയിൽ അഭിവൃദ്ധിപ്പെടുകയോ ജീവിതത്തോതു ഉയരുകയോ ചെയ്യുകയുണ്ടായിട്ടില്ല. റഷ്യയിൽ ഉണ്ടായിട്ടുണ്ടെന്നു പറയുന്ന സാമ്പത്തികാഭിവൃദ്ധി എത്രയോകോടി ജനങ്ങളെ കൊന്നൊടുക്കിയതിന്റെ ഫലമായിട്ടാണ് ഉണ്ടായിട്ടുള്ളതെന്നും റഷ്യൻനേതാക്കൾ സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഇൻഡ്യയിൽ ഈ ചുരുങ്ങിയ കാലംകൊണ്ട് ഇത്ര അത്ഭുതകരമായിട്ടുള്ള അഭിവൃദ്ധി ഉണ്ടായിട്ടുള്ളതു ഇൻഡ്യയിലെ ജനങ്ങളിൽ ഗവമ്മെന്റിനെ അനുകൂലിക്കാത്തവരെയെല്ലാം കൊന്നൊടുക്കിയിട്ടോ, ബലപ്രയോഗംമൂലം അടിമത്തത്തിൽവച്ചുകൊണ്ടോ അല്ല; ഇൻഡ്യ പുലർത്തിക്കുന്നതു യഥാർത്ഥമായ സ്വാതന്ത്ര്യത്തിന്റെകൂടെയും ഡെമോക്രസിവഴിയായിട്ടുമാണെന്നു റഷ്യൻനേതാക്കൾക്കു ഇൻഡ്യാസന്ദർശനത്തിന്റെ ഫലമായി മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുമെന്നതിനു സംശയമില്ല. റഷ്യയിൽ നിലവിലിരിക്കുന്ന ഭീകരഭരണത്തേക്കാൾ, ജനങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ഇൻഡ്യയിലെ ജനകീയഭരണം എത്രയോ ശ്രേഷ്ഠവും അഭിലഷണീയവുമാണെന്നു റഷ്യൻനേതാക്കളുടെ ഇൻഡ്യാസന്ദർശനംമൂലം ഗ്രഹിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതു അവക്കു ഗണ്യമായ ഒരു നേട്ടമായിരിക്കും. നെഹ്റു കമ്മ്യൂണിസത്തെ താലോലിക്കുകയോ കമ്മ്യൂണിസം ഇൻഡ്യയിൽ പ്രചരിപ്പിച്ച് ഇൻഡ്യയെ ഒരു കമ്മ്യൂണിസ്റ്റു രാഷ്ട്രമാക്കിത്തീർക്കാൻ ശ്രമിക്കുകയോ ചെയ്യുകയില്ലെന്നുള്ളതു നിശ്ചയമത്രെ.

—o—

(2-ാംപേജ് തുടർച്ച)

സംഭാഷണവിഷയം മാററുവാൻ കയ്യാഫാസ് ചെയ്ത ശ്രമം ഫലിച്ചു. ആക്രമണസംരംഭത്തിൽ നിന്നു സ്വയംപരിരക്ഷാശ്രമത്തിലേക്കു സെബുലോൻ റാബ്ബി വ്യതിയാനം ചെയ്തു. ആ അവസരം ഉപയോഗപ്രദമാക്കുവാൻ അന്നാസ് ദത്തശ്രദ്ധനുമായി.

ജ്യായസ്സായ സെബുലോനോടു അനുനാപരമായി അന്നാസ് തുടർന്നു സംസാരിച്ചു; "സെബുലോൻ റാബ്ബി, യഹോവാ അങ്ങയെ തീർത്തും ബുദ്ധിശൂന്യനാക്കിയിരിക്കുകയാണോ? ഞാൻ പറയുന്നതു എന്തായാലും ഒന്നു ശ്രദ്ധിച്ചു കേൾക്കൂ. ഈ നസ്രായൻ പുറജാതികളെക്കാളും ഹേറോദേ മഹാന്റെ കൊട്ടാരത്തിൽ അധിവാസമുറപ്പിച്ചിരിക്കുന്ന ആ ഗാംഭീകനെക്കാളും, റോമായിലുള്ള ചക്രവർത്തിയെക്കാളും വളരെയധികം ഉപദ്രവകാരിയാണ്. പരമോന്നതനായ യഹോവായ്ക്കു ആക്ഷേപകരമാണ് അയാളുടെ ഉപദേശങ്ങൾ. ദൈവത്തിന്റെ പുത്രനെന്നല്ലേ അവൻ സ്വയം ഘോഷിക്കുന്നതു? അയാൾ ദൈവാലയത്തെപ്പററിയും നാം അവിടെ അർപ്പിക്കാറുള്ള ബലികളെപ്പററിയും അവജ്ഞാപൂർവ്വമല്ലേ സംസാരിക്കുക? അവൻ ശാബദലംഘിക്കുകയും പുറജാതികളോടും പരസ്യപാപികളോടും സമ്പർക്കത്തിലേർപ്പെടുകയും ചെയ്യുന്നില്ലേ? അയാളുടെ ആസന്ധ്യംമൂലം അയാൾ ചെയ്തിട്ടുള്ള പാപകൃത്യങ്ങളെപ്പററി എന്തു പറയുവാനാണ്. അവ നമുക്കെല്ലാമറിയാം."

കിഴവൻ സെബുലോൻ ഭോഷാകുലനായി. അദ്ദേഹത്തിന്റെ നയനങ്ങൾ തിളങ്ങി; "മുഖ്യപുരോഹിതാ, അങ്ങു പറയുന്നതു അസത്യം, പൂച്ചില്ലാത്ത അസത്യമാകുന്നു."

(തുടരും)


## സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ട് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുണ്ണിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജാരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1 ക്ക് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ട് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ടു നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജാരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്ക് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ട് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്ക് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിന്റേയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പ്, പുളി, എരുവ് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈരു്, മോരു്, കടല, പയറ്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നത്ര ഉപേക്ഷിക്കുന്നതു് താമസംവിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണ്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണ്.

### കാളൻ'സ് സെയിൽസ് ഡിപ്പോകൾ

കണ്ണൂർ: കാംബസാർ ഈസ്റ്റ്.
തൃശ്ശൂർ: മുൻസിപ്പൽ ആപ്പീസ് റോഡ്.
തലശ്ശേരി: മിഷ്യൻ സ്കൂളിനുസമീപം.
എറണാകുളം: കാനൻ ഷെഡ് റോഡ്.
കോഴിക്കോട്: S. M. സ്ട്രീറ്റ്.
കോട്ടയം: പുളിമൂട്ടിൽ കവല.
കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീറ്റ്.
ആലപ്പുഴ: ബോട്ടുജെട്ടിക്ക് സമീപം.
പാലക്കാട്: കോർട്ട് റോഡ്.
കൊല്ലം: മെയിൻ റോഡ്.
തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

### കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നും കാണുന്നുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

TELEGRAM:
KALAN, Alagappanagar.

**കാളൻ, നെല്ലായി.**


## ഇസ്രായേൽ ഗവമ്മെന്റ്

## നഷ്ടപരിഹാരം ചെയ്തു

കഴിഞ്ഞ അറബി-യഹൂദസമരകാലത്തു നശിപ്പിക്കപ്പെടുകയും കണ്ടുകെട്ടപ്പെടുകയും ചെയ്ത കത്തോലിക്കരുടെവക പള്ളികളുടേയും വസ്തുവകകളുടേയും നഷ്ടപരിഹാരം ഇസ്രായേൽ ഗവമ്മെന്റ് ഇപ്പോൾ നൽകിയിരിക്കുന്നു. കണ്ടുകെട്ടപ്പെട്ടിരുന്ന സ്ഥലങ്ങൾ മടക്കിക്കൊടുക്കുകയും നാശനഷ്ടങ്ങൾക്കു ഒരു സംഖ്യ പ്രതിഫലം നൽകുകയുംചെയ്തു. തുക വെളിപ്പെടുത്തപ്പെട്ടിട്ടില്ല. മോൺ: അന്റോണിയോ വെർഗാനിതക്കങ്ങൾ നീതിപൂർവ്വം അവസാനിപ്പിച്ചതിൽ ഇസ്രായേൽ ഗവമ്മെന്റു പ്രദർശിപ്പിച്ച സന്മനോഭാവത്തിനു നന്ദിപ്രകടിപ്പിച്ചു.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam February 1, 1956 No. 25

"ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

## "ചുവന്നലില്ലി"

### വിശുദ്ധ മരിയഗൊരേററി



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ആശങ്കകളുടെ ദിവസങ്ങളെ മരിയേററാ ഓരോന്നായി തള്ളിവിടുകയാണ് അവളുടെ ജീവിതത്തിൽ. അലക്സാണ്ടറുടെ അലട്ടുകൾ അനുദിനം വർദ്ധിച്ചുവരുന്നു. നിരാശകൊണ്ടു ക്രുദ്ധനായ ആ വ്യാഘ്രം ഏതുനേരത്താണ് ഈ പിഞ്ചു മാൻപേടയെ ആക്രമിക്കുകയെന്നു അവൾക്കു രൂപമില്ല. സർവ്വശരണവും ആ പുണ്യബാലിക ദൈവത്തിലും അവിടുത്തെ അമലയായ അമ്മയിലും നിക്ഷേപിച്ചു. പരിശുദ്ധ അമ്മ അവളെ കൈവിട്ടില്ല.

"മരിയേററാ, വരണം, അകത്തേക്കു വരണം" ക്രുദ്ധനായ അലക്സാണ്ടർ ആജ്ഞാപിച്ചു. മരിയേററാ വീട്ടിൽ തനിച്ചിരുന്നു പഴയ ഉടുപ്പു തുന്നുകയാണ്, അലക്സാണ്ടറിനുവേണ്ടി. കൊച്ചുകുഞ്ഞു താഴെകിടന്നു കളിക്കുന്നു. കുടുംബാംഗങ്ങളെല്ലാം വയലിൽ ജോലിയിലാണ്. മരിയേററാ എന്തു ചെയ്യും? ദൃഢമായി അവൾ ഉത്തരിച്ചു: "ഇല്ല, മരിച്ചാലും ഞാൻ വരികയില്ല." "പാപത്തെക്കാൾ മരണം" എന്നുള്ള അവളുടെ ദൃഢനിശ്ചയത്തിൽനിന്നു അവളെ വ്യതിചലിപ്പിക്കാൻ ആ പൈശാചികമനുഷ്യനു സാദ്ധ്യമല്ല. അവൻെറ പരാജയം രക്തദാഹമായി മാറി. കഠാരി വലിച്ചൂരിയെടുത്തു് ആ പിഞ്ചുബാലികയുടെ ദേഹത്തിൽ പതിന്നാലു കുത്തുകൾ കുത്തി. രക്തത്തിൽ കുളിച്ചു് അവൾ അവശയായി നിലത്തുവീണു. രക്തതടാകത്തിൽ മുങ്ങിക്കിടക്കുന്ന ലില്ലിപ്പുഷ്പം! "ചുവന്ന ലില്ലി!!"

ആളുകൾ ഓടിയെത്തി. മരിയേററായുടെ വത്സലമാതാവും അവളുടെ അരികെ വന്നുചേർന്നു. ഉടനെതന്നെ മരിയേററായെ ആശുപത്രിയിൽ കൊണ്ടുപോയി വേണ്ട പരിചരണങ്ങൾ നടത്തി ജീവൻേറയും മരണത്തിൻേറയും ഇടയിൽക്കിടന്നു പിടയുകയാണ് ആ മാൻപേട. വല്യേട്ടൻ



57-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—കരുണ

## പ്രശ്നം നമ്പ്ര് 58

(ടി. എസ്. ബേബി, എറണാകുളം)

ലോകത്തിൽ എന്നെപ്പററി ചിന്തിക്കാത്ത മനുഷ്യരില്ല. എന്നെ ചിലർക്കിഷ്ടമാണ്; ചിലർക്കിഷ്ടമല്ല. എൻെറ പേരിനു നാലക്ഷരമുണ്ടു്. ഒന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ സാധാരണമായ ഒരു രോഗമാകും; മൂന്നും നാലും അക്ഷരങ്ങൾ ചേർന്നാൽ ശരീരത്തിലെ ശ്രേഷ്ഠമായ ഒരു ഭാഗമാകും. എൻെറ പേരിലെ ആദ്യക്ഷരം ചുവരിലുണ്ടു്, തറയിലില്ല; രണ്ടാമത്തെ അക്ഷരം താമരയിലുണ്ടു്, ആമ്പലിലില്ല; മൂന്നാമത്തെ അക്ഷരം ലതയിലുണ്ടു്, വള്ളിയിലില്ല; അവസാനാക്ഷരം കലപ്പയിലുണ്ടു്, കാളയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## രണ്ടു കത്തുകൾ

(അലക്സാണ്ടർ ചെമ്പിത്താനം No. 7)

"അമ്മച്ചീ! ഈ ലില്ലിക്കുട്ടിയേ അങ്ങോട്ടൊന്നു വിളിച്ചേ, അവളെൻെറ പുസ്തകമെല്ലാം കീറുവാ" ലില്ലിയുടെ കൈയിൽനിന്നും പുസ്തകം പിടിച്ചുവാങ്ങിക്കൊണ്ടു്, അവളെക്കൊണ്ടു പൊറുതിമുട്ടിയ ടോമി വിളിച്ചുപറഞ്ഞു.

"ഞാം കീറും അമ്മച്ച്യൊന്നും പറയുല്ലല്ലോ?" അവൾ പിന്മാറാൻ ഒരുങ്ങിയില്ല.

"ഉം! എന്നാലൊന്നെടുത്തെ" അവനും അരിശം മൂത്തു.

"ങ്ഹേ! എന്നാടുക്കം." ഒരു പുസ്തകവുമെടുത്തു് അവൾ ഓടാൻ ഭാവിച്ചു. ടോമി അതു് തിരിച്ചുവാങ്ങിക്കൊണ്ടു് ആ കൊച്ചിളം കണ്ണത്തിൽ ചെറുതായൊന്നു നുള്ളി. അതിൻെറ ചെറുതായ വേദന അവളുടെ ഉള്ളിൽ തിങ്ങിനിന്നിരുന്ന "അണ"യെ തകർത്തു. നേത്രങ്ങളിലൂടെ ജലപ്രവാഹവും വക്ത്രത്തിലൂടെ ഇരമ്പലും തുടങ്ങി.

അവളുടെ കരച്ചിൽ കേട്ടാണു് അങ്ങേതിലെ കുത്രിച്ചേടത്തിയുമായി നാട്ടുവിശേഷങ്ങൾ പറയാൻ പോയിരുന്ന ചിന്നമ്മ ഓടിയെത്തിയതു്. തൻെറ ഏകപുത്രി! മോഹിച്ചുമോഹിച്ചു കാത്തിരുന്നു്, അഞ്ചാൺമക്കളുടെ മദ്ധ്യത്തിൽ, വി. കൊച്ചുത്രേസ്യായുടെ പ്രത്യേക മാദ്ധ്യസ്ഥതാൽ വന്നുപതിച്ച ആ മാൻകുഞ്ഞ് കരയുകയോ? അതു കേൾക്കുവാൻ ആ മാതൃഹൃദയത്തിനു കഴിവുപോരാ.

ടോമിയെ ചൂണ്ടി മുറവിളി കൂട്ടുന്ന ലില്ലിയെ എടുത്തു തോളിലിട്ട ശേഷം ആ മാതാവു് ടോമിയുടെ നേരെ തിരിഞ്ഞു. ഇതിനു കാരണക്കാരനായ അവൻെറ നേരെ ശകാരങ്ങളാകുന്ന മലപ്പടക്കം പൊട്ടിക്കാൻ തുടങ്ങി. ചെറുതായൊരു താടനവും. ആ അശ്രുപൂർണ്ണനേത്രൻ പറഞ്ഞുപോയി "കർത്താവേ! ഈ അമ്മച്ചി ചെയ്യുന്നതെന്തെന്നറിയായ്കയാൽ, അമ്മച്ചിയോടു് ക്ഷമിക്കണേ" എന്നു്. ഈ വാക്യശകലങ്ങൾ മേഘജാലങ്ങളേയും തട്ടിത്തകർത്തുകൊണ്ടു് പരംപൊരുളിൻെറ പാദാന്തികത്തിലെത്തിയിട്ടുണ്ടാവും.

കാലമാകുന്ന നടൻ നടനങ്ങൾ പലതു നടത്തിക്കഴിഞ്ഞു. ചാക്കോച്ചൻ—ചിന്നമ്മയുടെ ഭർത്താവു്—മലയായിൽ ഉദ്യോഗത്തിലാണു്. ടോമി സിക്സ്ത്തുഫോറം പാസ്സായി കഴിഞ്ഞു. തൻെറ സഹോദരങ്ങൾ ബോർഡിംഗുകളിൽ ചേർന്നു് അദ്ധ്യയനം തുടരുകയാണു്. ചെറിയ ചെറിയ തോതിൽ പണസമ്പാദനവും, കിട്ടുന്ന പണം വേദപ്രചാരപ്പെട്ടിയിൽ നിക്ഷേപിക്കലുമാണു് ടോമിയുടെ ഹോബി. പോരെങ്കിൽ അവൻ മിഷ്യൻലീഗിൻെറ സെക്രട്ടറിയുമാണു്.

എന്നാൽ ലില്ലിക്കുട്ടി വീട്ടിൽ തന്നെ താമസിച്ചുകൊണ്ടു് അടുത്തുള്ള ഹൈസ്കൂളിൽ സിക്സ്ത്തുഫോമിൽ പഠിക്കുന്നു. അവളോടുള്ള പ്രത്യേകവാത്സല്യം ദൂരദിക്കുകളിൽ അയക്കുന്നതിൽനിന്നും ആ മാതാവിനെ വിരമിപ്പിച്ചു. സ്കൂളിൽ പോകാൻ തയാറെടുക്കുന്ന ലില്ലിയുടെ ആപ്പിൾപഴംപോലുള്ള ചുണ്ടിൽ ലിപ്സ്റ്റിക്കു് പുരട്ടുന്നതിനും, വദനത്തിൽ കുട്ടിക്കൂറാ പൂശുന്നതിനും കബരിഭരത്തെ പാറാവളയത്തിലാക്കുന്നതിനുമെല്ലാം കലാവൈദഗ്ദ്ധ്യമുള്ള ആ മാതൃഹസ്തം ഉപയോഗപ്പെടുത്താറുണ്ടു്. അങ്ങനെ സ്കൂളിലേക്കു് പറന്നുപോകുന്ന ആ പൂമ്പാററയെ എത്രനേരം അവർ നോക്കിനില്ക്കാറുണ്ടെന്നോ.

പക്ഷെ ടോമി ഇതൊട്ടും ഇഷ്ടപ്പെടാറില്ല. അവൻ പലപ്പോഴും പറയാറുണ്ടു്, "അമ്മച്ചീ, ലില്ലിക്കുട്ടിയെ ഇങ്ങനെ നിഗളിപ്പിക്കല്ലേ" എന്നു്. അതിനു ചിന്നമ്മയുടെ കൈയിലിരിക്കുന്ന വിറകുമുട്ടിയായിരിക്കും ഉത്തരം പറയാറുള്ളതു്.

ഒരിക്കൽ അങ്ങേതിലെ കുത്രിച്ചേടത്തി പറഞ്ഞു: "കേട്ടോ ചിന്നമ്മേ, ഓരോരുത്തരെന്തെല്ലാമാ ലില്ലിക്കുട്ടിയെപ്പററി പറയുന്നതെന്നറിയാമോ? ഇന്നലെ ഞാൻ പീടികയിൽപോയപ്പോഴ് ആ കുട്ടപ്പൻ പറയുവാ ലില്ലിക്കുട്ടി, ആരാണ്ടെ രയിസറുവിവാഹം ചെയ്യാൻ പോവാണെന്നു്."

ചിന്നമ്മ മൂക്കത്തു വിരൽവച്ചുപോയി. "കഷ്ടം! ഈ നാട്ടുകാരെല്ലാം അസൂയാകുക്ഷികളായിപ്പോയല്ലോ" എന്നു് ആത്മഗതംചെയ്തുകൊണ്ടു് ചേടത്തിയോടു പറഞ്ഞു: "എൻെറ ചേടത്തീ! എൻെറ ലില്ലിപ്പെണ്ണു് എത്ര നല്ലവളാണെന്നറിയാമോ? അവളിൽനിന്നിങ്ങനെ ഒന്നുണ്ടാകുവേൽ ഈ ഉള്ളംകൈയിൽനിന്നു ഞാൻ രോമംപറിച്ചുതരാം. പാവം! ചേടത്തി അതെല്ലാമങ്ങു വിശ്വസിച്ചു."

x x x

മാസം രണ്ടുമൂന്നു പറയത്തക്ക സംഭവവികാസങ്ങളൊന്നും കൂടാതെ കടന്നുപോയി. ഒരു വെള്ളിയാഴ്ച. നേരം അധികം പുലർന്നിട്ടും ലില്ലിക്കുട്ടിയുടെ മുറി തുറന്നു കണ്ടില്ല. "പാവം! ഉറങ്ങുകയായിരിക്കും; ഉറങ്ങിക്കൊള്ളട്ടെ" ആ മാതാവു് ആത്മഗതം ചെയ്യുകയാണു്. മണി പത്തോടടുക്കുന്നു. മുറി തുറക്കുന്നില്ല! അവർ കതകിൽ തട്ടിനോക്കി. അത്ഭുതമേ! മുറി പൂട്ടിയിട്ടില്ല. ലില്ലിയും അതിനുള്ളിലില്ല! ചിന്നമ്മയുടെ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1